# സ്പർശം

അർഹതയുള്ള എല്ലാവരിലേക്കും

നഗരസഭാതല കാമ്പയിൻ

# തുടർ പ്രവർത്തനങ്ങൾ

# ഉള്ളടക്കം


| ക്രമ നം. | വിഷയം | പേജ് നമ്പർ |
|---|---|---|
| 1 | എക്സിക്യൂട്ടീവ് ഡയറക്ടറുടെ സന്ദേശം | 5 |
| 2 | സ്പർശം ക്യാമ്പയിൻ സർക്കുലർ | 6 |
| 3 | സ്പർശം ക്യാമ്പയിൻ ഡാററ | 30 |
| 4 | സ്പർശം ക്യാമ്പയിൻ തുടർപ്രവർത്തനങ്ങൾ സംബന്ധിച്ച പരിപത്രം | 34 –53 |
| 4.1 | സ്പർശം ക്യാമ്പയിൻ സ്ഥിതിവിവരങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കുന്നത് | 34 |
| 4.2 | സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ - സ്പർശം ക്യാമ്പയിൻ – തുടർപ്രവർത്തനങ്ങൾ – അയൽക്കൂട്ടങ്ങളുടെ 100% ലിങ്കേജ് | 37 |
| 4.3 | കുടുംബശ്രീ - കുടുംബശ്രീ എൻ.യു.എൽ.എം- സ്പർശം ക്യാമ്പെയിൻ സെൽഫ് എംപ്ലോയ്മെന്റ് പ്രോഗ്രാം - തുടർ പ്രവർത്തനങ്ങൾ | 43 |
| 4.4 | ദേശീയ നഗര ഉപജീവന ദൗത്യം അയൽക്കൂട്ടങ്ങളുടെ പുനരുജ്ജീവനം | 47 |
| 4.5 | കുടുംബശ്രീ - ദേശീയ നഗര ഉപജീവന ദൗത്യം - പുതിയ അയൽക്കൂട്ട ങ്ങളുടെ രൂപീകരണം | 50 |
| 4.6 | കുടുംബശ്രീ സ്പർശം ക്യാമ്പെയ്നിൽ കണ്ടെത്തിയ നഗര ദരിദ്രർക്ക് നൈപുണ്യ പരിശീലനവും അനുബന്ധ സേവനങ്ങളും നൽകുന്നത് സംബന്ധിച്ച് | 52 |
| 5 | പ്രവർത്തന കലണ്ടർ | 56 –61 |
| 5.1 | അയൽക്കൂട്ടങ്ങളുടെ 100% ലിങ്കേജ് | 56 |
| 5.2 | സെൽഫ് എംപ്ലോയ്മെന്റ് പ്രോഗ്രാം | 58 |
| 5.3 | അയൽക്കൂട്ടങ്ങളുടെ പുനരുജ്ജീവനം | 59 |
| 5.4 | പുതിയ അയൽക്കൂട്ടങ്ങളുടെ രൂപീകരണം | 60 |
| 5.5 | നഗര ദരിദ്രർക്ക് നൈപുണ്യ പരിശീലനവും അനുബന്ധ സേവനങ്ങളും | 61 |
| 6 | നഗരസഭ പ്രവർത്തന റിവ്യൂ ഫോർമാറ്റ് | 62 |



**എസ്. ഹരികിഷോർ ഐ.എ.എസ്**
**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**

# സന്ദേശം

നഗരസഭകളും കുടുംബശ്രീയും തമ്മിലുള്ള സംയോജനം ശക്തിപ്പെടുത്തി ദാരിദ്ര്യ ലഘൂകരണത്തിനും അടിസ്ഥാന സൗകര്യ വികസനത്തിനും ഉതകുന്ന പദ്ധതികൾ നടപ്പിലാക്കി നഗര ദരിദ്രർക്ക് പരമാവധി പ്രയോജനം ലഭ്യമാക്കുന്നതിന് 2018-19 വർഷത്തിൽ കുടുംബശ്രീ ലക്ഷ്യമിട്ടിട്ടുണ്ട്. ഇതിന്റെ ഭാഗമായി എല്ലാ നഗരസഭകളിലും കുടുംബശ്രീ 'സ്പർശം' എന്ന പേരിൽ ക്യാമ്പയിൻ സംഘടിപ്പിച്ചിരുന്നു. നഗര ദരിദ്രരെ കുടുംബശ്രീ സംവിധാനത്തിൽ ഉൾപ്പെടുത്തൽ, സ്വയംതൊഴിൽ - വേതനാധിഷ്ഠിത തൊഴിൽ ആവശ്യമുള്ള വ്യക്തികളെ കണ്ടെത്തി ഇവർക്കാവശ്യമായ പിന്തുണ ലഭ്യമാക്കൽ, അയൽക്കൂട്ടങ്ങളുടെ ലിങ്കേജ് വായ്പ ത്വരിതപ്പെടുത്തൽ എന്നിവയായിരുന്നു ഈ ക്യാമ്പയിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

2018 ഫെബ്രുവരി 20 മുതൽ മാർച്ച് 19 വരെ നടത്തിയ ക്യാമ്പയിനിൽ കുടുംബശ്രീ സംവിധാനത്തിൽ ഉൾപ്പെടാത്ത വ്യക്തികളെ സംബന്ധിച്ചും തൊഴിൽ ആവശ്യമായ വ്യക്തികളെ സംബന്ധിച്ചുമുള്ള കണക്കുകൾ ലഭ്യമായിട്ടുണ്ട്. അർഹരായ മുഴുവൻ വ്യക്തികൾക്കും ആവശ്യമായ സഹായം ലഭ്യമാക്കി ക്യാമ്പയിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ പൂർത്തിയാക്കുന്നതിന് ഒട്ടേറെ തുടർ പ്രവർത്തനങ്ങൾ അനിവാര്യമാണ്.

കുടുംബശ്രീ സംവിധാനത്തിന് പുറത്തുനിൽക്കുന്നതും താത്പര്യമുള്ളതുമായ വ്യക്തികളെ ചേർത്ത് പുതിയ അയൽക്കൂട്ടങ്ങൾ രൂപീകരിക്കുക. ഇവർക്ക് ബാങ്ക് വായ്പ ലഭ്യമാക്കൽ, പ്രവർത്തനരഹിതമായ അയൽക്കൂട്ടങ്ങളെ പ്രവർത്തനനിരതമാക്കൽ, തൊഴിൽ ആവശ്യമായ മുഴുവൻ വ്യക്തികൾക്കും തങ്ങളുടെ അഭിരുചിക്കനുസരിച്ച് സ്വയംതൊഴിൽ/വേതനാധിഷ്ഠിത തൊഴിൽ ലഭ്യമാക്കൽ എന്നിവ ഇത്തരത്തിൽ കണ്ടെത്തിയ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുകയാണ് നടപ്പു വർഷത്തിൽ കുടുംബശ്രീ ലക്ഷ്യമിടുന്നത്. നഗരസഭകളുടെ പദ്ധതികളും കുടുംബശ്രീ പദ്ധതികളും സംയോജിപ്പിച്ച് ആയതിന്റെ ഗുണം ഇവർക്ക് ലഭ്യമാക്കിയാൽ നഗരമേഖലയിൽ ദാരിദ്ര്യത്തിന്റെ അളവ് പരമാവധി കുറയ്ക്കാൻ നമുക്ക് കഴിയും.

സ്പർശം ക്യാമ്പയിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും, സ്പർശം ക്യാമ്പയിനിലൂടെ കണ്ടെത്തിയ വിവരങ്ങളും, കണ്ടെത്തലുകളും നടത്തേണ്ട തുടർപ്രവർത്തനങ്ങളും സംബന്ധിച്ച വിവരങ്ങൾ ഈ പുസ്തകത്തിൽ ഉള്ളടക്കം ചെയ്തിട്ടുണ്ട്. നഗരങ്ങളിൽ ദാരിദ്ര്യത്തിന്റെ അളവ് പരമാവധി കുറയ്ക്കുന്നതിന് ഏറ്റെടുത്തിട്ടുള്ള പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും നഗരസഭ-കുടുംബശ്രീ സംയോജനത്തിലൂടെ ഒട്ടേറെ മാതൃകകൾ സൃഷ്ടിക്കുന്നതിനും ഈ വർഷം സാധിക്കട്ടെ എന്ന് ആശംസിച്ചുകൊണ്ട് നഗരസഭകളുടെ അകമഴിഞ്ഞ സഹകരണം അഭ്യർത്ഥിക്കുന്നു.



എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ

9153/എഫ്/2015/കെഎസ്എച്ച്ഒ 06/02/2018

## സർക്കുലർ

വിഷയം: കുടുംബശ്രീ - നഗരപ്രദേശങ്ങളിൽ കുടുംബശ്രീ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് - 'സ്പർശം' ക്യാമ്പെയിൻ - സംഘടിപ്പിക്കുന്നത് - സംബന്ധിച്ച്.
സൂചന: 29/12/17 ലെ എക്സിക്യൂട്ടീവ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ നടത്തിയ എൻ.യു.എൽ.എം. അവലോകന യോഗത്തിലെ തീരുമാനങ്ങൾ

ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും ദരിദ്രരുടെ നിരവധി ആവശ്യങ്ങൾക്ക് പരിഹാരമായും കുടുംബശ്രീ മിഷൻ നിരവധി പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനത്തിലൂടെയും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയുമാണ് ഈ പദ്ധതികൾ നടപ്പിലാക്കുന്നത്. ഗ്രാമ-നഗര പ്രദേശങ്ങളിൽ ഒരേ രീതിയിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ നടത്തിപ്പ് വിലയിരുത്തുമ്പോൾ നഗരപ്രദേശങ്ങളിൽ ഈ പദ്ധതികളുടെ പ്രയോജനം നഗര ദരിദ്രരിലേയ്ക്ക് എത്തിക്കുന്നതിനും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പിന്തുണ ഉറപ്പുവരുത്തുന്നതിനും കുടുംബശ്രീ മിഷൻ ഏറെ മുന്നോട്ടു പോകേണ്ടതുണ്ട് എന്ന് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്.

നഗരപ്രദേശങ്ങളിലൂടെ തുടക്കം കുറിച്ച് സംസ്ഥാനമൊട്ടുക്ക് വ്യാപിപ്പിച്ച കുടംബശ്രീ പ്രവർത്തനങ്ങൾ നഗരപ്രദേശങ്ങളിൽ ശക്തിപ്പെടുത്തി പരമാവധി നഗര ദരിദ്രരിലേയ്ക്ക് എത്തിക്കുന്നതിന് ഒരു പ്രത്യേക കാമ്പെയിൻ കുടുംബശ്രീ ലക്ഷ്യമിടുന്നു. കുടുംബശ്രീ സംഘടനാ സംവിധാനത്തെ ശക്തിപ്പെടുത്തി നഗരസഭകളുടെ പിന്തുണ ഉറപ്പാക്കി, വിവിധ പദ്ധതികൾ നഗരദരിദ്രരിലേക്ക് എത്തിക്കുന്നതിലേയ്ക്കുള്ള ശ്രമമാണിത്. 2018 ഫെബ്രുവരി 20 മുതൽ മാർച്ച് 19 വരെയാണ് കാമ്പെയിൻ നടപ്പിലാക്കുന്നത്. അയൽക്കൂട്ട-എഡിഎസ്-സിഡിഎസ് ഭരണ സമിതി ഭാരവാഹികളുടെ സഹകരണം ഉറപ്പുവരുത്തുന്ന കാമ്പെയിൻ 'സ്പർശം' സമയബന്ധിതമായി പൂർത്തിയാക്കി, 2018-19 സാമ്പത്തിക വർഷത്തെ കർമ്മ പദ്ധതി തയ്യാറാക്കുന്നതിന് ഘട്ടം ഘട്ടമായുള്ള പ്രവർത്തനങ്ങളും ഉദ്ദേശ്യ ലക്ഷ്യങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ ചുവടെ ചേർക്കും പ്രകാരം പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

## ഉദ്ദേശ്യ ലക്ഷ്യങ്ങൾ

1. നഗര പ്രദേശങ്ങളിലെ കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനം ശക്തിപ്പെടുത്തൽ.
2. നഗര അയൽക്കൂട്ടങ്ങളുടെ പ്രവർത്തനം വിലയിരുത്തി അയൽക്കൂട്ടങ്ങളുടെ പുനരുദ്ധാരണം, ആവശ്യമായ സഹായം ലഭ്യമാക്കൽ.
3. അയൽക്കൂട്ട ഗ്രേഡിംഗ്, ലിങ്കേജ് പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തൽ
4. നഗര പ്രദേശങ്ങളിലെ അയൽക്കൂട്ടങ്ങളുടെ ലിങ്കേജ് വായ്പ പ്രവർത്തനങ്ങൾ 100% ആക്കൽ
5. കുടുംബശ്രീ സംഘടനാ സംവിധാനത്തിൽ ഉൾപ്പെടാത്തവരെ ഉൾക്കൊള്ളിച്ച് സാധ്യതയ്ക്കനുസരിച്ച് അയൽക്കൂട്ടങ്ങൾ പുതുതായി രുപീകരിക്കൽ
6. നഗര പ്രദേശങ്ങളിലെ പ്രവർത്തനരഹിതമായ അയൽക്കൂട്ടങ്ങളെ കണ്ടെത്തി പ്രവർത്തനക്ഷമമാക്കൽ
7. നഗരപ്രദേശങ്ങളിൽ നടപ്പിലാക്കുന്ന എൻ.യു.എൽ.എം./പിഎംഎവൈ പദ്ധതികൾ അയൽക്കൂട്ട ഭാരവാഹികൾക്ക് പരിചയപ്പെടുത്തൽ
8. അയൽക്കൂട്ടാംഗങ്ങളെ വികസന പ്രക്രയയിൽ പങ്കാളികളാക്കൽ
9. എൻ.യു.എൽ.എം. പദ്ധതി പ്രകാരം വേതനാധിഷ്ഠിത സ്വയംതൊഴിൽ മേഖലകളിലേയ്ക്ക് തല്പരരായ വ്യക്തികളെ കണ്ടെത്തൽ
10. സ്വയംതൊഴിൽ സംരംഭങ്ങൾ തുടങ്ങാൻ താൽപ്പര്യപ്പെടുന്നവരെ കണ്ടെത്തി സംരംഭം ആരംഭിക്കുന്നതിനുള്ള സഹായം ലഭ്യമാക്കൽ
11. പിഎംഎവൈ പദ്ധതി പ്രകാരമുള്ള ഗുണഭോക്താക്കൾക്ക് എൻയുഎൽഎം പദ്ധതിയുടെ എസ്.ഇ.പി., ഇ.എസ്.റ്റി.&പി. ഘടകങ്ങൾ വഴി തൊഴിൽ അവസരം ലഭ്യമാക്കുന്നതിന്റെ സാധ്യത പരിചയപ്പെടുത്തൽ
12. എസ്.ജെ.എസ്.ആർ.വൈ., എൻ.യു.എൽ.എം., ലിങ്കേജ് ലോൺ വഴി നഗര പ്രദേശങ്ങളിൽ സംരംഭം ആരംഭിച്ചിട്ടുള്ള വ്യക്തി/ഗ്രൂപ്പ് സംരംഭകർക്ക് കുടുംബശ്രീ നടപ്പിലാക്കുന്ന അധിക ധനസഹായ പദ്ധതികളുടെ (Technology Fund, Technology Upgradation Fund, Revolving Fund, Second Dose Assistance, Innovation Fund) പ്രയോജനം പരിചയപ്പെടുത്തൽ
13. മുദ്ര ലോൺ ഗുണഭോക്താക്കൾക്ക് എൻ.യു.എൽ.എം. മാനദണ്ഡ പ്രകാരം പലിശ സബ്സിഡി ലഭ്യമാക്കുന്നതിന്റെ സാധ്യത പരിചയപ്പെടുത്തൽ
14. തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണം പദ്ധതി നടത്തിപ്പിന് ഉറപ്പാക്കൽ.
15. 2018-19 സാമ്പത്തിക വർഷത്തെ എൻ.യു.എൽ.എം. വാർഷിക കർമ്മ പദ്ധതി തയ്യാറാക്കൽ.

# കാമ്പെയിൻ പ്രവർത്തനങ്ങൾ

**1. സംസ്ഥാനതല ശില്പശാല**

കാമ്പെയിൻ പ്രവർത്തനങ്ങളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ നഗരസഭാ അദ്ധ്യക്ഷന്മാർക്കും കുടുംബശ്രീ സിഡിഎസ്സിനും പരിചയപ്പെടുത്തി പ്രസ്തുത കാമ്പെയിൻ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും വേണ്ട സഹകരണം ഉറപ്പുവരുത്തുന്നതിന് സംസ്ഥാനതലത്തിൽ ശില്പശാല വിഭാവനം ചെയ്തിട്ടുണ്ട്.

നഗരസഭാ അദ്ധ്യക്ഷൻമാർ, കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, അസി. ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ (അർബൻ), നഗരസഭാ സെക്രട്ടറി, സിഡിഎസ് ചെയർപേഴ്സൺ, എൻയുഎൽഎം - പിഎംഎവൈ മിഷൻ മാനേജർമാർ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ടുള്ളതാണ് സംസ്ഥാനതല ശില്പശാല. പ്രസ്തുത ശില്പശാലയുടെ ഉത്ഘാടനവും പദ്ധതിയുടെ സംസ്ഥാനതല ലോഞ്ചിംഗും ബഹു:മാനപ്പെട്ട തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി നിർവ്വഹിക്കുന്നതാണ്.

രാവിലെ ഉദ്ഘാടന ചടങ്ങുകളും ഉച്ചയ്ക്കു ശേഷം ശില്പശാലയുമാണ് നടത്തുന്നത്. ടി സെമിനാറിൽ കാമ്പെയിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ, അയൽക്കൂട്ട-എഡിഎസ് തലത്തിൽ നടത്തേണ്ട പ്രവർത്തനങ്ങൾ, വിവരശേഖരണത്തിനുള്ള പെർഫോമ, എന്നിവ വിശദീകരിക്കും.

**2. നഗരസഭയിൽ ക്യാമ്പെയിന്റെ ഉദ്ദേശ്യലക്ഷ്യം അവതരിപ്പിക്കൽ**

നഗരസഭയിൽ നഗരസഭാ കൗൺസിൽ, മുൻസിപ്പൽ സെക്രട്ടറി, സിറ്റി പ്രോജക്ട് ഓഫീസർ, മെമ്പർ സെക്രട്ടറി, സിഡിഎസ് ഭരണ സമിതി എന്നിവരുടെ യോഗം വിളിച്ച് ചേർത്ത് ക്യാമ്പെയിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും സമയക്രമവും സിറ്റിമിഷൻ മാനേജർമാർ വിശദീകരിക്കേണ്ടതാണ്. കൗൺസിൽ യോഗത്തിൽ പ്രത്യേക അജണ്ടയായി ഈ വിഷയം ചർച്ച ചെയ്യുവാൻ നഗരസഭാ ചെയർമാൻ പ്രത്യേക താൽപ്പര്യം എടുക്കേണ്ടതാണ്. കൂടാതെ ഈ വിഷയം ചർച്ച ചെയ്യുന്നതിനായി പ്രത്യേക സിഡിഎസ് യോഗം കൂടേണ്ടതാണ്. പ്രസ്തുത യോഗത്തിൽ വച്ച് എല്ലാ സിഡിഎസ് ഭാരവാഹികൾക്കും മെമ്പർ സെക്രട്ടറിക്കും ഈ ക്യാമ്പെയിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ, സമയക്രമം എന്നിവ വിശദീകരിക്കേണ്ടതും, എഡിഎസ് തലത്തിൽ വച്ച് പ്രാഥമികമായി ശേഖരിക്കേണ്ട വിവരങ്ങളെക്കുറിച്ചും പെർഫോമ എ യും പരിചയപ്പെടുത്തേണ്ടതാണ്.

**2. വാർഡ് തലത്തിൽ അയൽക്കൂട്ടങ്ങളുടെ പട്ടിക തയ്യാറാക്കൽ**

അയൽക്കൂട്ട/എഡിഎസ് ഭാരവാഹികളുടെ യോഗം വിളിക്കുന്നതിന് വാർഡ് തലത്തിലുള്ള അയൽക്കൂട്ടങ്ങളുടേയും എഡിഎസ് ഭരണസമിതി അംഗങ്ങളുടെയും പട്ടിക സിഡിഎസ് തയ്യാറാക്കേണ്ടതും സിറ്റി മിഷൻ മാനേജർമാർക്ക് നൽകേണ്ടതുമാണ്. സിഡിഎസ് ചെയർ പേഴ്സൺ, സിഡിഎസ് അക്കൗണ്ടന്റിന്റെ സഹകരണത്തോടെ പട്ടിക തയ്യാറാക്കുന്നതിനുള്ള ചുമതല കമ്മ്യൂണിറ്റി ഓർഗനൈസർ/ മൾട്ടി ടാക്സ് പേഴ്സണമാർക്ക് നൽകേണ്ടതാണ്.

പട്ടിക ലഭ്യമായാൽ അയൽക്കൂട്ടങ്ങളുടെ എണ്ണത്തിനനുസരിച്ച് വാർഡ് തലത്തിലോ ഒന്നോ, രണ്ടോ വാർഡുകൾ സംയോജിപ്പിച്ചോ യോഗം വിളിക്കുന്നതിനുള്ള പ്ലാൻ സിറ്റി മിഷൻ മാനേജർമാർ തയ്യാറാക്കേണ്ടതാണ്. ഒരു കാരണവശാലും യോഗത്തിൽ പങ്കെടുക്കുന്നവരുടെ എണ്ണം 50 ൽ അധികരിക്കാതിരിക്കാൻ പരമാവധി ശ്രമിക്കേണ്ടതാണ്.

എഡിഎസ് ഭരണ സമിതി അംഗങ്ങൾ, വാർഡ് തലത്തിലുള്ള അയൽക്കൂട്ടങ്ങളുടെ പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ യോഗം വിളിക്കുന്നതിനാണ് ഇത്. വാർഡ് തലത്തിൽ കൂടുന്ന അയൽക്കൂട്ട ഭാരവാഹികളുടെ യോഗത്തിൽ വച്ച് ശേഖരിക്കേണ്ട വിവരങ്ങളുടെ ഫോറം (പെർഫോമ എ) യോഗം കൂടുന്നതിന് മുമ്പായി സിഡിഎസ് യോഗത്തിൽ വച്ച് ആവശ്യമായ എണ്ണം എഡിഎസ് ഭാരവാഹികൾക്ക് നൽകേണ്ടതാണ് (ഒരു യോഗത്തിന് ഒന്ന് എന്ന കണക്കിൽ)

### 3. എഡിഎസ് ഭരണ സമിതി, അയൽക്കൂട്ട പ്രസഡിന്റ്, സെക്രട്ടറിമാരുടെ യോഗം

വാർഡ് തലത്തിൽ (നിശ്ചിത എണ്ണം) അയൽക്കൂട്ടങ്ങളുടെ പ്രസിഡന്റ്, സെക്രട്ടറി, എഡിഎസ് ഭരണ സമിതി അംഗങ്ങൾ എന്നിവരുടെ യോഗം വിളിക്കേണ്ടതാണ്. ടി യോഗത്തിൽ അയൽക്കൂട്ടങ്ങളെ സംബന്ധിച്ച പ്രാഥമിക/അടിസ്ഥാന വിവരങ്ങൾ ശേഖരിക്കേണ്ടതാണ്. (പെർഫോമ-എ അനുബന്ധം -1-ആയി നൽകിയിട്ടുണ്ട്).

ടി യോഗത്തിൽ സിറ്റി മിഷൻ മാനേജർമാർ/സിഎൽറ്റിസി അംഗങ്ങൾ താഴെപറയുന്ന കാര്യങ്ങൾ നിർവ്വഹിക്കണം.

1. പെർഫോമ-എ പ്രകാരമുള്ള വിവരശേഖരണം. (പെർഫോമ എ)
2. കാമ്പെയിന്റെ പ്രസക്തി, ഉദ്ദേശ്യലക്ഷ്യങ്ങൾ എന്നിവ പരിചയപ്പെടുത്തൽ
3. എൻയുഎൽഎം പദ്ധതി പരിചയപ്പെടുത്തൽ
4. എൻയുഎൽഎം പദ്ധതി അനുശാസിക്കുന്ന പലിശ സബ്സിഡി നഗര ദരിദ്രർക്ക് ലഭ്യമാക്കിയിട്ടുള്ള മുദ്ര ലോണുകൾക്ക് ലഭ്യമാക്കുന്നതിന്റെ സാധ്യത പരിചയപ്പെടുത്തൽ
5. പിഎംഎവൈ പദ്ധതി പരിചയപ്പെടുത്തൽ
6. അയൽക്കൂട്ട യോഗത്തിൽ ചർച്ച ചെയ്യേണ്ട വിഷയങ്ങൾ പരിചയപ്പെടുത്തി സംശയ നിവാരണം നടത്തൽ.
7. അയൽക്കൂട്ട യോഗത്തിൽ നിന്ന് ലഭ്യമാക്കേണ്ട വിവര ശേഖരണ പ്രൊഫാർമ പരിചയപ്പെടുത്തൽ
8. എഡിഎസ് തലത്തിൽ ക്രോഡീകരണ ഫോറം പരിചയപ്പെടുത്തൽ
9. പുതിയ അയൽക്കൂട്ട രൂപീകരണ സാധ്യത കണ്ടെത്തൽ
10. അയൽക്കൂട്ടാംഗങ്ങളല്ലാത്ത നഗരദരിദ്രരെ കണ്ടെത്താനുള്ള മാർഗ്ഗങ്ങൾ പരിചയപ്പെടുത്തൽ
11. പ്രവർത്തന രഹിതമായ അയൽക്കൂട്ടങ്ങൾ ഏതെല്ലാമെന്നും, എന്തുകൊണ്ടാണ് അവ പ്രവർത്തനരഹിതമായതെന്നും കണ്ടെത്താനുള്ള മാർഗ്ഗങ്ങൾ പരിചയപ്പെടുത്തൽ
12. പ്രത്യേക അയൽക്കൂട്ട യോഗങ്ങൾ കൂടുന്നതിനുള്ള തീയതികൾ നിശ്ചയിക്കൽ

വാർഡുതല യോഗത്തിന്റെ ഫോട്ടോയും, വിവരശേഖരണ ഫോറത്തിലെ വിശദാംശങ്ങളും സംസ്ഥാന മിഷനിൽ നിന്നും ലഭ്യമാക്കുന്ന സോഫ്റ്റ് വെയറിൽ അപ്ഡേറ്റ് ചെയ്യേണ്ടതാണ്. ഇതിനുള്ള ഉത്തരവാദിത്വം എംടിപി മാർക്ക് നൽകേണ്ടതാണ്. കൂടാതെ, മുൻകൂട്ടി തയ്യാറാക്കിയ പട്ടികപ്രകാരമുള്ള അയൽക്കൂട്ട പ്രതിനിധികൾ ഈ യോഗത്തിൽ പങ്കെടുത്തുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്. പങ്കെടുക്കാത്ത അയൽക്കൂട്ടങ്ങളുടെ വിവരം പ്രത്യേകം രേഖപ്പെടുത്തുകയും സോഫ്റ്റ് വെയറിൽ

അപ്ഡേറ്റ് ചെയ്യേണ്ടതുമാണ്.
അയൽക്കൂട്ട യോഗത്തിൽ ചർച്ച ചെയ്ത് പൂരിപ്പിക്കേണ്ട പ്രൊഫോർമകളുടെ ഒരു കോപ്പി എഡിഎസ് പ്രസിഡന്റിന് നൽകേണ്ടതും ആവശ്യമായ എണ്ണം പകർപ്പ് എടുക്കുന്നതിനുള്ള നിർദ്ദേശം നൽകേണ്ടതുമാണ്.

**4. പ്രത്യേക അയൽക്കൂട്ട യോഗം**

എല്ലാ അയൽക്കൂട്ടങ്ങളും ക്യാമ്പെയിന്റെ ഭാഗമായി പ്രത്യേക അയൽക്കൂട്ട യോഗം കൂടുന്നതിനുള്ള നിർദ്ദേശം നൽകേണ്ടതാണ്. ടി യോഗത്തിൽ എൻയുഎൽഎം/പിഎംഎവൈ പദ്ധതികളെക്കുറിച്ചും ഇതിന്റെ പ്രയോജനം സംബന്ധിച്ചും അയൽക്കൂട്ട പ്രസിഡന്റ്/സെക്രട്ടറി അയൽക്കൂട്ടാംഗങ്ങൾക്ക് വിശദീകരിക്കേണ്ടതാണ്. നിലവിൽ ഈ പദ്ധതികളുടെ പ്രയോജനം അയൽക്കൂട്ടത്തിന്/അംഗങ്ങൾക്ക് ലഭ്യമാണോയെന്ന് വിലയിരുത്തി, ഇത് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് പ്രത്യേക പെർഫോമ പൂരിപ്പിച്ച് വാങ്ങേണ്ടതാണ് (പെർഫോമ ബി-അനുബന്ധം 2). ഫോറത്തിലെ എല്ലാ കോളങ്ങളും പൂരിപ്പിച്ചിട്ടുണ്ടെന്ന് അയൽക്കൂട്ട സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്.

അയൽക്കൂട്ട യോഗത്തിൽ നിന്നുള്ള പെർഫോമ എഡിഎസ് തലത്തിൽ ശേഖരിച്ച് എഡിഎസ് പ്രസിഡന്റ് നഗരസഭകളുടെ ചുമതലയുള്ള Co/MTP മാർക്ക് നൽകേണ്ടതാണ്. ഇീ/ങഠജ മാർ എല്ലാ അയൽക്കൂട്ടത്തിൽ നിന്നും പെർഫോമ ലഭിച്ചിട്ടുണ്ടെന്നും ഫോറത്തിലെ എല്ലാ വിവരങ്ങളും പൂരിപ്പിച്ചിട്ടുണ്ടെന്നും ഉറപ്പു വരുത്തേണ്ടതാണ്.

അപൂർണ്ണമായ ഫോറത്തിലെ വിവരങ്ങൾ അതാത് അയൽക്കൂട്ടങ്ങളിൽ നിന്നും ശേഖരിച്ച് Co/MTP മാർ പൂരിപ്പിക്കേണ്ടതാണ്.
കൂടാതെ അയൽക്കൂട്ട തലത്തിൽ ശേഖരിച്ച പെർഫോമയിലെ വിവരങ്ങൾ സംസ്ഥാന മിഷനിൽനിന്നും ലഭ്യമാക്കിയ സോഫ്റ്റ് വെയറിൽ എൻട്രി വരുത്തേണ്ടതാണ്.

**അയൽക്കൂട്ട തലത്തിൽ നിന്നും ശേഖരിക്കേണ്ട വിവരങ്ങൾ ഇവയാണ്.**

1) അയൽക്കൂട്ടങ്ങളുടെ പൊതു വിവരങ്ങൾ, പദ്ധതികളുടെ സഹായം ആവശ്യമായ വ്യക്തികളുടെ വിവരങ്ങൾ (proforma-B)

5. എഡിഎസ് യോഗം

അയൽക്കൂട്ട യോഗത്തിൽ നിന്നും ലഭിക്കുന്ന ഫോറങ്ങളുടെ ക്രോഡീകരണം എം.ടി.പി മാർ എഡിഎസിന് നൽകേണ്ടതാണ്. (proforma-C- അനുബന്ധം 3) എ.ഡി.എസ് യോഗത്തിൽ ക്രോഡീകരണ റിപ്പോർട്ട് ചർച്ച ചെയ്ത് വിവരങ്ങൾ ശരിയാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഏതെങ്കിലും വിവരം തെറ്റാണെങ്കിൽ ആയത് എ.ഡി.എസ് സെക്രട്ടറി എം.ടി.പിമാർ മുഖേന തിരുത്തൽ വരുത്തേണ്ടതാണ്.

അയൽക്കൂട്ടങ്ങൾ പുന:രുജ്ജീവിപ്പിക്കുന്നതിനും, അയൽക്കൂട്ടങ്ങളുടെ ഗ്രേഡിംഗ് പൂർത്തിയാക്കുന്നതിനും, 100% ലിങ്കേജ് പൂർത്തീകരിക്കുന്നതിനും, സംരംഭങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും സ്വീകരിക്കാവുന്ന നടപടികൾ ചർച്ച ചെയ്ത് എ.ഡി.എസ് തലത്തിൽ ആക്ഷൻ പ്ലാൻ തയ്യാറാക്കേണ്ടതാണ്.

എ.ഡി.എസ് യോഗത്തിനുശേഷം രണ്ട് ദിവസത്തിനുള്ളിൽ എ.ഡി.എസ് ആക്ഷൻ പ്ലാനിൽ ആവശ്യമായ തിരുത്തൽ വരുത്തേണ്ടതാണ്. ഇതിന്റെ പകർപ്പ് എ.ഡി.എസ് സൂക്ഷിക്കേണ്ടതാണ്.

**6. സി.ഡി.എസ് യോഗം**

എ.ഡി.എസ് ആക്ഷൻ പ്ലാൻ പൂർത്തിയാക്കി അയൽക്കൂട്ട വിവരങ്ങളിൽ ആവശ്യമായ തിരുത്തലുകൾ വരുത്തിക്കഴിഞ്ഞ് സി.ഡി.എസ് യോഗം ചേരേണ്ടതാണ്. സി.ഡി.എസ് യോഗത്തിൽ എ.ഡി.എസ് തലത്തിൽ ക്രോഡീകരിച്ച വിവരങ്ങളും, ആക്ഷൻ പ്ലാനും പരിശോധിച്ച് (Proforma-D അനുബന്ധം 4) ആവശ്യമായ മാറ്റം വരുത്തി സി.ഡി.എസ് തലത്തിൽ ആക്ഷൻ പ്ലാൻ തയ്യാറാക്കേണ്ടതാണ്.

സി.ഡി.എസ് തലത്തിൽ തയ്യാറാക്കുന്ന ആക്ഷൻ പ്ലാനിൽ പുതിയതായി കുടുംബശ്രീ സംവിധാനത്തിൽ ഉൾപ്പെടുത്തേണ്ട കുടുംബങ്ങളുടെ എണ്ണം, പുതിയതായി രൂപീകരിക്കാവുന്ന അയൽക്കൂട്ടങ്ങളുടെ എണ്ണം, പ്രവർത്തനരഹിതമായ അയൽക്കൂട്ടങ്ങളുടെ വിവരം, ഗ്രേഡിംഗ്/ലിങ്ക് ചെയ്യേണ്ട അയൽക്കൂട്ടങ്ങളുടെ വിവരം, ലിങ്കേജ് ലോൺ എടുക്കാത്ത അയൽക്കൂട്ടങ്ങളുടെ കണക്ക്, സ്വയം തൊഴിൽ ആരംഭിക്കാൻ താല്പര്യപ്പെടുന്നവരുടെ വിവരങ്ങൾ, വേതനാധിഷ്ഠിത തൊഴിൽ ആവശ്യമായ അയൽക്കൂട്ട കുടുംബാംഗങ്ങളുടെ വിവരം, സംരംഭങ്ങൾ മെച്ചപ്പെടുത്തേണ്ടതിന്റെ എണ്ണം, ആവശ്യമായ സഹായം എന്നിവയും ഉത്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് ആവശ്യമായ സഹായം തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തണം. കൂടാതെ നഗരസഭയിൽ എൻ.യു.എൽ.എം പദ്ധതി അനുശാസിക്കുന്ന സിറ്റി ലൈവ്‌ലിഹുഡ് സെന്റർ, ഷീ ലോഡ്ജ് എന്നിവ ആരംഭിക്കാൻ നഗരസഭയിൽ സാധ്യതയുള്ള സ്ഥലം സി.ഡി.എസ് യോഗത്തിൽ ചർച്ച ചെയ്ത് Proforma-D യിൽ (എം.ടി.പി മാർ മുഖേന) രേഖപ്പെടുത്തേണ്ടതാണ്.

**7. ജില്ലാതലത്തിൽ സംയോജന യോഗം**

സിഡിഎസ് ആക്ഷൻ പ്ലാൻ സമ്പൂർണ്ണവും കാര്യക്ഷമമാക്കുന്നതിനുമായി ഡിഎംസിയുടെ നേതൃത്വത്തിൽ സംയോജന യോഗം കൂടേണ്ടതാണ്. ജില്ലയിലെ വിവിധ നഗരസഭകളുടെ ചുമതലയുള്ള സിറ്റിമിഷൻ മാനേജർമാർ തങ്ങൾക്ക് ചുമതലയുള്ള നഗരസഭകളുടെ സിഡിഎസ് ആക്ഷൻ പ്ലാൻ ഈ സംയോജന യോഗത്തിൽ അവതരിപ്പിക്കേണ്ടതാണ്. ആയതിൽ സിഡിഎസ് ചെയർപേഴ്സൺമാർ, മെമ്പർ സെക്രട്ടറിമാർ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. ജില്ലയിലെ വിവിധ നഗരസഭകളുടെ ആക്ഷൻ പ്ലാൻ പരിശോധിച്ച് താരതമ്യം ചെയ്ത് മികച്ച മാതൃകകൾ പരസ്പരം സ്വീകരിച്ച് വിവരങ്ങൾ വിട്ടുപോയില്ലെന്ന് ഉറപ്പാക്കേണ്ടതാണ്.

**8. സിഡിഎസ് അംഗീകാരം ലഭ്യമാക്കൽ**

ജില്ലാതല പരിശോധന കഴിഞ്ഞ് ലഭ്യമാക്കുന്ന കർമ്മപദ്ധതി സിഡിഎസ് യോഗം ചേർന്ന് അന്തിമമാക്കേണ്ടതാണ്.

**9. നഗരസഭാ കൗൺസിലിൽ അറിവിലേയ്ക്കായി സമർപ്പിക്കൽ**

സിഡിഎസ് അംഗീകരിച്ച കർമ്മ പദ്ധതി നഗരസഭാ കൗൺസിലിന്റെ അറിവിലേയ്ക്കായി സമർപ്പിക്കേണ്ടതും നഗരസഭയുടെ പദ്ധതികളുമായി സംയോജിപ്പിക്കാനുള്ള സാധ്യതകൾ ആരാഞ്ഞ് കർമ്മപദ്ധതി പ്രവർത്തനമാക്കേണ്ടതാണ്. തുടർന്ന് കർമ്മ പദ്ധതി സംസ്ഥാന മിഷന് അയച്ച് തരേണ്ടതാണ്.

## പ്രതീക്ഷിത ഫലം

1. 2018–19 സാമ്പത്തിക വർഷത്തെ ആക്ഷൻ പ്ലാൻ സംസ്ഥാന തലത്തിലും നഗരസഭാ തലത്തിലും ആസൂത്രണം ചെയ്യൽ
2. നഗരസഭയിലെ അർഹരായ മുഴുവൻ അംഗങ്ങളേയും കുടുംബശ്രീ സംവിധാനത്തിൽ ഉൾപ്പെടുത്തൽ, പുതിയ അയൽക്കൂട്ടങ്ങൾ രൂപീകരിക്കൽ
3. സി.ഡി.എസ്സിലെ മുഴുവൻ അയൽക്കൂട്ടങ്ങളുടേയും ഗ്രേഡിംഗ്, ലിങ്കേജ് പൂർത്തീകരിക്കൽ
4. എല്ലാ അയൽക്കൂട്ടങ്ങളേയും ലിങ്കേജ് ലോൺ എടുപ്പിക്കുന്നതിന് പ്രോത്സാഹിപ്പിക്കൽ
5. പ്രവർത്തന രഹിതമായതും, തുടർ പ്രവർത്തനങ്ങൾ ഇല്ലാത്തതുമായ അയൽക്കൂട്ടങ്ങളെ പ്രവർത്തനക്ഷമമാക്കൽ
6. മുദ്ര ലോൺ എടുത്തിട്ടുള്ള നഗരദരിദ്രർക്ക് അർഹമായ പലിശ സബ്സിഡി ലഭ്യമാക്കൽ
7. സ്വയം തൊഴിൽ ആരംഭിക്കാൻ താല്പര്യമുള്ള വ്യക്തികൾക്ക് ഇഡിപി/സ്കിൽ പരിശീലനങ്ങൾ ലഭ്യമാക്കി സ്വയം തൊഴിൽ ആരംഭിക്കുന്നതിന് ആവശ്യമായ സഹായം ലഭ്യമാക്കൽ
8. വേതനാധിഷ്ഠിത തൊഴിൽ ആവശ്യമായ വ്യക്തികൾക്ക് വൈദഗ്ധ്യ പരിശീലനം ലഭ്യമാക്കി തൊഴിൽ നൽകൽ
9. പി എം എ വൈ പദ്ധതി ഗുണഭോക്താക്കൾക്ക് എൻ.യു .എൽ. എം പദ്ധതി പ്രകാരം സ്വയം തൊഴിൽ/വേതനാധിഷ്ഠിത തൊഴിൽ ലഭ്യമാക്കൽ
10. നഗരസഭകളുടെ പൂർണ്ണ പിന്തുണ എൻ.യു.എൽ.എം/പി.എം.എ.വൈ പദ്ധതി നടപ്പിലാക്കുന്നതിന് ഉറപ്പാക്കൽ
11. നിലവിലുള്ള സംരംഭങ്ങൾക്ക് ആവശ്യമായ സാമ്പത്തിക/ പരിശീലന/ വിപണനസഹായം ഉറപ്പുവരുത്തൽ.

## ഉത്തരവാദിത്വങ്ങൾ

1. **സംസ്ഥാന മിഷൻ**

- സംസ്ഥാന തല സമ്മേളനം സജ്ജമാക്കൽ
- ക്യാമ്പെയിന് ആവശ്യമായ ലഘുലേഖകൾ, സോഫ്റ്റ് വെയർ, ക്യാമ്പെയിൽ-പദ്ധതി സംബന്ധിച്ച് അയൽക്കൂട്ടങ്ങൾക്ക് ലഭ്യമാക്കേണ്ട ബുക്ക് തയ്യാറാക്കൽ, വിവര ശേഖരണ ഫോറം തയ്യാറാക്കൽ
- പ്രൊഫോർമ പ്രകാരം വിവരങ്ങൾ സോഫ്റ്റ് വെയറിൽ അപ്ഡേറ്റ് ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തൽ.
- 2018-19 സാമ്പത്തിക വർഷത്തെ എൻയുഎൽഎം വാർഷിക കർമ്മ പദ്ധതി തയ്യാറാക്കൽ.
- കാമ്പെയിൻ പ്രവർത്തനങ്ങൾ വിശകലനം ചെയ്ത് ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിച്ചുവെന്ന് ഉറപ്പാക്കൽ

2. **ജില്ലാമിഷൻ**

- പ്രസ്തുത ക്യാമ്പെയിൻ സമയബന്ധിതമായി നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തൽ (ക്യാമ്പെയിൻ പൂർത്തീകരിക്കുന്നതിനുള്ള സമയക്രമം അനുബന്ധം 5 നൽകിയിട്ടുണ്ട്)
- എല്ല സിഡിഎസ്, എഡിഎസ് ഭരണ സമിതി അംഗങ്ങളും കാമ്പയിനിൽ പങ്കെടുക്കുന്നുവെന്ന് ഉറപ്പുവരുത്തൽ.
- വാർഡ് തലത്തിൽ എഡിഎസ് ഭരണ സമിതി അംഗങ്ങളുടെയും, അയൽക്കൂട്ട പ്രസിഡന്റ്, സെക്രട്ടറിമാരുടെ യോഗത്തിൽ കാമ്പയിന്റെ ഉദ്ദേശ്യ ലക്ഷ്യ ങ്ങൾ വിശദീകരിക്കൽ. സാധ്യമായ വാർഡ് തല യോഗങ്ങളിൽ പങ്കെടുക്കൽ
- പ്രത്യേക അയൽക്കൂട്ട യോഗങ്ങളിൽ (ഏതെങ്കിലും ഒരു യോഗത്തിൽ) പങ്കെടുക്കൽ.
- വാർഡ് തല യോഗങ്ങൾ സമയബന്ധിതമായി പൂർത്തിയാകുന്നുണ്ടെന്ന് ഉറപ്പുവരുത്തൽ
- എഡിഎസ് യോഗങ്ങളും സിഡിഎസ് യോഗവും കൂടി ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തൽ.
- ജില്ലാതല സംയോജന യോഗം ചേർന്ന് ആക്ഷൻ പ്ലാനിൽ ആവശ്യമായ നിർദ്ദേശങ്ങൾ നൽകൽ.
- യോഗങ്ങളുടെ ഫോട്ടോ ആവശ്യമായ വിവരങ്ങൾ സോഫ്റ്റ് വെയറിൽ അപ്‌ലോഡ് ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തൽ
- നിർദ്ദിഷ്ട പെർഫോമയിൽ പൂരിപ്പിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉറപ്പാക്കൽ

3. **നഗരസഭ**

■ തങ്ങളുടെ നഗരസഭയിൽ കാമ്പെയിൻ സമയബന്ധിമായി നടത്തുന്നുവെന്ന് ഉറപ്പുവരുത്തൽ. ഇതിനാവശ്യമായ സഹായവും നേതൃത്വവും ലഭ്യമാക്കൽ.
■ നഗരസഭാ യോഗം ചേർന്ന് സിഡിഎസ് തയ്യാറാക്കിയ ആക്ഷൻ പ്ലാനിന് ആവശ്യമായ നിർദ്ദേശം നൽകൽ.
■ കുടുംബശ്രീ മിഷൻ നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ പ്രയോജനം എല്ലാ നഗര ദരിദ്രർക്കും ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്തൽ.
■ സംയോജനത്തിന് സാധ്യമായ ഇടങ്ങളിൽ നഗരസഭയുടെ ഫണ്ട്, അടിസ്ഥാന സൗകര്യം തുടങ്ങിയവ ഷെൽട്ടർ, സംരംഭങ്ങൾ എന്നിവയ്ക്ക് ലഭ്യമാക്കൽ. 2018-19 സാമ്പത്തിക വർഷത്തെ പ്ലാനിൽ ആവശ്യമായ സഹായം നൽകൽ.

4. **സിഡിഎസ്**

■ എല്ലാ എഡിഎസ് - അയൽക്കൂട്ടങ്ങളിലേയ്ക്കും കാമ്പയിന്റെ സന്ദേശം എത്തിക്കുക.
■ എല്ലാ എ.ഡി.എസ് സെക്രട്ടറിമാർക്കും പ്രൊഫാർമ (എ) ലഭ്യമാക്കൽ
ന്മ എല്ലാ അയൽക്കൂട്ടങ്ങളിലും എഡിഎസ് മുഖേന പ്രൊഫാർമ (ബി) ലഭ്യമാക്കൽ.
■ വാർഡ് തലത്തിൽ അയൽക്കൂട്ടങ്ങളുടെ പട്ടിക കമ്മ്യൂണിറ്റി ഓർഗനൈസർ/ മൾട്ടി ടാസ്ക് പേഴ്സൺസ്മാരുടെ സഹകരണത്തോടെ തയ്യാറാക്കി സിറ്റി മിഷൻ മാനേജർമാർക്ക് കൈമാറുക.
■ വാർഡ് തലത്തിൽ എഡിഎസ് ഭരണ സമിതി അംഗങ്ങളുടെയും അയൽക്കൂട്ട പ്രസിഡന്റ്/ സെക്രട്ടറിമാരുടെ യോഗം വിളിക്കുന്നതിന് സമയം, സ്ഥലം, തീയതി എന്നിവ നിശ്ചയിക്കൽ. ഇവരുടെ പങ്കാളിത്തം ഉറപ്പുവരുത്തുകയും ടി യോഗത്തിന് ആവശ്യമായ സഹായം ലഭ്യമാക്കി യോഗങ്ങളിൽ പങ്കെടുക്കൽ.
■ ഏതെങ്കിലും അയൽക്കൂട്ട പ്രതിനിധികൾ യോഗത്തിൽ പങ്കെടുക്കുന്നില്ലെങ്കിൽ മറ്റു വാർഡുകളിൽ നടക്കുന്ന യോഗത്തിൽ പങ്കെടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തൽ.
■ എഡിഎസ്സുകൾ തയ്യാറാക്കുന്ന ആക്ഷൻ പ്ലാൻ സിഡിഎസ് യോഗത്തിൽ വിശകലനം ചെയ്ത് ആവശ്യമായ തിരുത്തലുകൾ/ ഭേദഗതികൾ വരുത്തി വസ്തുതകൾ ശരിയാണെന്ന് ഉറപ്പുവരുത്തി സിഡിഎസ് തലത്തിൽ കർമ്മ പദ്ധതി തയ്യാറാക്കൽ.
■ എല്ലാ അയൽക്കൂട്ടങ്ങളിൽ നിന്നും, എഡിഎസ്സുകളിൽ നിന്നും പൂരിപ്പിച്ച പ്രൊഫാർമ സമയബന്ധിതമായി സിറ്റിമിഷൻ മാനേജർക്ക് കൈമാറുന്നുണ്ടെന്ന് ഉറപ്പുവരുത്തൽ
■ കാമ്പയിന്റെ എല്ലാ പ്രവർത്തനങ്ങളും പൂർത്തീകരിക്കുന്നുവെന്ന് ഉറപ്പുവരുത്തൽ.
■ കർമ്മപദ്ധതിയ്ക്ക് അന്തിമ അംഗീകാരം നൽകൽ

**5. സിറ്റിമിഷൻ മാനേജർമാർ/സിഎൽറ്റിസി അംഗങ്ങൾ**

- കാമ്പയിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ, പദ്ധതികൾ, പ്രൊഫാർമകൾ എന്നിവ അടങ്ങുന്ന പുസ്തകം എല്ലാ അയൽക്കൂട്ടങ്ങൾക്കും ലഭ്യമായെന്ന് ഉറപ്പുവരുത്തൽ (ഒരു അയൽക്കൂട്ടത്തിന് ഒന്ന് എന്ന ക്രമത്തിൽ)
- വാർഡ് തലത്തിൽ എഡിഎസ് ഭരണ സമിതി അംഗങ്ങളുടെയും അയൽക്കൂട്ട, പ്രസിഡന്റ്, സെക്രട്ടറിമാരുടെ യോഗം വിളിച്ചു ചേർത്ത് കാമ്പയിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ, എൻയുഎൽഎം-പിഎംഎവൈ-ഇതര പദ്ധതികളെക്കുറിച്ച് അംഗങ്ങൾക്ക് അവബോധം സൃഷ്ടിക്കൽ.
- അയൽക്കൂട്ട പ്രത്യേക യോഗങ്ങളിൽ സിറ്റി മിഷൻ മാനേജ്മെന്റ് യൂണിറ്റിന്റെ പങ്കാളിത്തം ഉറപ്പുവരുത്തൽ. സിഒ/എംടിപി/സിഎംഎം എന്നിവരിൽ ഒരാളുടെ സാന്നിദ്ധ്യം അയൽക്കൂട്ട യോഗത്തിൽ ഉറപ്പുവരുത്തി, യോഗത്തിൽ എല്ലാ വിഷയങ്ങളും ചർച്ച ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തൽ.
- എല്ലാ പ്രൊഫാർമകളും ശേഖരിച്ച് കൃത്യമായ പൂരിപ്പിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തി, എംടിപിമാർ മുഖേന സംസ്ഥാനമിഷനിൽ നിന്നും ലഭ്യമാക്കിയിട്ടുള്ള സോഫ്റ്റ് വെയർ എൻട്രിവരുത്തൽ
- എഡിഎസ്-സിഡിഎസ്സുകൾക്ക് കർമ്മ പദ്ധതി തയ്യാറാക്കുന്നതിന് ആവശ്യമായ സഹായം ലഭ്യമാക്കൽ.
- നഗരസഭാതല സംയോജന യോഗത്തിൽ പങ്കെടുത്ത് സിഡിഎസ് കർമ്മ പദ്ധതി അവതരിപ്പിക്കുന്നതിൽ ആവശ്യമായ നിർദ്ദേശങ്ങൾ ലഭ്യമായിട്ടുണ്ടെന്ന് ഉറപ്പുവരുത്തി അന്തിമ കർമ്മ പദ്ധതി സോഫ്റ്റ് വെയറിൽ എൻട്രി വരുത്തൽ
- 2018-19 സാമ്പത്തിക വർഷത്തെ കർമ്മ പദ്ധതിക്ക് അനുസരിച്ച് തുടർ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കൽ.

**6. എംടിപി/ സിഒ**

- സിറ്റി മിഷൻ മാനേജർമാരൊടൊത്ത് കാമ്പെയിൻപ്രവർത്തനങ്ങളിൽ പങ്കെടുക്കൽ
- അയൽക്കൂട്ട-എഡിഎസ്-സിഡിഎസ്സുകളിൽ നിന്നും ലഭിക്കുന്ന പ്രൊഫാർമകൾ സമയബന്ധിതമായി എൻട്രി വരുത്തൽ.
- അയൽക്കൂട്ടങ്ങൾക്കും സംരംഭകർക്കും ആവശ്യമായ തുടർ സേവനങ്ങൾ ലഭ്യമാക്കൽ

## ഉപസംഹാരം

2018 ഫെബ്രുവരി 20 മുതൽ മാർച്ച് 19 വരെ കുടുംബശ്രീ അയൽക്കൂട്ട-എഡിഎസ്-സിഡിഎസ് ഭരണ സമിതി അംഗങ്ങളെ നേരിട്ട് കണ്ട്, കുടുംബശ്രീ നടപ്പിലാക്കുന്ന പദ്ധതികൾ വിശദീകരിച്ച് അതിന്റെ ഫലം എല്ലാ കുടുംബശ്രീ അംഗങ്ങൾക്കും കുടുബാംഗങ്ങൾക്കും നഗര ദരിദ്രർക്കും പ്രയോജനകരമാക്കുന്ന 'സ്പർശം' കാമ്പെയിൻനഗര പ്രദേശങ്ങളിൽ കുടുംബശ്രീ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും 2018-19 സാമ്പത്തിക വർഷത്തെ കർമ്മ പദ്ധതി തയ്യാറാക്കി നടപ്പിലാക്കുന്നതിന് കുടുംബശ്രീ - നഗരസഭകൾക്ക് സാധ്യമാകും.



എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ

1. എല്ലാ നഗരസഭാ ചെയർമാൻമാർക്കും, മേയർമാർക്കും
2. എല്ലാ ജില്ലാമിഷൻ കോ-ഓർഡിനേറ്റർമാർക്കും
3. എല്ലാ നഗരസഭ സെക്രട്ടറിമാർ/കോർപ്പറേഷൻ സെക്രട്ടറിമാർക്കും
4. എല്ലാ സിറ്റി പ്രോജക്ട് ഓഫീസർമാർക്കും

പകർപ്പ്

1. എല്ലാ മെമ്പർ സെക്രട്ടറിമാർക്കും
2. എല്ലാ സിഡിഎസ് ചെയർപേഴ്സൺമാർക്കും
3. എല്ലാ സിറ്റിമിഷൻ മാനേജർമാർക്കും
4. കരുതൽ / അധികം

**പെർഫോമ-എ**

(ഒരു യോഗത്തിന് ഒന്നു വീതം)

**.............................................എഡിഎസ്സിലെ അയൽക്കൂട്ടം സംബന്ധിച്ച പൊതുവിവരം**

സിഡിഎസ്: എഡിഎസ് (വാർഡിന്റെ പേര്: വാർഡ് നം: )

1. എഡിഎസ്സിലെ ആകെ അയൽക്കൂട്ടങ്ങളുടെ എണ്ണം
2. സ്ഥിരമായി പ്രവർത്തിക്കുന്ന അയൽക്കൂട്ടങ്ങളുടെ എണ്ണം
3. സ്ഥിരമായി പ്രവർത്തിക്കാത്ത അയൽക്കൂട്ടങ്ങളുടെ എണ്ണം
4. പ്രവർത്തനരഹിതമായ അയൽക്കൂട്ടങ്ങളുടെ എണ്ണം
5. ഗ്രേഡിംഗ് പൂർത്തിയാക്കാത്ത അയൽക്കൂട്ടങ്ങളുടെ എണ്ണം
6. ലിങ്കേജ് ലോൺ എടുക്കാത്ത അയൽക്കൂട്ടങ്ങളുടെ എണ്ണം
7. റിവോൾവിംഗ് ഫണ്ട് ലഭിക്കാത്ത അയൽക്കൂട്ടങ്ങളുടെ എണ്ണം
8. എഡിഎസ് പരിധിയിലുള്ള ആകെ കുടുംബങ്ങളുടെ എണ്ണം
   8.1 ഇതിൽ ബിപിഎൽ കുടുംബങ്ങളുടെ എണ്ണം
   (50,000/- രൂപയിൽ താഴെ വാർഷിക വരുമാനമുള്ള കുടുംബം)
9. കുടുംബശ്രീ സംവിധാനത്തിൽ ഉൾപ്പെട്ടിട്ടില്ലാത്ത ബിപിഎൽ കുടുംബങ്ങളുടെ എണ്ണം
10. എഡിഎസ് മേഖലയിലുള്ള സംരംഭങ്ങളുടെ വിവരം
    എ. വ്യക്തിഗത സംരംഭങ്ങളുടെ എണ്ണം
    ബി. ഗ്രൂപ്പ് സംരംഭങ്ങളുടെ എണ്ണം
11. താഴെ പറയുന്നവയിൽ അയൽക്കൂട്ടങ്ങളുടെ പേര് എഴുതുക

| | | |
|---|---|---|
| 11.1 | സ്ഥിരമായി പ്രവർത്തിക്കാത്ത അയൽക്കൂട്ടങ്ങളുടെ പേര് | |
| 11.2 | പ്രവർത്തനരഹിതമായ അയൽക്കൂട്ടങ്ങളുടെ പേര് | |
| 11.3 | ഗ്രേഡിംഗ് പൂർത്തിയാക്കാത്ത അയൽക്കൂട്ടങ്ങളുടെ പേര് | |
| 11.4 | ലിങ്കേജ് ലോൺ എടുക്കാത്ത അയൽക്കൂട്ടങ്ങളുടെ പേര് | |
| 11.5 | റിവോൾവിംഗ് ഫണ്ട് ലഭിക്കാത്ത അയൽക്കൂട്ടങ്ങളുടെ എണ്ണം | |

12. അയൽക്കൂട്ടത്തിൽ അംഗമല്ലാത്ത നഗരദരിദ്രരായ വ്യക്തികളുടെ വിവരം

| ക്രമ നം. | കുടുംബനാഥന്റെ പേര് | വയസ്സ് | എസ്.സി/ എസ്.റ്റി/ജന റൽ | തൊഴിൽമേഖല |
|---|---|---|---|---|
| | | | | |
| | | | | |

13. യോഗത്തിൽ പങ്കെടുക്കേണ്ട അയൽക്കൂട്ടങ്ങളുടെ എണ്ണം
14. യോഗത്തിൽ പങ്കെടുക്കാത്ത അയൽക്കൂട്ടങ്ങളുടെ എണ്ണം
15. യോഗത്തിൽ പങ്കെടുത്ത അയൽക്കൂട്ട പ്രസിഡന്റുമാരുടെ എണ്ണം
16. യോഗത്തിൽ പങ്കെടുത്ത അയൽക്കൂട്ട സെക്രട്ടറിമാരുടെ എണ്ണം

**തീയതി** **ഒപ്പ്**
**സ്ഥലം** **എഡിഎസ് പ്രസിഡന്റ്**

**കുറിപ്പ്:**

കുറിപ്പ്:

1. നഗര ദരിദ്രർ എന്നാൽ 50,000 രൂപയിൽ താഴെ വാർഷിക വരുമാനമുള്ള കുടുംബം

2. ഒന്നിൽ കൂടുതൽ വാർഡിലെ എ ഡി എസുകൾ (എ ഡി എസ് പ്രതി നിധികൾ) ഒരു യോഗത്തിൽ വരുന്നപക്ഷം രണ്ട് വാർഡിനെ സംബന്ധിച്ചുള്ള വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് പ്രഫോർമ എ പ്രത്യേകം പ്രത്യേകം പൂരിപ്പിക്കേണ്ടതും എം ഐ എസ്സിൽ രേഖപ്പെടുത്തേണ്ടതുമാണ്

3. ഒരു എഡിഎസ്സിൽ ഒന്നിൽ കൂടുതൽ യോഗങ്ങൾ വരുന്ന പക്ഷം (അയൽകൂട്ടങ്ങൾ) ക്രമ നം. 1 മുതൽ 12 വരെയുള്ള വിവരങ്ങൾ പൊതുവായി ആദ്യ യോഗത്തിൽ പൂരിപ്പിക്കേണ്ടതും രണ്ടാമത്തെ യോഗത്തിൽ ക്രമ നം. 13 മുതൽ 16 വരെയുള്ള വിവരങ്ങൾ (വ്യത്യാസമുള്ളവ) മാത്രം പൂരിപ്പിച്ചാൽ മതി

**അനുബന്ധം 2**

**പെർഫോമ -ബി**

അയൽക്കൂട്ട വിവരങ്ങൾ (പ്രത്യേക അയൽക്കൂട്ട യോഗത്തിൽ ശേഖരിക്കേണ്ടത്)

സിഡിഎസ്: എഡിഎസ്
വാർഡ് നം.

**I. പൊതുവിവരങ്ങൾ**

1) അയൽക്കൂട്ടത്തിന്റെ പേര്
2) അയൽക്കൂട്ടം രൂപീകരിച്ച വർഷം
3) ആകെ അംഗങ്ങളുടെ എണ്ണം
4) അയൽക്കൂട്ടം ഗ്രേഡിംഗ് പൂർത്തീകരിച്ചിട്ടുണ്ടോ? ഉണ്ട്/ഇല്ല
5) പൂർത്തിയാക്കിയിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുക. (ബാധകമായ ഘടകത്തിനു നേരെ ടിക്ക് ചെയ്യുക)

- ഗ്രേഡിംഗിനെക്കുറിച്ച് അറിവില്ലാത്തതിനാൽ
- അയൽക്കൂട്ടം രൂപീകരിച്ച് 6 മാസം പൂർത്തിയാക്കാത്തതിനാൽ

6) അയൽക്കൂട്ടം ലിങ്കേജ് വായ്പ എടുത്തിട്ടുണ്ടോ – ഉണ്ട്/ഇല്ല
7) ഉണ്ടെങ്കിൽ എത്രതവണ ലിങ്കേജ് വായ്പ എടുത്തിട്ടുണ്ട്
8) അവസാനമായി ലിങ്കേജ് വായ്പ അനുവദിച്ചു കിട്ടിയ തീയതി
9) ലിങ്കേജ് വായ്പ എടുത്തിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുക.

- ആവശ്യമായ സമ്പാദ്യം ഇല്ലാത്തതിനാൽ
- ഗ്രേഡിംഗിനെക്കുറിച്ച് അറിവില്ലാത്തതിനാൽ
- അയൽക്കൂട്ടം രൂപീകരിച്ച് 6 മാസം പൂർത്തിയാക്കാത്തതിനാൽ
- അയൽക്കൂട്ടം സജ്ജീവമല്ലാത്തതിനാൽ
- മതപരമായ കാരണം.

10) അയൽക്കൂട്ടത്തിൽ നിന്നുള്ള ആന്തരിക വായ്പ/ലിങ്കേജ് വായ്പ എന്നിവയ്ക്ക് പുറമേ മറ്റു ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുക്കുന്നുണ്ടോ ? (ഉണ്ട്/ഇല്ല)

11) ലിങ്കേജ് വായ്പയിൽ നിന്നും സൂക്ഷ്മ സംരംഭങ്ങൾ ആരംഭിച്ചിട്ടുള്ള വ്യക്തികളുടെ എണ്ണം.

12) റിവോൾവിംഗ് ഫണ്ട് ലഭിച്ചിട്ടുണ്ടോ? ഉണ്ട്/ഇല്ല

13) എൻ.യു.എൽ.എം./എസ്ജെഎസ്ആർവൈ പദ്ധതികളിൽ സംരംഭം ആരംഭിച്ചിട്ടുള്ള വ്യക്തികളുടെ എണ്ണം.

എ. വ്യക്തിഗത സംരംഭങ്ങളുടെ എണ്ണം
ബി. ഗ്രൂപ്പ് സംരംഭങ്ങളുടെ എണ്ണം

14) അയൽക്കൂട്ട അംഗങ്ങളിൽ എത്രപേർ നിലവിൽ സ്വയംതൊഴിലിൽ ഏർപ്പെട്ടിട്ടുണ്ട്. (എണ്ണം എഴുതുക)

## II. തൊഴിൽ ആവശ്യമായ വ്യക്തികളുടെ വിവരം

1. സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കാൻ താല്പര്യപ്പെടുന്ന കുടുംബശ്രീ അംഗങ്ങൾ / കുടുംബാംഗങ്ങളുടെ വിവരം (താഴെപറയുന്ന പട്ടികയിൽ രേഖപ്പെടുത്തുക)

| ക്രമ നം. | വ്യക്തിയുടെ പേര് | വയസ് | താല്പര്യ മേഖല | ബന്ധപ്പെടേണ്ട നം. |
|---|---|---|---|---|
| | | | | |
| | | | | |
| | | | | |

2. വൈദഗ്ദ്ധ്യ പരിശീലനം ആർജ്ജിച്ച് വേതനാധിഷ്ഠിത തൊഴിലിൽ ഏർപ്പെടാൻ താല്പര്യപ്പെടുന്ന കുടുംബശ്രീ വനിതകൾ/കുടുംബാംഗങ്ങളുടെ വിവരം

| ക്രമ നം. | വ്യക്തിയുടെ പേര് | വയസ് | വിദ്യാഭ്യാസ യോഗ്യത | ബന്ധപ്പെടേണ്ട നം. |
|---|---|---|---|---|
| | | | | |
| | | | | |
| | | | | |

3. കുടുംബശ്രീ സഹായം ആവശ്യമായ സൂക്ഷ്മ സംരംഭങ്ങളുടെ വിവരം (പരിശീലനം, ധനസഹായം, വിപണനം- ഏത് തരത്തിലുള്ള സഹായമാണ് ആവശ്യമുള്ളത് എന്ന് വ്യക്തമാക്കുക)

| ക്രമ നം. | സംരംഭ മേഖല/ പേര് | വ്യക്തി ഗതം/ ഗ്രൂപ്പ് | രൂപീകരിച്ച വർഷം | ആവശ്യമായ സഹായം | |
|---|---|---|---|---|---|
| | | | | പരിശീലനം – ഇ.ഡി പി, വൈദഗ്ദ്ധ്യ പരിശീലനം | സാമ്പത്തിക സഹായം- ടെക്നോളജി ഫണ്ട്, ടെക്നോളജി അപ്ഗ്രഡേഷൻ ഫണ്ട്, രണ്ടാം ഘട്ട ധനസഹായം, റിവോൾവിംഗ് ഫണ്ട്, ക്രൈസിസ്സ്മാനേജ്മെന്റ് ഫണ്ട് |
| | | | | | |
| | | | | | |

## III. പി.എം.എ.വൈ./ലൈഫ് ഗുണഭോക്തൃപട്ടികയിൽ വരാത്ത ഭവനരഹിതരുടെ വിവരം

| ക്രമ നം. | കുടുംബ നാഥന്റെ പേര് | കു ടുംബങ്ങ ളുടെ എണ്ണം | തൊഴിൽ | എസ്.സി/ എസ്.റ്റി/ ജനറൽ | വസ്തു ഉണ്ട്/ഇല്ല | ഇപ്പോൾ താമ സിക്കുന്നത് - വാടക/ ബന്ധുവീട്/ തുറസ്സായ സ്ഥലം | പട്ടിക യിൽനിന്നും ഒഴിവാക്കാ നുള്ള കാരണം പദ്ധതി യെക്കുറിച്ച് ഗു ണഭോക്താവി അറിവില്ല/ മനപ്പൂർവ്വം ഒഴിവാക്കി/ മാനദണ്ഡ പ്രകാരം യോഗ്യനല്ല |
|---|---|---|---|---|---|---|---|
| | | | | | | | |
| | | | | | | | |

**2018-19 സാമ്പത്തിക വർഷത്തെ കർമ്മ പദ്ധതി**

1. .....................................തീയതിയ്ക്കു മുമ്പായി ഗ്രേഡിംഗ് പൂർത്തിയാക്കൽ
2. .................................... തീയതിയ്ക്കു മുമ്പായി ലിങ്കേജ് വായ്പാ ലഭ്യമാക്കൽ
3. ............................... സൂക്ഷ്മ സംരംഭങ്ങൾക്ക് ആവശ്യമായ സഹായം ലഭ്യമാക്കൽ
4. ................................................ വ്യക്തികളെ സ്വയംതൊഴിൽ ആരംഭിക്കുന്നതിന് സഹായം നൽകൽ
5. ...................................... വ്യക്തികൾക്ക് ആവശ്യമായ വൈദഗ്ദ്ധ്യ പരിശീലനം നൽകി വേതനാധിഷ്ഠിത തൊഴിലേയ്ക്ക് സജ്ജമാക്കൽ.
6. ...................................... കുടുംബങ്ങളെ കുടുംബശ്രീയിൽ അംഗങ്ങളാക്കുക

ഒപ്പ്
എഡിഎസ് പ്രസിഡന്റ്

തീയതി

ഒപ്പ്
അയൽക്കൂട്ട സെക്രട്ടറി

സ്ഥലം

അനുബന്ധം 3

പ്രൊഫാർമ സി

## എഡിഎസ് ആക്ഷൻ പ്ലാൻ (അയൽക്കൂട്ട വിവരശേഖരണം ക്രോഡീകരിച്ചത്)
## ......................... എഡിഎസ്

## I. പൊതുവിവരങ്ങൾ

a. കുടുംബശ്രീ മിഷന്റെ സഹായം ആവശ്യമായ സംരംഭങ്ങളുടെ വിവരം

| ക്രമ നം. | സംരംഭ മേഖല/ പേര് | വ്യക്തിഗതം/ ഗ്രൂപ്പ് | രൂപീകരിച്ച വർഷം | ആവശ്യമായ സഹായം | |
|---|---|---|---|---|---|
| | | | | പരിശീലനം – ഇഡിപി, വൈദഗ്ദ്ധ്യ പരിശീലനം | സാമ്പത്തിക സഹായം- ടെക്നോളജി ഫ്, ടെക്നോളജി അപ്ഗ്രഡേഷൻ ഫണ്ട്, രാം ഘട്ട ധനസഹായം, റിവോൾവിംഗ് ഫ്, ക്രൈസിസ്സ് മാനേജ്മെന്റ് ഫണ്ട് |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |

## II. തൊഴിൽ ആവശ്യമായ വ്യക്തികളുടെ വിവരം

| ക്രമ നം. | വ്യക്തിയുടെ പേര് | വയസ് | താത്പര്യ മേഖല | ബന്ധപ്പെടേണ്ട നമ്പർ | അയൽക്കൂട്ടത്തിന്റെ പേര് |
|---|---|---|---|---|---|
| | | | | | |
| | | | | | |
| | | | | | |
| | | | | | |

2. വൈദഗ്ദ്ധ്യ പരിശീലനം ആർജ്ജിച്ച് വേതനാധിഷ്ഠിത തൊഴിലിൽ ഏർപ്പെടാൻ താല്പര്യപ്പെടുന്ന കുടുംബശ്രീ വനിതകൾ/കുടുംബാംഗങ്ങളുടെ വിവരം

| ക്രമ നം. | വ്യക്തിയുടെ പേര് | വയസ് | വിദ്യാഭ്യാസ യോഗ്യത | ബന്ധപ്പെടേണ്ട നമ്പർ | വ്യക്തി/കുടുബാംഗം ഉൾപ്പെട്ട അയൽക്കൂട്ടത്തിന്റെ പേര് |
|---|---|---|---|---|---|
| | | | | | |
| | | | | | |
| | | | | | |
| | | | | | |

III. പി.എം.എ.വൈ./ലൈഫ് ഗുണഭോക്തൃപട്ടികയിൽ വരാത്ത ഭവനരഹിതരുടെ വിവരം

| ക്രമ നം. | കുടുംബ നാഥന്റെ പേര് | കുടുംബങ്ങളുടെ എണ്ണം | തൊഴിൽ | എസ്.സി/ എസ്.റ്റി/ ജനറൽ | വസ്തു ഉണ്ട്/ഇല്ല | ഇപ്പോൾ താമസിക്കുന്നത് - വാടക/ ബന്ധുവീട്/ തുറസ്സായ സ്ഥലം | പട്ടികയിൽനിന്നും ഒഴിവാക്കാനുള്ള കാരണം പദ്ധതിയെക്കുറിച്ച് ഗുണഭോക്താവി അറിവില്ല/ മനപ്പൂർവ്വം ഒഴിവാക്കി/ മാനദണ്ഡ പ്രകാരം യോഗ്യനല്ല |
|---|---|---|---|---|---|---|---|
| | | | | | | | |
| | | | | | | | |

**2018-19 സാമ്പത്തിക വർഷത്തെ കർമ്മ പദ്ധതി (എഡിഎസ് തലം)**

1. ..................................... അയൽക്കൂട്ടങ്ങളുടെ ഗ്രേഡിംഗ് പൂർത്തിയാക്കൽ
2. .................................... അയൽക്കൂട്ടങ്ങളെ ലിങ്കേജ് വായ്പാ പരിധിയിൽ കൊണ്ടുവരൽ
3. .............................. സൂക്ഷ്മ സംരംഭങ്ങൾക്ക് ആവശ്യമായ സഹായം ലഭ്യമാക്കൽ
4. ................................................ വ്യക്തികളെ സ്വയംതൊഴിൽ ആരംഭിക്കുന്നതിന് സഹായം നൽകൽ
5. ...................................... വ്യക്തികൾക്ക് ആവശ്യമായ വൈദഗ്ദ്ധ്യ പരിശീലനം നൽകി വേതനാധിഷ്ഠിത തൊഴിലേയ്ക്ക് സജ്ജമാക്കൽ.
6. ...................................... കുടുംബങ്ങളെ കുടുംബശ്രീയിൽ അംഗങ്ങളാക്കുക
7. പുതുതായി രുപീകരിക്കാവുന്ന അയൽക്കൂട്ടങ്ങളുടെ എണ്ണം...........................

തീയതി ഒപ്പ്
സ്ഥലം എഡിഎസ് പ്രസിഡന്റ്

**പ്രൊഫാർമ ഡി**

സിഡിഎസ് ആക്ഷൻ പ്ലാൻ (എഡിഎസ് തല വിവരം ക്രോഡീകരിച്ചത്)
............................ സിഡിഎസ്

I. പൊതുവിവരങ്ങൾ

a. സിഡിഎസ് പരിധിയിലുള്ള ആകെ കുടുംബങ്ങളുടെ എണ്ണം
b. ഇതിൽ ബിപിഎൽ കുടുംബങ്ങളുടെ എണ്ണം
c. കുടുംബശ്രീ സംവിധാനത്തിൽ ഉൾപ്പെട്ടിട്ടില്ലാത്ത ബിപിഎൽ കുടുംബങ്ങളുടെ എണ്ണം
d. ഗ്രേഡിംഗ് പൂർത്തിയാക്കാത്ത അയൽക്കൂട്ടങ്ങളുടെ എണ്ണം
e. ബാങ്ക് ലിങ്കേജ് എടുക്കാത്ത അയൽക്കൂട്ടങ്ങളുടെ എണ്ണം
f. റിവോൾവിംഗ് ഫണ്ട് ലഭിക്കാത്ത അയൽക്കൂട്ടങ്ങളുടെ എണ്ണം

**II. കുടുംബശ്രീ മിഷന്റെ സഹായം ആവശ്യമായ സംരംഭങ്ങളുടെ വിവരം**

| ക്രമ നം. | സംരംഭ മേഖല/ പേര് | വ്യക്തിഗതം/ ഗ്രൂപ്പ് | രൂപീകരിച്ച വർഷം | ആവശ്യമായ സഹായം | |
|---|---|---|---|---|---|
| | | | | പരിശീലനം - ഇഡിപി, വൈദഗ്ദ്ധ്യ പരിശീലനം | സാമ്പത്തിക സഹായം- ടെക്നോളജി ഫണ്ട്, ടെക്നോളജി അപ്ഗ്രഡേഷൻ ഫണ്ട്, രണ്ടാം ഘട്ട ധനസഹായം, റിവോൾവിംഗ് ഫണ്ട്, ക്രൈസിസ്സ് മാനേജ്മെന്റ് ഫണ്ട് |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |

**III. തൊഴിൽ ആവശ്യമായ വ്യക്തികളുടെ വിവരം**

**എ. സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കാൻ താല്പര്യപ്പെടുന്ന കുടുംബശ്രീ അംഗങ്ങൾ / കുടുംബാംഗങ്ങളുടെ വിവരം (താഴെപറയുന്ന പട്ടികയിൽ രേഖപ്പെടുത്തുക)**

| ക്രമ നം. | വ്യക്തിയുടെ പേര് | വയസ് | താത്പര്യമേഖല | ബന്ധപ്പെടേണ്ട നമ്പർ | അയൽക്കൂട്ടത്തിന്റെ പേര് | എ.ഡി.എസ് |
|---|---|---|---|---|---|---|
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |

**ബി. വൈദഗ്ദ്ധ്യ പരിശീലനം ആർജ്ജിച്ച് വേതനാധിഷ്ഠിത തൊഴിലിൽ ഏർപ്പെടാൻ താല്പര്യപ്പെടുന്ന കുടുംബശ്രീ വനിതകൾ/കുടുംബാംഗങ്ങളുടെ വിവരം**

| ക്രമ നം. | വ്യക്തി യുടെ പേര് | വയസ് | വി ദ്യാഭ്യാസ യോഗ്യത | ബന്ധപ്പെ ടേണ്ട നമ്പർ | വ്യക്തി/കുടു ബാംഗം ഉൾപ്പെട്ട അയൽക്കൂട്ട ത്തിന്റെ പേര് | എ.ഡി. എസ് |
|---|---|---|---|---|---|---|
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |

**IV.** **നഗരസഭയിൽ സിറ്റി ലൈവ്‌ലി ഹുഡ് സെന്റർ ആരംഭിക്കാൻ ഉചിതായ സ്ഥലം. (സ്ഥലം ലഭ്യമെങ്കിൽ സൂചിപ്പിക്കുക)**

**V.** **വനിതകൾക്കായി ഷീ ലോഡ്ജ് ആരംഭിക്കാൻ ഉചിതമായ സ്ഥലം**

**VI.** **അയൽക്കൂട്ടത്തിൽ അംഗമല്ലാത്ത നഗരദരിദ്രരായ വ്യക്തികളുടെ വിവരം**

| ക്രമ നം. | വ്യക്തിയുടെ പേര് | വയസ്സ് | എസ്.സി/ എസ്.റ്റി/ജന റൽ | തൊഴിൽമേഖല |
|---|---|---|---|---|
| | | | | |
| | | | | |

## VII. പി.എം.എ.വൈ./ലൈഫ് ഗുണഭോക്തൃപട്ടികയിൽ വരാത്ത ഭവനരഹിതരുടെ വിവരം

| ക്രമ നം. | കുടുംബ നാഥന്റെ പേര് | കുടുംബങ്ങളുടെ എണ്ണം | തൊഴിൽ | എസ്.സി/ എസ്.റ്റി/ ജനറൽ | വസ്തു ഉണ്ട്/ഇല്ല | ഇപ്പോൾ താമസിക്കുന്നത് - വാടക/ ബന്ധുവീട്/ തുറസ്സായ സ്ഥലം | പട്ടികയിൽനിന്നും ഒഴിവാക്കാനുള്ള കാരണം പദ്ധതിയെക്കുറിച്ച് ഗുണഭോക്താവി അറിവില്ല/ മനപ്പൂർവ്വം ഒഴിവാക്കി/ മാനദണ്ഡ പ്രകാരം യോഗ്യനല്ല |
|---|---|---|---|---|---|---|---|
| | | | | | | | |
| | | | | | | | |

**2018-19 സാമ്പത്തിക വർഷത്തെ കർമ്മ പദ്ധതി**

1. ..................................... അയൽക്കൂട്ടങ്ങളുടെ ഗ്രേഡിംഗ് പൂർത്തിയാക്കൽ
2. .................................... അയൽക്കൂട്ടങ്ങളെ ലിങ്കേജ് വായ്പാ പരിധിയിൽ കൊണ്ടു വരൽ
3. .............................. സൂക്ഷ്മ സംരംഭങ്ങൾക്ക് ആവശ്യമായ സഹായം ലഭ്യമാക്കൽ
4. ............................................... വ്യക്തികളെ സ്വയംതൊഴിൽ ആരംഭിക്കുന്നതിന് സഹായം നൽകൽ
5. ..................................... വ്യക്തികൾക്ക് ആവശ്യമായ വൈദഗ്ദ്ധ്യ പരിശീലനം നൽകി വേതനാധിഷ്ഠിത തൊഴിലേയ്ക്ക് സജ്ജമാക്കൽ.
6. കുടുംബങ്ങളെ അയൽക്കൂട്ടാംഗങ്ങളാക്കുക
7. പുതുതായി രുപീകരിക്കാൻ കഴിയുന്ന അയൽക്കൂട്ടങ്ങളുടെ എണ്ണം

ഒപ്പ്
സിഡിഎസ് ചെയർപേഴ്സൺ

തീയതി
ഒപ്പ്
സ്ഥലം
മെമ്പർ സെക്രട്ടറി

അനുബന്ധം 5

## ക്യാമ്പെയിൻ പൂർത്തീകരിക്കേണ്ട സമയക്രമം

| ക്രമ നം | ഇനം | സമയക്രമം |
|---|---|---|
| 1. | സംസ്ഥാനതല ശില്പശാല | ഫെബ്രുവരി 16 |
| 2. | കർമ്മപരിപാടികളെ കുറിച്ച് ചർച്ച ചെയ്യുന്നതിന് നഗരസഭാ കൗൺസിൽ യോഗം | ഫെബ്രുവരി 17-24 |
| 3. | ക്യാമ്പെയിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും സമയബന്ധിതമായി പൂർത്തീകരണം സംബന്ധിച്ചും ചർച്ച ചെയ്യുന്നതിനായുള്ള പ്രത്യേക സിഡിഎസ് യോഗം | ഫെബ്രുവരി 17-21 |
| 4. | എ.ഡി.എസ് അയൽക്കൂട്ടതല പട്ടിക തയ്യാറാക്കൽ | ഫെബ്രുവരി 18-19 |
| 5. | എ.ഡി.എസ് ഭരണസമിതി, അയൽക്കൂട്ട പ്രസിഡന്റ് -സെക്രട്ടറിമാരുടെ യോഗം | ഫെബ്രുവരി 24-27 |
| 6. | പ്രത്യേക അയൽക്കൂട്ട യോഗം | മാർച്ച് 2–5 |
| 7. | എ.ഡി.എസ് യോഗം | മാർച്ച് 8–10 |
| 8. | സി.ഡി.എസ് യോഗം | മാർച്ച് 10–15 |
| 9. | ജില്ലാതല യോഗം | മാർച്ച് 12–17 |
| 10. | കർമ്മപരിപാടി അംഗീകരിക്കാനുള്ള സിഡിഎസ് യോഗം | മാർച്ച് 15–18 |
| 11. | നഗരസഭാ യോഗം | മാർച്ച് 15–19 |

# സ്പർശം
# ക്യാമ്പയിൻ ഡാറ്റ

## Sparsham Campaign Details

| ULB Name | Total number of NHGs | NHGs functioning regularly | NHGs not functioning regularly | Defunct NHGs | NHGs yet to complete grading | NHGs not availed linkage Loan | NHGs not supported with RF | Families with in the ADS limit | BPL families | BPL families not included in NHGs | Individual ME | Group ME | Persons interested to start MEs | Number of persons interested in skill training |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| Neyyattinkara | 619 | 588 | 31 | 16 | 156 | 203 | 154 | 20438 | 11363 | 1628 | 234 | 53 | 593 | 369 |
| Nedumangad | 632 | 606 | 26 | 107 | 217 | 221 | 274 | 17572 | 10737 | 8013 | 94 | 18 | 621 | 311 |
| Varkala | 293 | 266 | 27 | 8 | 80 | 72 | 153 | 9517 | 5194 | 2392 | 82 | 42 | 352 | 165 |
| Attingal | 256 | 244 | 12 | 5 | 54 | 82 | 142 | 7718 | 3977 | 2482 | 28 | 9 | 155 | 88 |
| Thiruvananthapuram | 4968 | 4030 | 891 | 228 | 1519 | 1183 | 1820 | 292481 | 194903 | 79152 | 970 | 311 | 1819 | 946 |
| Karunagappally | 578 | 504 | 74 | 3 | 125 | 145 | 141 | 14783 | 11399 | 6997 | 127 | 61 | 553 | 330 |
| Kottarakara | 246 | 239 | 7 | 7 | 37 | 65 | 17 | 7317 | 3235 | 2341 | 63 | 14 | 197 | 154 |
| South paravoor | 246 | 232 | 14 | 12 | 72 | 90 | 73 | 6910 | 1777 | 323 | 39 | 0 | 169 | 173 |
| Punalur | 507 | 454 | 53 | 24 | 146 | 178 | 243 | 16088 | 7836 | 1336 | 262 | 52 | 609 | 477 |
| Kollam | 1990 | 1771 | 219 | 170 | 317 | 587 | 597 | 74719 | 36356 | 5037 | 895 | 100 | 3675 | 2314 |
| Thiruvalla | 283 | 263 | 20 | 0 | 18 | 21 | 23 | 15600 | 6402 | 620 | 201 | 16 | 184 | 117 |
| Adoor | 180 | 171 | 9 | 11 | 28 | 56 | 32 | 9281 | 2799 | 278 | 70 | 0 | 161 | 68 |
| Pandalam | 377 | 365 | 12 | 16 | 67 | 40 | 62 | 9303 | 3392 | 247 | 376 | 156 | 527 | 244 |
| Pathanamthitta | 246 | 233 | 13 | 5 | 63 | 86 | 50 | 5899 | 4101 | 134 | 30 | 11 | 173 | 51 |
| Cherthala | 401 | 393 | 8 | 4 | 41 | 44 | 296 | 13302 | 8519 | 1089 | 41 | 19 | 642 | 367 |
| Kayamkulam | 577 | 493 | 84 | 36 | 101 | 130 | 386 | 15752 | 7995 | 1295 | 185 | 77 | 704 | 417 |
| Mavelikara | 140 | 123 | 17 | 13 | 87 | 44 | 52 | 7580 | 3282 | 1422 | 112 | 18 | 157 | 57 |
| Chengannur | 147 | 129 | 18 | 17 | 55 | 57 | 63 | 6263 | 2943 | 668 | 45 | 7 | 144 | 46 |
| Haripad | 227 | 187 | 40 | 12 | 16 | 22 | 205 | 7376 | 3610 | 347 | 55 | 43 | 330 | 108 |
| Alappuzha | 1018 | 896 | 122 | 41 | 145 | 105 | 156 | 28381 | 12947 | 2086 | 337 | 116 | 1057 | 780 |
| Vaikom | 216 | 209 | 7 | 0 | 85 | 117 | 120 | 5830 | 3203 | 1319 | 45 | 11 | 159 | 114 |
| Pala | 157 | 156 | 1 | 0 | 46 | 10 | 47 | 5736 | 2007 | 172 | 20 | 6 | 114 | 103 |
| Erattupetta | 144 | 138 | 6 | 4 | 108 | 39 | 57 | 6774 | 3764 | 1968 | 60 | 22 | 189 | 127 |
| Ettumanoor | 321 | 290 | 31 | 23 | 53 | 58 | 173 | 7735 | 3292 | 590 | 59 | 30 | 252 | 182 |
| Changanassery | 231 | 189 | 39 | 28 | 45 | 45 | 132 | 9657 | 4221 | 1506 | 5 | 5 | 135 | 83 |
| Kottayam | 507 | 446 | 61 | 13 | 98 | 163 | 132 | 10290 | 3254 | 2627 | 150 | 8 | 619 | 463 |
| Thodupuzha | 297 | 290 | 7 | 2 | 57 | 97 | 207 | 13733 | 4188 | 611 | 59 | 10 | 333 | 131 |
| Kattappana | 460 | 433 | 27 | 10 | 31 | 122 | 235 | 9638 | 4260 | 1164 | 243 | 127 | 770 | 416 |
| Thrikkakara | 512 | 491 | 21 | 18 | 246 | 101 | 280 | 28283 | 9588 | 3958 | 128 | 21 | 410 | 401 |
| Anagamaly | 188 | 168 | 20 | 13 | 35 | 41 | 92 | 8383 | 3760 | 2375 | 127 | 16 | 219 | 193 |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| Aluva | 88 | 87 | 1 | 0 | 10 | 22 | 19 | 3860 | 849 | 439 | 43 | 14 | 136 | 53 |
| Kala-massery | 369 | 353 | 16 | 19 | 90 | 100 | 128 | 18424 | 5576 | 1046 | 97 | 17 | 278 | 137 |
| Eloor | 271 | 234 | 37 | 11 | 27 | 41 | 63 | 6216 | 2557 | 675 | 29 | 5 | 137 | 82 |
| North paravur | 190 | 178 | 12 | 6 | 21 | 75 | 88 | 8474 | 5296 | 515 | 78 | 22 | 122 | 80 |
| Maradu | 357 | 347 | 10 | 19 | 42 | 58 | 142 | 11007 | 1174 | 524 | 127 | 31 | 495 | 384 |
| Perum-bavoor | 169 | 164 | 5 | 3 | 51 | 55 | 67 | 7845 | 2772 | 672 | 91 | 19 | 251 | 191 |
| Tripu-nithura | 455 | 439 | 16 | 10 | 108 | 121 | 288 | 25602 | 4813 | 320 | 171 | 38 | 125 | 46 |
| Kotha-mangalam | 226 | 222 | 3 | 1 | 24 | 29 | 130 | 10789 | 4012 | 2472 | 52 | 30 | 238 | 226 |
| Muvattu-puzha | 167 | 152 | 15 | 3 | 47 | 47 | 35 | 8510 | 4686 | 1849 | 23 | 1 | 154 | 118 |
| Koothat-tukulam | 152 | 147 | 5 | 0 | 6 | 13 | 34 | 4131 | 2160 | 133 | 62 | 40 | 328 | 297 |
| Piravom | 188 | 172 | 16 | 8 | 4 | 12 | 26 | 6496 | 3469 | 286 | 92 | 26 | 384 | 350 |
| Kochi | 2965 | 2642 | 323 | 149 | 598 | 648 | 1630 | 88803 | 53307 | 11134 | 1897 | 291 | 4519 | 2092 |
| Guru-vayoor | 454 | 433 | 20 | 18 | 141 | 148 | 211 | 9081 | 4488 | 1238 | 4 | 3 | 199 | 112 |
| Kunnam-kulam | 464 | 451 | 13 | 12 | 111 | 117 | 201 | 15170 | 7195 | 1459 | 25 | 4 | 205 | 129 |
| Chavak-kad | 334 | 287 | 47 | 32 | 76 | 77 | 225 | 9760 | 5955 | 983 | 76 | 39 | 188 | 50 |
| Chal-akudy | 294 | 272 | 22 | 9 | 28 | 34 | 79 | 12899 | 7449 | 1836 | 93 | 20 | 402 | 188 |
| Wadak-kanchery | 655 | 613 | 42 | 47 | 119 | 153 | 131 | 10864 | 3499 | 724 | 40 | 39 | 374 | 354 |
| Irinjal-akuda | 329 | 315 | 14 | 10 | 55 | 61 | 43 | 17579 | 5469 | 1334 | 105 | 11 | 468 | 216 |
| Kodun-gallur | 661 | 641 | 20 | 16 | 50 | 102 | 97 | 12563 | 5203 | 466 | 152 | 41 | 1049 | 427 |
| Thrissur | 1219 | 1082 | 137 | 83 | 310 | 325 | 350 | 139817 | 29527 | 8686 | 254 | 28 | 826 | 494 |
| Chit-tur-tata-mangalam | 279 | 257 | 22 | 7 | 23 | 38 | 92 | 5843 | 2540 | 1324 | 2 | 6 | 113 | 97 |
| Ottappa-lam | 426 | 377 | 49 | 9 | 54 | 97 | 218 | 8949 | 6402 | 1271 | 22 | 8 | 262 | 162 |
| Shornur | 234 | 231 | 3 | 1 | 25 | 32 | 28 | 4677 | 2819 | 1 | 38 | 13 | 324 | 311 |
| Cherpu-lasseri | 312 | 298 | 14 | 17 | 50 | 80 | 69 | 10328 | 4569 | 857 | 26 | 14 | 115 | 141 |
| Pattambi | 139 | 138 | 1 | 2 | 41 | 62 | 54 | 5115 | 3382 | 1953 | 0 | 0 | 163 | 87 |
| Mannark-kad | 166 | 165 | 1 | 1 | 23 | 26 | 91 | 3182 | 1499 | 926 | 0 | 0 | 132 | 142 |
| Palakkad | 219 | 211 | 9 | 6 | 28 | 18 | 89 | 4218 | 3444 | 340 | 80 | 17 | 398 | 181 |
| Kottakkal | 193 | 163 | 30 | 26 | 54 | 41 | 133 | 9223 | 6733 | 3862 | 106 | 3 | 106 | 44 |
| Manjeri | 621 | 566 | 55 | 29 | 127 | 218 | 510 | 21737 | 12130 | 860 | 35 | 4 | 424 | 390 |
| Perinthal-manna | 240 | 224 | 16 | 12 | 124 | 150 | 189 | 8680 | 3871 | 689 | 17 | 10 | 84 | 180 |
| Ponnani | 553 | 510 | 21 | 28 | 245 | 267 | 484 | 17031 | 11583 | 2608 | 28 | 13 | 246 | 159 |
| Va-lanchery | 165 | 114 | 51 | 12 | 49 | 63 | 111 | 9014 | 4596 | 2428 | 11 | 2 | 138 | 88 |
| Tiruran-gadi | 150 | 128 | 22 | 8 | 32 | 46 | 132 | 9220 | 5323 | 2865 | 9 | 4 | 190 | 94 |
| Nilambur | 413 | 387 | 26 | 16 | 65 | 60 | 347 | 11205 | 5952 | 1412 | 20 | 15 | 44 | 125 |
| Tanur | 170 | 145 | 25 | 2 | 52 | 48 | 120 | 5810 | 3690 | 2261 | 24 | 18 | 347 | 309 |

| | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| Tirur | 124 | 106 | 18 | 16 | 37 | 34 | 55 | 4278 | 1419 | 493 | 1 | 3 | 208 | 249 |
| Parap-panangadi | 449 | 430 | 19 | 32 | 137 | 204 | 241 | 11408 | 5681 | 2762 | 473 | 51 | 799 | 254 |
| Kondotty | 491 | 426 | 64 | 36 | 106 | 111 | 313 | 14281 | 7792 | 1757 | 12 | 8 | 213 | 217 |
| Malappu-ram | 381 | 365 | 16 | 22 | 45 | 61 | 234 | 14948 | 10513 | 2062 | 82 | 20 | 164 | 162 |
| Koduvally | 310 | 296 | 14 | 1 | 16 | 23 | 109 | 11321 | 8186 | 2720 | 63 | 13 | 215 | 134 |
| Payyoli | 442 | 430 | 12 | 6 | 103 | 104 | 203 | 9621 | 6166 | 4074 | 9 | 18 | 535 | 458 |
| Ramanat-tukara | 359 | 345 | 14 | 16 | 56 | 79 | 128 | 10364 | 2625 | 591 | 19 | 32 | 511 | 401 |
| Koyilandy | 783 | 726 | 57 | 57 | 192 | 265 | 424 | 16233 | 10576 | 1596 | 136 | 45 | 716 | 389 |
| Vatakara | 538 | 515 | 23 | 30 | 145 | 148 | 191 | 14366 | 6546 | 967 | 90 | 32 | 393 | 437 |
| Feroke | 535 | 507 | 24 | 24 | 86 | 110 | 224 | 9946 | 6314 | 1352 | 33 | 10 | 160 | 162 |
| Mukkam | 351 | 339 | 12 | 12 | 74 | 136 | 57 | 9617 | 6267 | 805 | 48 | 6 | 171 | 201 |
| Kozhi-kode | 1359 | 1315 | 44 | 28 | 568 | 601 | 878 | 54152 | 5910 | 315 | 118 | 29 | 2690 | 1795 |
| Manan-thavady | 509 | 494 | 15 | 6 | 53 | 110 | 356 | 11363 | 8183 | 1169 | 190 | 30 | 562 | 291 |
| Kalpetta | 264 | 250 | 14 | 6 | 70 | 77 | 153 | 8665 | 5104 | 1014 | 68 | 26 | 263 | 175 |
| Sulthan bathery | 496 | 443 | 55 | 12 | 87 | 66 | 275 | 10225 | 5969 | 984 | 346 | 30 | 592 | 549 |
| Payyan-nur | 594 | 589 | 5 | 7 | 37 | 53 | 125 | 12887 | 5619 | 428 | 120 | 13 | 317 | 345 |
| Tali-paramba | 178 | 174 | 4 | 1 | 16 | 28 | 36 | 6477 | 2302 | 326 | 62 | 4 | 203 | 159 |
| Anthur | 348 | 340 | 6 | 2 | 41 | 61 | 40 | 9175 | 3480 | 72 | 38 | 6 | 215 | 177 |
| Thalassery | 427 | 410 | 17 | 17 | 62 | 94 | 171 | 7672 | 5326 | 664 | 49 | 17 | 580 | 859 |
| Kuth-uparamba | 192 | 150 | 42 | 1 | 162 | 39 | 44 | 7471 | 3703 | 885 | 6 | 4 | 221 | 61 |
| Mattan-nur | 383 | 372 | 11 | 1 | 24 | 45 | 37 | 8988 | 7051 | 74 | 54 | 15 | 144 | 165 |
| Kannur | 1177 | 1099 | 78 | 11 | 210 | 324 | 683 | 60329 | 17879 | 2353 | 36 | 33 | 442 | 315 |
| Panoor munici-pality | 459 | 447 | 12 | 8 | 60 | 177 | 136 | 12013 | 6398 | 304 | 38 | 24 | 663 | 440 |
| Sreekan-dapuram | 336 | 333 | 3 | 1 | 18 | 17 | 57 | 8604 | 5410 | 262 | 9 | 14 | 634 | 283 |
| Iritty | 356 | 337 | 19 | 5 | 130 | 168 | 168 | 10065 | 4966 | 254 | 25 | 15 | 615 | 417 |
| Nilesh-waram | 360 | 353 | 7 | 4 | 79 | 102 | 53 | 8877 | 5835 | 120 | 26 | 26 | 212 | 183 |
| Kanhan-gad | 606 | 588 | 18 | 12 | 124 | 222 | 137 | 19416 | 13369 | 1717 | 54 | 25 | 311 | 259 |
| Kasaragod | 283 | 283 | 0 | 7 | 39 | 49 | 114 | 3786 | 2289 | 379 | 13 | 11 | 302 | 203 |
| Total | 44341 | 40604 | 3659 | 1859 | 9835 | 11216 | 18710 | 1641009 | 803171 | 225124 | 11289 | 2785 | 43037 | 28071 |

# സ്പർശം ക്യാമ്പയിൻ
# തുടർ പ്രവർത്തനങ്ങൾ
# സംബന്ധിച്ച പരിപത്രം

**നം. 6701/എഫ്/2013/കെഎസ്എച്ച്ഒ** **16.05.2018**

# സർക്കുലർ

**വിഷയം:– കുടുംബശ്രീ ''സ്പർശം'' ക്യാമ്പയിൻ സ്ഥിതി വിവരങ്ങൾ പരിശോധന യ്ക്ക് വിധേയമാക്കുന്നത് – സംബന്ധിച്ച്.**

സ്പർശം ക്യാമ്പയിൻ വിജയകരമായി പൂർത്തിയാക്കിയതിനു നന്ദി. സ്പർശം ക്യാമ്പയിൻ നമ്മൾ ചില ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് തുടക്കമിട്ടത്. ആ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിന് നമുക്കായിട്ടുണ്ടോ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. അതുപോലെ ലഭിച്ച വിവരങ്ങളുടെ ആധികാരികത, അതിന്റെ കൃത്യത എന്നീ കാര്യങ്ങൾ നമ്മൾ പ്രത്യേകം പരിശോധിക്കേണ്ടിയിരിക്കുന്നു. സ്പർശം ക്യാമ്പയിൻ കണ്ടെത്തിയ പ്രകാരം ഇനിയും 245690 കുടുംബങ്ങൾ അയൽക്കൂട്ടങ്ങളിൽ അംഗങ്ങളാകാനുണ്ട്. ഇതിൽ അർഹരായവരെ കണ്ടെത്താൻ എല്ലാ സിറ്റി മിഷൻ മാനേജർമാരും അവരവരുടെ സിറ്റികളിൽ നിന്നും ലഭിച്ച വിവരങ്ങൾ ഒന്നുകൂടി പരിശോധിക്കേണ്ടതുണ്ട്.

എല്ലാ നഗരത്തിലെയും എല്ലാ വാർഡുകളിലും ഇത്തരത്തിലുള്ള പരിശോധന നടത്തുക സാദ്ധ്യമല്ല. ആയതിനാൽ തങ്ങളുടെ നഗരസഭയിലെ ഒരു വാർഡിലെ വിവരങ്ങൾ പഠനത്തിനുവിധേയമാക്കണം.

ഇത്തരത്തിൽ ലഭിക്കുന്ന വിവരങ്ങൾ പഠനത്തിന് വിധേയമാക്കിയശേഷം, ഏതെങ്കിലും ഗണത്തിൽപ്പെടുന്നവരെ മാത്രം ഉൾപ്പെടുത്തിയാൽ മതിയോ, അതോ ഇപ്പോൾ കണ്ടെത്തിയ എല്ലാവരെയും നിർബന്ധമായും അയൽക്കൂട്ടങ്ങളിൽ അംഗങ്ങൾ ആക്കണോ എന്ന് തീരുമാനിക്കാൻ കഴിയൂ.

ആയതിനാൽ താങ്കളുടെ നഗരസഭയിലെ ഒരു വാർഡിൽ സ്പർശം ക്യാമ്പയിൻ വഴി കണ്ടെത്തിയ വിവരങ്ങളിൽ നിന്നും താഴെപറയുന്ന വിശദാംശങ്ങൾ ശേഖരിക്കേണ്ടതാണ്

**1.** പക്കാ വീടില്ലാതെ എത്രപേർ ഉണ്ട്? / അവരുടെ വിശദവിവരങ്ങൾ ഒരു രെജിസ്റ്ററിൽ എഴുതി സൂക്ഷിക്കുക

**2.** സ്ത്രീ കുടുംബനാഥ ആയ എത്ര കുടുംബങ്ങൾ ഉണ്ട് ?/ അവരുടെ വിശദവിവരങ്ങൾ ഒരു രെജിസ്റ്ററിൽ എഴുതി സൂക്ഷിക്കുക

**3.** വാർഡിലെ എല്ലാ ആശ്രയ കുടുംബങ്ങളും അയൽക്കൂട്ടത്തിൽ അംഗങ്ങളാണോ?

**4.** ദീർഘ നാളുകളായി അസുഖ ബാധിതരായ കിടപ്പുരോഗികൾ ഉള്ള എത്ര കുടുംബങ്ങൾ ഉണ്ട്? / അവരുടെ വിശദവിവരങ്ങൾ ഒരു രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുക

**5.** കുടുംബത്തിൽ ഒരാൾക്കെങ്കിലും കുറഞ്ഞത് മാസത്തിൽ 10 ദിവസം സ്ഥിര വരുമാനം ഇല്ലാത്ത എത്ര കുടുംബങ്ങൾ ഉണ്ട്?.

**6.** ടി വാർഡിലെ ബി.പി.എൽ (റേഷൻ കാർഡ്/നഗരസഭ അംഗീകരിച്ച ലിസ്റ്റ്) ലിസ്റ്റിൽ ഉൾപ്പെട്ട ആരെയെങ്കിലും വിട്ടുപോയിട്ടുണ്ടോ,

സ്പർശം ക്യാമ്പയിൻ വഴി ലഭ്യമായ വാർഡ് തല വിവരത്തെ മേൽപറഞ്ഞ വസ്തുതകളുമായി കൂട്ടിയോജിപ്പിച്ച് ഇനി അയൽക്കൂട്ടത്തിൽ അംഗങ്ങളാകാൻ അർഹതയുള്ളവരുടെ എണ്ണം കണക്കാക്കാം . ഇത് വാർഡ്തലത്തിൽ ഒരു യോഗം കൂടി വേണം നിർവഹിക്കുവാൻ. പ്രസ്തുത യോഗത്തിൽ ഇതുമായി ബന്ധപ്പെട്ട എല്ലവരെയും ഉൾപ്പെടുത്തണം.

അങ്ങനെ ലഭിക്കുന്ന വിവരങ്ങളെ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന ഫോർമാറ്റിൽ പൂരിപ്പിച്ച്, ഗൂഗിൾ ഡ്രൈവിൽ ഷെയർ ചെയ്തിട്ടുള്ള സ്പ്രെഡ് ഷീറ്റിൽ അപ്ഡേറ്റ് ചെയ്യുക. **ഇത് മെയ് മാസം 20 തിയതിക്കു മുൻപ് ലഭ്യമാക്കണം.**

(ഒപ്പ്)
**പ്രോഗ്രാം ഓഫീസർ (അർബൻ )**
**കുടുംബശ്രീ**

To,
എല്ലാ നഗരസഭാ ചെയർമാൻമാർക്കും/മേയർമാർക്കും
എല്ലാ നഗരസഭ സെക്രട്ടറിമാർക്കും/കോർപ്പറേഷൻ സെക്രട്ടറിമാർക്കും

പകർപ്പ്
ജില്ലാമിഷൻ കോ-ഓർഡിനേറ്റർ
സിറ്റി പ്രോജക്ട് ഓഫീസർ (നഗരസഭാ സെക്രട്ടറി മുഖാന്തിരം)
സിറ്റി മിഷൻ മാനേജർ (നഗരസഭാ സെക്രട്ടറി മുഖാന്തിരം)

നഗരസഭയുടെ പേര് :

വാർഡ് നം. :

| മൊത്തം കുടും ബങ്ങളു ടെ എണ്ണം (വാർഡിൽ) | നഗരദരിദ്ര കുടും ബങ്ങൾ (വാർഡിൽ) | വാർഡിലെ ന ഗരദരിദ്രരിൽ അയൽക്കൂട്ടാംഗങ്ങൾ ആകാത്ത എത്ര കുടുംബം (സ്പർശം ക്യാമ്പയിൻ മുഖേന കണ്ടെത്തിയ എണ്ണം) | കോളം (3) ൽ ന ൽകിയിരിക്കുന്ന കുടുംബങ്ങളിൽ ആശ്രയ കുടും ബങ്ങൾ എത്ര | കോളം (3) ൽ ന ൽകിയിരിക്കുന്ന കുടുംബങ്ങളിൽ സ്ത്രീ കുടുംബനാഥയായ കുടുംബങ്ങളുടെ എണ്ണം | കോളം (3) ൽ ന ൽകിയിരിക്കുന്ന കുടുംബങ്ങ ളിൽ സ്വന്തമായി വീടില്ലാത്ത കുടുംബങ്ങളുടെ എണ്ണം | കോളം (3) ൽ ന ൽകിയിരിക്കുന്ന കുടുംബങ്ങളിൽ സ്വന്തമായി വീടും സ്ഥലവുമില്ലാത്ത കുടുംബങ്ങളുടെ എണ്ണം | കോളം (3) ൽ ന ൽകിയിരിക്കുന്ന കുടുംബങ്ങളിൽ ഒരംഗത്തിനെങ്കിലും സ്ഥിരവരുമാനം ഇല്ലാത്ത കുടു ംബങ്ങളുടെ എണ്ണം | കോളം (3) ൽ ന ൽകിയിരിക്കുന്ന കുടുംബങ്ങ ളിൽ ദീർഘ നാളായി അസുഖ ബാധിതരായി കി ടപ്പുരോഗികളുള്ള കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|---|---|---|---|---|
| 1. | 2. | 3. | 4. | 5. | 6. | 7. | 8. | 9. |
| | | | | | | | | |

6394/എഫ്/2015/കെ.എസ്സ്.എച്ച്.ഒ 08.06.2018

# പരിപത്രം

**വിഷയം: സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ - സ്പർശം ക്യാമ്പയിൻ–തുടർപ്രവർത്തനങ്ങൾ– അയൽക്കൂട്ടങ്ങളുടെ 100% ലിങ്കേജ് - സംബന്ധിച്ച്.**

**സൂചന: സ്പർശം ക്യാമ്പയിൻ ഡാറ്റാ.**

നഗരപ്രദേശങ്ങളിൽ കുടുംബശ്രീ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും, നഗര ദരിദ്രർക്ക് എൻ.യു.എൽ.എം/കുടുംബശ്രീ പദ്ധതികളുടെ പ്രയോജനം ലഭ്യമാക്കുന്നതിനും അർഹരായ എല്ലാവരെയും കണ്ടെത്തുന്നതിന് 2018 ഫെബ്രുവരി 19 മുതൽ മാർച്ച് 20 വരെ സ്പർശം ക്യാമ്പയിൻ സംഘടിപ്പിച്ചിരുന്നു. ഇതിന്റെ ഭാഗമായി അയൽക്കൂട്ടങ്ങളുടെ പ്രവർത്തനം വിലയിരുത്തുകയുണ്ടായി. ഇതിൽ നിന്നും ലഭ്യമായ വിവരങ്ങളിൽ നിന്നും 3937 അയൽക്കൂട്ടങ്ങൾ കൃത്യമായി പ്രവർത്തിക്കുന്നില്ലെന്നും 1928 അയൽക്കൂട്ടങ്ങൾ പ്രവർത്തനരഹിതമാണെന്നും കണ്ടെത്തിയിട്ടുണ്ട്. ഗ്രേഡിംഗ് പൂർത്തിയാക്കാത്ത 10573 അയൽക്കൂട്ടങ്ങളും നിലവിലുണ്ട്.

കുടുംബശ്രീ 2018-19 സാമ്പത്തിക വർഷം 'year of NHG' ആയി ആചരിച്ച് അയൽക്കൂട്ട പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്ന സാഹചര്യത്തിൽ നഗരപ്രദേശത്തെ മുഴുവൻ അയൽക്കൂട്ടങ്ങളെയും പ്രവർത്തന സജ്ജമാക്കുകയും, അയൽക്കൂട്ട പ്രവർത്തനം കൃത്യമായി നടക്കുന്നുവെന്ന് ഉറപ്പുവരുത്തി ഗ്രേഡിംഗ് പൂർത്തിയാക്കി, 100% ലിങ്കേജ് എന്ന ലക്ഷ്യത്തിലേയ്ക്ക് എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഇതിനായി അയൽക്കൂട്ടതലത്തിൽ ലിങ്കേജ് ക്യാമ്പയിനായി പ്രത്യേക യോഗങ്ങളും ബോധവത്ക്കരണവും നടത്തേണ്ടതുണ്ട്. ഇത് സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

**1)അയൽക്കൂട്ട ഗ്രേഡിംഗ്**

പ്രവർത്തനനിരതമായ മുഴുവൻ അയൽക്കൂട്ടങ്ങളുടെയും ഗ്രേഡിംഗ് പൂർത്തിയാക്കി ലിങ്കേജ് വായ്പ പരിധിയിൽ കൊണ്ടുവരികയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ഇതിനായി ഗ്രേഡിംഗ് പൂർത്തിയാക്കേണ്ട അയൽക്കൂട്ടങ്ങളുടെ പട്ടിക തയ്യാറാക്കി ഇതിൽ അയൽക്കൂട്ടം രൂപീകരിച്ച് 6 മാസം പൂർത്തിയാക്കിയവയുടെ പട്ടിക പ്രത്യേകം രേഖപ്പെടുത്തണം. ഇതിൽ നിന്നും ഗ്രേഡിംഗ് പ്രക്രിയയ്ക്ക് അർഹതയുള്ള അയൽക്കൂട്ടങ്ങളുടെ പട്ടിക തയ്യാറാക്കി ഗ്രേഡിംഗ് പ്രക്രിയയ്ക്കുള്ള അപേക്ഷ ബാങ്കിൽ സമർപ്പിക്കുന്നതിനും തുടർ നടപടിക്കുള്ള നിർദ്ദേശം സിഡിഎസിന് നൽകേണ്ടതുമാണ്.

ഗ്രേഡിംഗ് പ്രക്രിയയ്ക്ക് സമയമായിട്ടും അർഹതയില്ലാത്ത അയൽക്കൂട്ടങ്ങളുടെ യോഗം സിഡിഎസ് തലത്തിലോ വാർഡ്തലത്തിലോ വിളിച്ച് ചേർത്ത് അയൽക്കൂട്ട പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതാണ്. ഗ്രേഡിംഗ് മാനദണ്ഡം അനുബന്ധം. 1 ആയി നൽകിയിട്ടുണ്ട്. ഗ്രേഡിംഗ് പ്രക്രിയയ്ക്ക് തടസ്സം നിൽക്കുന്ന ഘടകങ്ങൾ വിലയിരുത്തിടി അയൽക്കൂട്ടങ്ങളെ 3 അല്ലെങ്കിൽ 6 മാസത്തിനകം ഗ്രേഡിംഗ് പൂർത്തീകരിക്കുന്നതിനുള്ള ഉത്തരവാദിത്വം അതത് എ.ഡി.എസുകൾക്ക് നൽകേണ്ടതുമാണ്. ഇതിനുള്ള

തുടർ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്ത് ഗ്രേഡിംഗ് പൂർത്തിയാക്കുന്നതിനുള്ള നടപടി സിറ്റിമിഷൻ മാനേജർമാർ സ്വീകരിക്കേണ്ടതാണ്. അയൽക്കൂട്ട യോഗങ്ങളിൽ പങ്കെടുത്ത് ഈ അയൽക്കൂട്ടങ്ങളുടെ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിന്റെ ഉത്തരവാദിത്വം സി.ഒ.മാർക്ക് നൽകേണ്ടതും ഇത് സിറ്റിമിഷൻ മാനേജർമാർ ഉറപ്പു വരുത്തേണ്ടതുമാണ്.

ഗ്രേഡിംഗ് പൂർത്തിയാക്കാനുള്ള അയൽക്കൂട്ടങ്ങളുടെ പട്ടിക, നിലവിൽ ഗ്രേഡിംഗ് പൂർത്തിയാക്കുന്നതിനുള്ള പ്രശ്നങ്ങൾ, ഗ്രേഡിംഗ് പൂർത്തിയാക്കിയ തീയതി എന്നിവ മോണിറ്റർ ചെയ്യുന്നതിന് സംസ്ഥാന മിഷനിൽ നിന്നും ലഭ്യമാക്കുന്ന ഗൂഗിൾ സ്പ്രെഡ്ഷീറ്റിൽ സിറ്റിമിഷൻ മാനേജർമാർ അപ്ഡേറ്റ് ചെയ്യേണ്ടതാണ്.

ഗ്രേഡിംഗ് പൂർത്തിയാക്കേണ്ട അയൽക്കൂട്ടങ്ങളുടെ പ്രത്യേക യോഗം 2018 ജൂൺ 20 നകം പൂർത്തീകരിച്ച് പ്രശ്നങ്ങൾ വിലയിരുത്തി സ്പ്രെഡ്ഷീറ്റ് അപ്ഡേറ്റ് ചെയ്യേണ്ടതാണ്. ജൂൺ 30 നകം അർഹരായ എല്ലാ അയൽക്കൂട്ടങ്ങളുടെയും ഗ്രേഡിംഗ് പൂർത്തിയാക്കുന്നതിനുള്ള അപേക്ഷ ബാങ്കിൽ സമർപ്പിക്കേണ്ടതാണ്.

**2) ലിങ്കേജ് വായ്പ ലഭ്യമാക്കൽ**

സ്വകാര്യ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും ഉയർന്ന പലിശ നിരക്കിൽ വായ്പയെടുക്കുന്ന പ്രക്രിയ നിരുത്സാഹപ്പെടുത്തി, അംഗീകൃത ബാങ്കുകൾ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും കുടുംബശ്രീ സംഘടനാസംവിധാനത്തിന്റെ ശുപാർശയോടുകൂടി വായ്പയെടുത്ത് ഉപജീവന പ്രവർത്തനങ്ങൾ/വ്യക്തിപരമായ ആവശ്യങ്ങൾക്ക് ഉപയുക്തമാക്കുന്നതിന് സഹായം ലഭ്യമാക്കുകയെന്നതാണ് ലിങ്കേജ് വായ്പ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഇതിന് 4% പലിശ സബ്സിഡിയും മിഷൻ നൽകിവരുന്നു. എന്നാൽ സിഡിഎസ് സംവിധാനത്തിന്റെ അറിവില്ലാതെ ഒരേ സമയം വ്യത്യസ്ത ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പയെടുക്കുന്നതായും, 14% അധികരിച്ച് 24% വരെ ഉയർന്ന പലിശനിരക്കിൽ വായ്പയെടുക്കുന്നതായും മിഷന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിനുപുറമേ പതിനായിരത്തോളം അയൽക്കൂട്ടങ്ങൾ ലിങ്കേജ് വായ്പ എടുക്കാത്തതായും, തുടർ ലിങ്കേജ് ഇല്ലാത്തതായും കാണുന്നുണ്ട്. ഇത്തരത്തിൽ ലിങ്കേജ് വായ്പയെടുക്കാത്ത അയൽക്കൂട്ടങ്ങളുടെ പ്രവർത്തനം വിലയിരുത്തി കാരണം കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുണ്ട്.

ഇതിനായി ഗ്രേഡിംഗ് പൂർത്തിയായിട്ടും ലിങ്കേജ് വായ്പ എടുക്കാത്ത അയൽക്കൂട്ടങ്ങളുടെ പ്രത്യേക യോഗം സിഡിഎസ് തലത്തിൽ വിളിച്ചുചേർത്ത് കാരണം വിലയിരുത്തേണ്ടതാണ്. ഗ്രേഡിംഗ് പൂർത്തിയാക്കി ലിങ്കേജ് വായ്പയെടുക്കാത്ത മുഴുവൻ അയൽക്കൂട്ടങ്ങളുടെയും പട്ടിക വാർഡ് തിരിച്ച് തയ്യാറാക്കി യോഗത്തിന് ക്ഷണിക്കേണ്ടതാണ്. ടി യോഗത്തിൽ പലിശ സബ്സിഡി സ്കീം, മാച്ചിംഗ് ഗ്രാന്റ് എന്നിവയുടെ പ്രയോജനം പരിചയപ്പെടുത്തേണ്ടതുമാണ്. ആവശ്യമെങ്കിൽ ബാങ്ക് മാനേജർമാർ, സാമ്പത്തിക സാക്ഷരതാ കൗൺസിലർ (എഫ്എൽസി) എന്നിവരെക്കൂടി പങ്കെടുപ്പിക്കാവുന്നതാണ്. ലിങ്കേജ് വായ്പഎടുക്കാൻ താത്പര്യപ്പെടുന്ന എല്ലാ അയൽക്കൂട്ടങ്ങളുടെയും അപേക്ഷ സിഡിഎസ് ശുപാർശയോടെ ബാങ്കിൽ സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഇതിനുള്ള നടപടിക്രമം (ഗ്രേഡിംഗ്, മൈക്രോ പ്ലാൻ തയ്യാറാക്കൽ, സിഡിഎസ് ശുപാർശയോട് അപേക്ഷ സമർപ്പിക്കൽ എന്നിവ) ജൂൺ 30 നകം പൂർത്തീകരിക്കണം.

ലിങ്കേജ് വായ്പയെടുക്കാൻ അർഹതയുണ്ടെങ്കിലും താത്പര്യപ്പെടാത്ത അയൽക്കൂട്ടങ്ങളുണ്ടെങ്കിൽ ആയതിന്റെ കാരണം പ്രത്യേകം രേഖപ്പെടുത്തണം.

ഇപ്രകാരം Year of NHG വർഷത്തിൽ നഗരപ്രദേശങ്ങളിലെ എത്ര അയൽക്കൂട്ടങ്ങൾ ആദ്യ ഗ്രേഡിംഗ് പൂർത്തിയാക്കി, തുടർ ഗ്രേഡിംഗ്, ലിങ്കേജ് വായ്പ ലഭ്യമാക്കി എന്ന കൃത്യമായ വിവരം നഗരസഭകളിൽ ലഭ്യമാക്കണം. സംസ്ഥാന മിഷനിൽ നിന്നും ലഭ്യമാക്കുന്ന സ്പ്രെഡ്ഷീറ്റിൽ ഇതുസംബന്ധിച്ച് വിവരം സിറ്റിമിഷൻ മാനേജർമാർ അപ്ഡേറ്റ് ചെയ്യേണ്ടതാണ്.

ഏതെങ്കിലും അയൽക്കൂട്ടങ്ങൾ ഈ യോഗങ്ങളിൽ പങ്കെടുക്കുന്നില്ലെങ്കിൽ ആയത് സിഡിഎസിന്റെ ശ്രദ്ധയിൽ കൊണ്ട് വന്ന് വിശദാംശങ്ങൾ അയൽക്കൂട്ട യോഗത്തിൽ സി.ഒ.മാർ നേരിട്ട് പങ്കെടുത്ത് ശേഖരിക്കേണ്ടതാണ്.

പ്രത്യേക അയൽക്കൂട്ട യോഗങ്ങളിൽ (ഗ്രേഡിംഗ് പൂർത്തിയാക്കവ, ലിങ്കേജ് വായ്പ ലഭ്യമാക്കാത്തവ) ടി അയൽക്കൂട്ടങ്ങളുടെ പ്രസിഡന്റ്, സെക്രട്ടറി, ഒരംഗം എന്നിവരെയും വാർഡിന്റെ എഡിഎസ് സെക്രട്ടറിയെയും വിളിച്ചാൽ മതിയാകും. ടി യോഗത്തിൽ ആവശ്യമായ രേഖകൾ സമർപ്പിക്കുന്നതിന് മുൻകൂട്ടി അറിയിക്കേണ്ടതും ഗ്രേഡിംഗ് ലിങ്കേജ് മാനദണ്ഡത്തിന് അർഹത പരിശോധിക്കേണ്ടതുമാണ്.

## ഉത്തരവാദിത്തങ്ങൾ

**1.കമ്മ്യൂണിറ്റി ഓർഗനൈസർ**

- സ്പർശം ക്യാമ്പെയിൻ പ്രകാരം, ഗ്രേഡിംഗ് പൂർത്തിയാക്കാത്ത അയൽക്കൂട്ടങ്ങൾ, ഗ്രേഡിംഗ് പൂർത്തീകരിച്ചിട്ടും ലിങ്കേജ് വായ്പ എടുക്കാത്ത അയൽക്കൂട്ടങ്ങൾ എന്നിവയുടെ പട്ടിക വാർഡ് തിരിച്ച് തയ്യാറാക്കൽ (എം.റ്റി.പി.മാരിൽ നിന്ന് ഈ പട്ടിക ശേഖരിക്കൽ)
- ഗ്രേഡിംഗ് പൂർത്തിയാക്കാത്ത അയൽക്കൂട്ടങ്ങളുടെ യോഗത്തിൽ ഗ്രേഡിംഗിന് അർഹതയുള്ള അയൽക്കൂട്ടങ്ങളെ കണ്ടെത്തുക. ഇതിനായി അനുബന്ധം 1. പ്രകാരമുള്ള ചെക്ക് ലിസ്റ്റ് അനുസരിച്ച് അർഹത ഉറപ്പു വരുത്തൽ.
- അർഹതയുള്ള മുഴുവൻ അയൽക്കൂട്ടങ്ങളെയും സിഡിഎസ് മുഖാന്തിരം ഗ്രേഡിംഗ് പൂർത്തിയാക്കുന്നതിനുള്ള തുടർ നടപടി സ്വീകരിക്കൽ.
- ഗ്രേഡിംഗിന് അർഹതയില്ലാത്ത അയൽക്കൂട്ടങ്ങളെ കണ്ടെത്തുക. ഇവരുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനാവശ്യമായ കാര്യങ്ങൾ പ്രത്യേകം രേഖപ്പെടുത്തി, തുടർ പിന്തുണ ലഭ്യമാക്കി 3 അല്ലെങ്കിൽ 6 മാസത്തിനകം ഗ്രേഡിംഗ് പൂർത്തിയാക്കൽ.
- ഗ്രേഡിംഗ് പൂർത്തിയാക്കിയിട്ടും ലിങ്കേജ് വായ്പയെടുത്ത അയൽക്കൂട്ടങ്ങളുടെ യോഗത്തിൽ പങ്കെടുത്ത് ടി അയൽക്കൂട്ടങ്ങൾ വായ്പ ലഭ്യമാക്കത്തതിന്റെ കാരണം പ്രത്യേകം രേഖപ്പെടുത്തൽ. ഇവരുടെ പട്ടിക, വാർഡ് തിരിച്ച് എം.റ്റി.പി. മാരിൽ നിന്ന് ശേഖരിക്കൽ.
- ലിങ്കേജ് വായ്പ ലഭ്യമാക്കാൻ താല്പര്യപ്പെടുന്ന അയൽക്കൂട്ടങ്ങൾക്ക് വായ്പ ലഭ്യമാക്കുന്നതിനുള്ള തുടർപ്രവർത്തനങ്ങൾ (അപേക്ഷ ബാങ്കിൽ സമർപ്പിക്കൽ) സിഡിഎസ്സുമായി സഹകരിച്ച് ചെയ്യൽ. 3 മാസത്തിനകം ലിങ്കേജ് വായ്പാ പരിധിയിൽ ഈ അയൽക്കൂട്ടങ്ങൾ എത്തിയെന്ന് ഉറപ്പു വരുത്തൽ.
- അവബോധ ശിൽപ്പശാലയ്ക്ക് ശേഷവും ലിങ്കേജ് വായ്പയെടുക്കുന്നതിന് താല്പര്യമില്ലാത്ത അയൽക്കൂട്ടങ്ങളുണ്ടെങ്കിൽ അത് പ്രത്യേകം രേഖപ്പെടുത്തി ഇവരുടെ വിശദാംശങ്ങൾ നഗരസഭാ തലത്തിൽ സൂക്ഷിക്കൽ. പരിശീലനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കൽ.

**2.എഡിഎസ്**

- ഗ്രേഡിംഗ് പൂർത്തിയാക്കാത്ത അയൽക്കൂട്ടങ്ങൾ, ലിങ്കേജ് വായ്പയെടുക്കാത്ത അയൽക്കൂട്ടങ്ങൾ, തുടർ ലിങ്കേജ് ഇല്ലാത്ത അയൽക്കൂട്ടങ്ങൾ എന്നിവയുടെ പട്ടിക വാർഡ് തിരിച്ച് എം.റ്റി.പി.മാരിൽ ശേഖരിക്കൽ.
- ഈ അയൽക്കൂട്ടങ്ങളുടെ പ്രത്യേക യോഗത്തിൽ പങ്കെടുത്ത് തങ്ങളുടെ വാർഡിലുള്ള അർഹതയുള്ള മുഴുവൻ അയൽക്കൂട്ടങ്ങളെയും 3 മാസത്തിനകം, പ്രശ്നങ്ങളുള്ള അയൽക്കൂട്ടങ്ങൾക്ക് ആവശ്യമായ സഹായം ലഭ്യമാക്കി 6 മാസത്തിനകം ഗ്രേഡിംഗ്, ലിങ്കേജ് പരിധിയിൽ കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിക്കൽ.

**3.സിഡിഎസ്**

- ഗ്രേഡിംഗ് പൂർത്തിയാക്കാത്ത അയൽക്കൂട്ടങ്ങളുടെയും ലിങ്കേജ് വായ്പയെടുക്കാത്ത അയൽക്കൂട്ടങ്ങളുടെയും പ്രത്യേക യോഗം സിഡിഎസ് തലത്തിൽ വിളിച്ചു ചേർക്കൽ.
- സിഡിഎസ്സിലെ മുഴുവൻ അയൽക്കൂട്ടങ്ങളെയും ലിങ്കേജ് വായ്പാ പരിധിയിൽ കൊണ്ടുവരുന്നതിനാവശ്യമായ നടപടി സ്വീകരിക്കൽ.
- കുടുംബശ്രീ 'ഈയർ ഓഫ് എൻ.എച്ച്.ജി.' ആചരിക്കുന്ന ഈ വർഷം തങ്ങളുടെ സിഡിഎസ്സിലെ മുഴുവൻ അയൽക്കൂട്ടങ്ങളുടെയും ഗ്രേഡിംഗ് പൂർത്തീകരിക്കേണ്ടതും 100% ലിങ്കേജ് ഉറപ്പുവരുത്തേണ്ടതുമാണ്.
- അയൽക്കൂട്ടങ്ങളുടെ വായ്പാ തിരിച്ചടവ് ഉറപ്പു വരുത്തൽ

**4.സിറ്റിമിഷൻ മാനേജർമാർ**

- സ്പർശം ക്യാമ്പെയിൻ ഡാറ്റയിൽ നിന്നും വാർഡ് തിരിച്ച് ഗ്രേഡിംഗ് പൂർത്തിയാക്കാത്ത അയൽക്കൂട്ടങ്ങളുടെയും ഗ്രേഡിംഗ് പൂർത്തിയായിട്ടും ലിങ്കേജ് വായ്പയെടുക്കാത്ത അയൽക്കൂട്ടങ്ങളുടെയും പട്ടിക എം.റ്റി.പി.മാരിൽ നിന്നും ശേഖരിക്കൽ ടി അയൽക്കൂട്ടങ്ങളുടെ എണ്ണത്തിനനുസരിച്ച് വാർഡ്/സിഡിഎസ്സ് തലത്തിൽ
- പ്രത്യേക യോഗം വിളിക്കൽ. അയൽക്കൂട്ട പ്രസിഡന്റ്, സെക്രട്ടറി, ഒരംഗത്തിനെ ക്ഷണിക്കേണ്ടതും ഇവർ അയൽക്കൂട്ട യോഗത്തിൽ പങ്കെടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തൽ.
- പ്രത്യേക അയൽക്കൂട്ട യോഗത്തിൽ ഗ്രേഡിംഗ് മാനദണ്ഡം, പലിശ സബ്സിഡി എന്നിവ സംബന്ധിച്ച് അവബോധം സൃഷ്ടിക്കൽ
- ഗ്രേഡിംഗ്, ലിങ്കേജ് വായ്പാ ലഭ്യതയ്ക്ക് അയൽക്കൂട്ടങ്ങളുടെ യോഗ്യത പരിശോധിക്കൽ. ഇതിനുള്ള ഉത്തരവാദിത്വം സി.ഒ. മാർക്ക് നൽകൽ.
- യോഗ്യത ഇല്ലാത്ത അയൽക്കൂട്ടങ്ങളുടെ പട്ടിക കാരണം സഹിതം പ്രത്യേകം സൂക്ഷിക്കണം. ഇവരുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ സഹായം ലഭ്യമാക്കി 6 മാസത്തിനകം ഗ്രേഡിംഗ് പൂർത്തീകരിക്കുന്നതിനും ലിങ്കേജ് വായ്പ ലഭ്യമാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കൽ. ഇതിനുള്ള ഉത്തരവാദിത്വം സി.ഒ. മാർക്ക് നൽകൽ.
- അർഹതയുള്ള മുഴുവൻ അയൽക്കൂട്ടങ്ങളുടെയും ഗ്രേഡിംഗ് 3 മാസത്തിനകവും, മറ്റ് അയൽക്കൂട്ടങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തി 6 മാസത്തിനകവും ഗ്രേഡിംഗ്-ലിങ്കേജ് പ്രക്രിയ പൂർത്തിയായി എന്ന് ഉറപ്പുവരുത്തൽ. ആവശ്യമുള്ള അയൽക്കൂട്ടങ്ങൾക്ക് പ്രത്യേക പരിശീലനം നൽകൽ

# ഷെഡ്യൂൾ

| ക്രമ നം. | ഇനം | സമയക്രമം | ഉത്തരവാദിത്വം |
|---|---|---|---|
| 1. | വാർഡ് തലത്തിൽ ഗ്രേഡിംഗ് പൂർത്തിയാക്കാത്ത അയൽക്കൂട്ടങ്ങളുടെയും ലിങ്കേജ് വായ്പ ലഭ്യമാക്കാത്ത അയൽക്കൂട്ടങ്ങളുടെയും പട്ടിക തയ്യാറാക്കൽ | ജൂൺ 15 | എം.റ്റി.പി |
| 2. | പ്രത്യേക അയൽക്കൂട്ട യോഗം (ഗ്രേഡിംഗ് സമയമായിട്ടും അർഹതയില്ലാത്ത അയൽക്കൂട്ടങ്ങളുടെ) | ജൂൺ 15 - 19 | സിറ്റി മിഷൻ മാനേജർ/സിഡിഎസ്/ സിഒ |
| 3. | ഗ്രേഡിംഗ്, ലിങ്കേജ് വായ്പ ലഭ്യമാക്കുന്നതിന് അർഹതയുള്ള അയൽക്കൂട്ടങ്ങളുടെ പട്ടിക തയ്യാറാക്കൽ (ആവശ്യമായ രേഖകൾ പരിശോധിച്ച് തിട്ടപ്പെടുത്തേതാണ്) | ജൂൺ 15 - 19 | സി.ഒ./എഡിഎസ് |
| 4. | ഗ്രേഡിംഗ് പൂർത്തിയാക്കിയിട്ടും ലിങ്കേജ് വായ്പ ലഭ്യമാക്കാത്ത അയൽക്കൂട്ടങ്ങളുടെ | ജൂൺ 15 | സിറ്റി മിഷൻ മാനേജർ/സിഡിഎസ്/ സിഒ |
| 5. | ഗ്രേഡിംഗ്/ലിങ്കേജ് വായ്പ ലഭ്യമാക്കുന്നതിനുള്ള തുടർ നടപടി സ്വീകരിക്കൽ<br>• അപേക്ഷ സ്വീകരിക്കൽ<br>• ബാങ്കിന് അപേക്ഷ സിഡിഎസ് ശുപാർശയോടെ നൽകൽ<br>• മൈക്രോ പ്ലാൻ തയ്യാറാക്കൽ<br>•മോണിറ്ററിംഗ് | ജൂൺ 20 മുതൽ ജൂലൈ 10 | സിറ്റി മിഷൻ മാനേജർ/സിഡിഎസ്/ സി.ഒ. |

പ്രത്യേക അയൽക്കൂട്ട യോഗങ്ങൾ വിളിച്ചു ചേർക്കുന്നതിന് വ്യക്തിയൊന്നിന് പരമാവധി 15 രൂപ നിരക്കിൽ ചെലവ് വഹിക്കാവുന്നതാണ്. ടി തുക നഗരസഭയിൽ ലഭ്യമായ എൻയുഎൽഎം അക്കൗണ്ടിൽ നിന്ന് ചെലവഴിക്കാവുന്നതാണ്. എൻയുഎൽഎം ഐഇസി ശീർഷകത്തിലെ Interpersonal events/sensitization programme (7.1) എന്ന ഉപശീർഷകത്തിൽ വകയിരുത്തേണ്ടതും വിനിയോഗ സാക്ഷ്യപത്രം സംസ്ഥാന മിഷനിൽ ഒരു മാസത്തിനകം സമർപ്പിക്കേണ്ടതാണ്.

* ടി യോഗങ്ങൾ വാർഡ്/സിഡിഎസ്സ് തലത്തിൽ വിളിച്ചു ചേർക്കുന്നതിന് നഗരസഭയിൽ ലഭ്യമായ ഹാളുകൾ ഉപയോഗിക്കേണ്ടതാണ്.

തുടർപ്രവർത്തനം എന്നോണം അയൽക്കൂട്ടങ്ങളുടെ വായ്പാതിരിച്ചടവ് പരിശോധിച്ച് തുടർ ലിങ്കേജ് പ്രോത്സാഹിപ്പിക്കുന്നതിനും ഇവരുടെ പ്രവർത്തനങ്ങൾ

വിലയിരുത്തുന്നതിനും തിരിച്ചടവ് മോണിറ്ററിംഗ് കമ്മിറ്റി സിഡിഎസ് തലത്തിൽ രൂപീകരിക്കേണ്ടതാണ്. ഈ കമ്മിറ്റിയിൽ ബാങ്ക് മാനേജർമാർ, സിഡിഎസ് ചെയർപേഴ്സൺ, സിഡിഎസ് വൈസ് ചെയർപേഴ്സൺ, സിഡിഎസ് അക്കൗണ്ടന്റ്, മെമ്പർ സെക്രട്ടറി/ മുൻസിപ്പൽ സെക്രട്ടറി, സിറ്റിമിഷൻ മാനേജർ, കമ്മ്യൂണിറ്റി ഓർഗനൈസർ എന്നിവർ അംഗങ്ങളായിരിക്കണം. എല്ലാ മാസവും ഓരോ ബാങ്ക്/ബ്രാഞ്ചിലെയും അപേക്ഷകൾ സംബന്ധിച്ചും പുതിയ അപേക്ഷകരുടെ സാങ്ഷൻ എന്നിവ സംബന്ധിച്ചും അജണ്ടയായി വയ്ക്കുകയും ബാങ്കിന്റെ സഹകരണം ഉറപ്പുവരുത്തുകയും ചെയ്യണം. കൂടാതെ സിഡിഎസ്സിൽ പുതുതായി സംരംഭം ആരംഭിക്കാൻ താല്പര്യമുള്ളവരുടെ അപേക്ഷകൾ സംബന്ധിച്ചും ചർച്ച ചെയ്യേണ്ടതാണ്.

ജൂലൈ 10 നകം ലിങ്കേജ് വായ്പ ക്യാമ്പയിൻ പൂർത്തിയാക്കേണ്ടതാണ്. ടി പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നുവെന്ന് നഗരസഭാ സെക്രട്ടറിമാർ ഉറപ്പുവരുത്തേണ്ടതാണ്.

**(ഒപ്പ്)**
**എക്സിക്യൂട്ടീവ് ഡയറക്ടർ**
കുടുംബശ്രീ

To

1. എല്ലാ നഗരസഭാ ചെയർമാൻമാർക്കും/ കോർപ്പറേഷൻ മേയർമാർക്കും
2. എല്ലാ നഗരസഭ സെക്രട്ടറിമാർക്കും/കോർപ്പറേഷൻ സെക്രട്ടറിമാർക്കും
3. കൺവീനർ, എസ്എൽബി
4. എല്ലാ ലീഡ് ബാങ്കുകൾക്കും
5. എല്ലാ ജില്ലാമിഷൻ കോ-ഓർഡിനേറ്റർമാർക്കും
6. എല്ലാ സിറ്റി പ്രോജക്ട് ഓഫീസർമാർക്കും

പകർപ്പ്

1. എല്ലാ സിഡിഎസ് പ്രസിഡന്റ്മാർക്കും
2. എല്ലാ സിറ്റി മിഷൻ മാനേജർമാർക്കും
3. കരുതൽ ശേഖരം
4. ബന്ധപ്പെട്ട ഫയൽ

# പരിപത്രം

**വിഷയം :- കുടുംബശ്രീ - കുടുംബശ്രീ എൻ.യു.എൽ.എം-സ്പർശം ക്യാമ്പെയിൻ സെൽഫ് എംപ്ലോയ്മെന്റ് പ്രോഗ്രാം - തുടർ പ്രവർത്തനങ്ങൾ - സംബന്ധിച്ച്.**

**സൂചന:- എൻ.യു.എൽ.എം - സ്പർശം ക്യാമ്പെയിൻ ഡാറ്റ**

കുടുംബശ്രീ നടപ്പിലാക്കുന്ന പദ്ധതികളുടേയും സ്കീമുകളുടേയും പ്രയോജനം അർഹരായ എല്ലാ നഗരദരിദ്രരിലേക്കും എത്തിക്കുന്നതിനു ആവശ്യമുള്ള വ്യക്തികളെ കണ്ടെത്തുന്നതിനും നഗരതലത്തിൽ സ്പർശം ക്യാമ്പെയിൻ സംഘടിപ്പിച്ചിരുന്നു. ഇതിൽ സ്വയംതൊഴിൽ ചെയ്യാൻ താല്പര്യപ്പെടുന്നവരേയും, വേതനാധിഷ്ഠിത തൊഴിൽ ആവശ്യമായവരുടേയും വിവരങ്ങൾ ഈ ക്യാമ്പെയിനിൽ ശേഖരിച്ചിരുന്നു. ഇതിൽ പ്രകാരം 43037 വ്യക്തികൾ സ്വയം തൊഴിൽ മേഖലയിലേക്ക് വരാൻ താൽപര്യപ്പെടുന്നുണ്ട്. ഇവർക്ക് സ്വയം തൊഴിൽ പദ്ധതി സംബന്ധിച്ചും കുടുംബശ്രീ നൽകുന്ന വിവിധ സഹായം (പലിശ സബ്സിഡി, പരിശീലനം) സംബന്ധിച്ചും, വൈവിധ്യമാർന്ന സംരംഭ മേഖല സംബന്ധിച്ചും അവബോധം നൽകുന്നത് സംരംഭ മേഖല തെരഞ്ഞെടുക്കുന്നതിനും തുടർ സേവനങ്ങൾ ലഭ്യമാക്കുന്നതിനും സഹായകമാകും. കൂടാതെ, ലൈഫ്/പിഎംഎവൈ പദ്ധതി ഗുണഭോക്താക്കൾ/കുടുംബാംഗങ്ങൾക്ക് ആവശ്യമായ പക്ഷം സ്വയംതൊഴിൽ ആരംഭിക്കുന്നതിന് സേവനം ലഭ്യമാക്കണമെന്ന് സർക്കാർ തലത്തിൽ തീരുമാനിച്ചിട്ടുണ്ട്. ആയതിനാൽ സ്പർശം ക്യാമ്പെയിനിൽ കണ്ടെത്തിയ വ്യക്തികൾക്കും, താൽപര്യപ്പെടുന്ന പിഎംഎവൈ/ലൈഫ് ഗുണഭോക്താക്കൾക്കും ഒരു ശില്പശാല സംഘടിപ്പിക്കേണ്ടതാണ്. ഇതിലൂടെ സ്വയംതൊഴിൽ ആരംഭിക്കാൻ താല്പര്യപ്പെടുന്ന വ്യക്തികളെ കണ്ടെത്തുകയും ഇവർക്ക് ആവശ്യമായ സേവനം (പരിശീലനം, പ്രോജക്ട് പ്രൊപ്പോസൽ തയ്യാറാക്കൽ, ടാസ്ക് ഫോഴ്സ് കമ്മിറ്റി അംഗീകാരം, പലിശ സബ്സിഡി ലഭ്യമാക്കൽ) സമയബന്ധിതമായി നൽകി സംരംഭം ആരംഭിക്കാൻ ആവശ്യമായ സഹായം നൽകേണ്ടതുമാണ്. ഇതിനായി ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

**1. വാർഡുതലത്തിൽ പട്ടിക തയ്യാറാക്കൽ**

സ്പർശം ക്യാമ്പെയിൻ ഡാറ്റായിൽ നിന്നും സംരംഭം ആരംഭിക്കാൻ താല്പര്യം പ്രകടിപ്പിച്ച വ്യക്തികളുടെ പട്ടിക വാർഡ്തലത്തിൽ തയ്യാറാക്കുക. ആയതിന്റെ ഒരു പകർപ്പ് എഡിഎസ്, വാർഡ് കൗൺസിലർക്ക് നൽകുക.

**ഉത്തരവാദിത്വം : എം.ടി.പി**

**തീയതി : 08/06/18**

**2. വാർഡുതലത്തിൽ യോഗം**

സംരംഭം ആരംഭിക്കാൻ താല്പര്യപ്പെടുന്നവരുടെ എണ്ണത്തിനനുസരിച്ച് ഒരു വാർഡിലോ, എണ്ണം കുറവാണെങ്കിൽ ഒന്നോ രണ്ടോ വാർഡ് സംയോജിച്ചോ യോഗം വിളിച്ച്

എസ്.ഇ.പി പദ്ധതി പരിചയപ്പെടുത്തേണ്ടതാണ്. ഇതിൽ പ്രധാനമായും സ്വയംതൊഴിൽ പദ്ധതി, പലിശ സബ്സിഡി സ്കീം എന്നിവ സംബന്ധിച്ച് അവബോധം നൽകേണ്ട താണ്. ഒരു യോഗത്തിൽ പരമാവധി 50 പേരെ പങ്കെടുപ്പിച്ചാൽ മതി. യോഗത്തിന് ശേഷം താല്പര്യമുള്ളവരെ കണ്ടെത്തി അവരുടെ മേഖല കണ്ടെത്തി പട്ടിക തയ്യാ റാക്കേണ്ടതാണ്.

**ഉത്തരവാദിത്വം : സി.എം.എം/സി.ഒ ഒരേ ദിവസം സമാന്തരമായി വാർഡ്തല മീറ്റിംഗ് സംഘടിപ്പിക്കാവുന്നതാണ്.**

**തീയതി : 20/06/18**

**3. സി.ഡി.എസ് തലത്തിൽ പൊതു അവബോധ പരിപാടി**

വാർഡുതലത്തിൽ അവബോധ പരിപാടി സംഘടിപ്പിച്ചതിൻ പ്രകാരം സംരംഭം ആരം ഭിക്കാൻ താല്പര്യപ്പെടുന്ന വ്യക്തികളുടെ പട്ടിക തയ്യാറാക്കി ഇവർക്ക് വ്യത്യസ്ത സംരംഭ മേഖലകൾ പരിചയപ്പെടുത്തുന്നതിനും, ബാങ്ക് നടപടികൾ, പദ്ധതി തയ്യാറാ ക്കൽ എന്നിവ വിശദമാക്കുന്നതിനും സിഡിഎസ് തലത്തിൽ യോഗം വിളിക്കേണ്ടതാണ്. ഈ യോഗത്തിൽ ബാങ്കിന്റെ പ്രതിനിധി, ലീഡ് ബാങ്ക് മാനേജർ എന്നിവരെ വിളി ക്കേണ്ടതും ബാങ്കിന്റെ നടപടിക്രമങ്ങളും, സിബിൽ സ്കോറിംഗിന്റെ പ്രസക്തി എന്നിവ സംബന്ധിച്ച് വിവരങ്ങൾ നൽകേണ്ടതുമാണ്.

കൂടാതെ കേരളത്തിലുടനീളം കുടുംബശ്രീ സംവിധാനത്തിനു കീഴിലുള്ള വ്യത്യസ്ത സംരംഭങ്ങൾ സംബന്ധിച്ച അവതരണവും, മിഷൻ നൽകുന്ന സഹായം സംബന്ധിച്ച വിവരങ്ങളും സിറ്റി മിഷൻ മാനേജർമാർ നൽകേണ്ടതാണ്.

**സി.ഡി.എസ് തലത്തിൽ യോഗം സംഘടിപ്പിക്കൽ**

**ഉത്തരവാദിത്വം : സി.എം.എം**

**സംരംഭ മേഖല തെരഞ്ഞെടുത്തവരുടെ പട്ടിക തയ്യാറാക്കൽ –**

**ഉത്തരവാദിത്വം : എം.ടി.പി/സി.ഒ**

**തീയതി : 30/06/18**

**4. ഇ.ഡി.പി പരിശീലനം സംഘടിപ്പിക്കൽ**

സംരംഭ മേഖല തെരഞ്ഞെടുത്ത വ്യക്തികൾക്ക് ഇ.ഡി.പി പരിശീലനം നൽകുന്നതിന് ആർ.എസ്.ഇ.ടി.ഐ/എം.ഇ.സി സംവിധാനം ഉപയോഗിക്കേണ്ടതാണ്.

**ഉത്തരവാദിത്വം : സി.എം.എം**

**തീയതി : 30/07/18 (ഒരു ബാച്ചെങ്കിലും)**

**5. പ്രോജക്ട് ക്ലിനിക്ക് സംഘടിപ്പിക്കൽ**

ടാസ്ക് ഫോഴ്സിൽ സമർപ്പിക്കുന്നതിന് ആവശ്യമായ പദ്ധതി രേഖ തയ്യാറാക്കുന്നതിന് എം.ഇ.സി/ബാങ്കിംഗ് ആർ.പി/ഇതര വ്യക്തികളുടെ സേവനം ഉപയോഗിക്കേണ്ടതാണ്. ഇ.ഡി.പി പരിശീലനത്തിന് പോകുന്ന/പരിശീലനം പൂർത്തിയാക്കിയ വ്യക്തികളുടെ താല്പര്യത്തിനനുസരിച്ച് പദ്ധതി തയ്യാറാക്കി നൽകേണ്ടതാണ്. പദ്ധതി തയ്യാറാ ക്കുന്നതിന് മുൻപ് ഈ വ്യക്തികളുടെ സിബിൽ സ്കോർ ബാങ്കിൽ നിന്നും ശേഖരി ക്കേണ്ടതാണ്. കൂടാതെ പദ്ധതി ബാങ്കിൽ സമർപ്പിക്കുന്നതിനാവശ്യമായ രേഖകൾ ഇതോടൊപ്പം ശേഖരിക്കേണ്ടതാണ്.

**ഉത്തരവാദിത്വം : സി.എം.എം**

**തീയതി : 15/08/18**

**6. ടാക്സ് ഫോഴ്സ് കമ്മിറ്റി യോഗം.**

ലഭ്യമായ അപേക്ഷകൾ ടാസ്ക് ഫോഴ്സ് കമ്മിറ്റിയിൽ സമർപ്പിക്കുന്നതിന്, യോഗത്തിനുള്ള തീയതി നിശ്ചയിച്ച് യോഗം ചേരേണ്ടതും, അപേക്ഷകൾ ബാങ്കിൽ സമർപ്പിക്കേണ്ടതുമാണ്.

**ഉത്തരവാദിത്വം : സി.എം.എം**

**തീയതി : 30/08/18**

**7. ഫോളോ അപ്**

അപേക്ഷകളുടെ ഫോളോഅപ് സി.ഡി.എസ്/സി.ഒ നടത്തേണ്ടതാണ്. അത്തരത്തിൽ നൽകിയ അപേക്ഷകൾ എല്ലാ ബാങ്കുകളും തീർപ്പാക്കി എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

**ഉത്തരവാദിത്വം : സി.ഒ/സി.ഡി.എസ്**

**തീയതി : 15/09/18**

ഇത്തരത്തിൽ പദ്ധതി തെരഞ്ഞെടുക്കുമ്പോൾ കുടുംബശ്രീ മിഷൻ മുൻതൂക്കം നൽകുന്ന പദ്ധതികൾക്ക് മുൻഗണന നൽകുന്നതിന് ശ്രമിക്കേണ്ടതാണ്. കൂടാതെ നഗരവികസന ഫണ്ടിൽ രൂപം കൊടുത്തിട്ടുള്ള സംരംഭക പദ്ധതികൾക്കും ആവശ്യമായ ഗുണഭോക്താക്കളെ ഇത്തരത്തിൽ കണ്ടെത്തിക്കൊടുക്കേണ്ടതാണ്. 2018-19 സാമ്പത്തിക വർഷം എൻ.യു.എൽ.എം ടാർഗറ്റ് പൂർത്തീകരിക്കുന്നതിനും, അർഹരും താല്പര്യപ്പെടുന്നവരുമായ മുഴുവൻ നഗരദരിദ്രർക്കും (സ്പർശം) സ്വയം തൊഴിൽ ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ ക്യാമ്പെയിൻ രീതിയിൽ നടത്തേണ്ടതാണ്.

(ഒപ്പ്)

**എക്സിക്യൂട്ടീവ് ഡയറക്ടർ**

**കുടുംബശ്രീ**

**അനുബന്ധം**

# ഷെഡ്യൂൾ:

| ക്രമ നമ്പർ | ഇനം | തീയതി | ഉത്തരവാദിത്വം |
|---|---|---|---|
| 1 | വാർഡ് തലത്തിൽ സംരംഭം ആരംഭിക്കാൻ താല്പര്യമുള്ള വ്യക്തികളുടെ പട്ടിക തയ്യാറാക്കൽ | 08/06/18 | എം.റ്റി.പി. |
| 2 | വാർഡുതലത്തിൽ യോഗം | 20/06/18 | സിഎംഎം/ സിഒ |
| 3 | സി.ഡി.എസ് തലത്തിൽ പൊതു അവബോധ പരിപാടി | 30/06/18 | എം.റ്റി.പി. / സിഒ |
| 4 | ഇ.ഡി.പി പരിശീലനം സംഘടിപ്പിക്കൽ | 30/07/18 | സിഎംഎം |

| | | | |
|---|---|---|---|
| 5 | പ്രോജക്ട് ക്ലിനിക്ക് സംഘടിപ്പിക്കൽ | 15/08/18 | സിഎംഎം |
| 6 | ടാക്സ് ഫോഴ്സ് കമ്മിറ്റി യോഗം | 30/08/18 | സിഎംഎം |
| 7. | ഫോളോ അപ് | 15/09/18 | സിഒ/സിഡിഎസ് |

**(ഒപ്പ്)**
**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**

**2201/എഫ്/2016/കെഎസ്എച്ച്ഒ** **14.06.2018**

പ്രേഷക
**ഡയറക്ടർ (എ&എഫ്)**
**കുടുംബശ്രീ**

ഗ്രാഹകൻ
**എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും**

സർ,

**വിഷയം: ദേശീയ നഗര ഉപജീവന ദൗത്യം അയൽക്കൂട്ടങ്ങളുടെ പുനരുജ്ജീവനം സംബന്ധിച്ച്.**

എൻ.യു.എൽ.എം പദ്ധതിയുടെ പ്രധാന ഘടകങ്ങളിൽ ഒന്നായ സാമൂഹ്യ സംഘടനവും സ്ഥാപന വികസനവും എന്ന ഘടകത്തിന്റെ ഈ വർഷത്തെ പ്രധാന വിഷയം പ്രവർത്തനരഹിതമായ അയൽക്കൂട്ടങ്ങളുടെ പുനരുജ്ജീവനം ആണ്. ആയതിലേയ്ക്ക് നഗരസഭകളിൽ നടത്തിയ സ്പർശം ക്യാമ്പയിനിൽ നിന്നും ലഭിച്ച വിവരങ്ങൾ വിശദമായി പരിശോധിച്ച് പ്രവർത്തനരഹിതമായ അയൽക്കൂട്ടങ്ങളുടെ വിവരങ്ങൾ ശേഖരിച്ച് കണ്ടെത്തിയ പ്രവർത്തനരഹിതമായതും, ഭാഗീകമായി പ്രവർത്തിക്കുന്നതുമായ അയൽക്കൂട്ടങ്ങളുടെ പുനരുജ്ജീവനമാണ് നടത്തേണ്ടത്.

പുനരുജ്ജീവനപ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതാണ്. ആയത് ഒരു മിഷൻ മോഡിൽ പ്രവർത്തിച്ച് കേരളത്തിലെ നഗരങ്ങളിൽ പ്രവർത്തനരഹിതമായ എല്ലാ അയൽക്കൂട്ടങ്ങളെയും ജൂലൈ ആകുമ്പോഴേയ്ക്കും പ്രവർത്തനക്ഷമമാക്കേണ്ടതും ജനുവരി ആകുമ്പോൾ ലിങ്കേജ് ലോൺ എടുപ്പിക്കേണ്ടതുമാണ്. അത്തരത്തിൽ അയൽക്കൂട്ട വർഷമായ 2018-19 ൽ നിലവിലെ എല്ലാ നഗരങ്ങളിലെ അയൽക്കൂട്ടങ്ങളെയും പ്രവർത്തനക്ഷമമാക്കേണ്ടതാണ്.

# സമയക്രമം

| ക്രമ നം. | പ്രവർത്തനങ്ങൾ | സമയക്രമം | ചുമതല |
|---|---|---|---|
| 1. | പ്രവർത്തനരഹിതമായ അയൽക്കൂട്ട ങ്ങളെയും, സ്ഥിരമായി മീറ്റിംഗ് കൂടാത്ത അയൽക്കൂട്ടങ്ങളെയും വേർതിരിച്ചു സ്പർശം കാമ്പയിൻ വഴി ശേഖരിച്ച വിവരങ്ങൾ ശരിയാണ് എന്നുറപ്പുവരുത്തുക (എഡിഎസ് തലത്തിൽ) | 18 ജൂൺ 2018 | സി.എം.എം ആർ.ഒ. |
| 2. | എഡിഎസ് യോഗം കൂടി അയൽക്കൂട്ടങ്ങൾ പ്രവർത്തന രഹിതമാകാനുള്ള കാരണങ്ങൾ കണ്ടെത്തുക | 18 ജൂൺ 2018 | സി.എം.എം ആർ.ഒ. |
| 3. | ഈ അയൽകൂട്ടങ്ങളുടെ പ്രാഥമിക മീറ്റിംഗുകൾ കൂടുക അതിൽ അയൽക്കൂട്ട അംഗങ്ങളെ ഉൾപെടുത്തുക. പ്രവർത്തന രഹിതമായ കാരണങ്ങൾക്ക് പരിഹാരം കാണുക | 20 ജൂൺ 2018 | സി.എം.എം ആർ.ഒ. |
| 4. | മീറ്റിംഗിൽ നിന്നും ലഭിക്കുന്ന വിവരം അനുസരിച്ച വേണ്ടുന്ന മാറ്റങ്ങൾ ഭരണ സമിതിയിൽ വരുത്തേണ്ടതാണെങ്കിൽ അത് നടത്തുക, ഇലക്ഷൻ നടത്തേണ്ട താണെങ്കിൽ അത് ജില്ലാ മിഷനുമായി കൂടിയാലോചിച്ചു ഇലക്ഷൻ നടത്തുക, ആ അയൽക്കൂട്ടങ്ങളുടെ പ്രാഥമിക വിവരശേഖരണം നടത്തുക, എം ഐ എസിൽ എൻട്രി നടത്തുക | 30 ജൂൺ 2018 | സി.എം.എം ആർ.ഒ. |
| 5. | അക്കൗണ്ട് ഇല്ലാത്ത അയൽക്കൂട്ട അംഗങ്ങൾക്ക് അക്കൗണ്ട്സ് എടുത്തു നൽകുക | 30 ജൂൺ 2018 | ആർ.ഒ. |
| 6. | മൊഡ്യൂൾ 1 പ്രകാരം ട്രെയിനിങ് നൽകുക | 30 ആഗസ്റ്റ് 2018 | ആർ.ഒ. |
| 7. | മൊഡ്യൂൾ 2 പ്രകാരം ട്രെയിനിങ് നൽകുക | ആഗസ്റ്റ് 2018 | ആർ.ഒ. |
| 8. | ആർ.ഒ. പ്രധിനിധി എല്ലാമാസവും അയൽക്കൂട്ട യോഗത്തിൽ സംബന്ധിച്ച വേണ്ട സഹായങ്ങൾ നൽകുക. | എല്ലാ മാസവും | ആർ.ഒ. |
| 9. | ഗ്രേഡിംഗ് നടത്തുക | ഡിസംബർ 2018 | ആർ.ഒ. |
| 10. | ലിങ്കജ് ലോൺ എടുക്കാൻ വേണ്ട സഹായങ്ങൾ ചെയ്യുക | ജനുവരി 2019 | സി.എം.എം ആർ.ഒ. |

മുകളിൽ പറഞ്ഞിരിക്കുന്ന രീതിയിൽ സമയക്രമം പാലിച്ച് ഉത്തരവാദിത്വം നൽകിയിട്ടുള്ള ഉദ്യോഗസ്ഥർ തങ്ങളുടെ നഗരങ്ങളിലെ മുഴുവൻ അയൽക്കൂട്ടങ്ങളെയും പ്രവർത്തനക്ഷമമാക്കേണ്ടതാണ്. ആയതിന് നഗരസഭാ നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതാണ്. നഗരസഭകളിൽ നിയമിച്ചിട്ടുള്ള സി.എം.എം./എം.റ്റി.പി./സി.ഒ. എന്നിവരെ ഇതിന് ഉപയോഗിക്കേണ്ടതാണ്. കുടുംബശ്രീയുടെ സംവിധാനവും (സിഡിഎസ്/എഡിഎസ്/അയൽക്കൂട്ടം) പൂർണ്ണമായും ഉപയോഗപ്പെടുത്തേണ്ടതാണ്.

വിശ്വസ്തതയോടെ,

**(ഒപ്പ്)**
**ഡയറക്ടർ (എ&എഫ്)**
**കുടുംബശ്രീ**

പകർപ്പ്

1. എല്ലാ ജില്ലാമിഷൻ കോ-ഓർഡിനേറ്റർമാർക്കും
2. സിറ്റി പ്രോജക്ട് ഓഫീസർമാർക്കും
3. എല്ലാ സിറ്റിമിഷൻ മാനേജർമാർക്കും
4. സിഡിഎസ് ചെയർപേഴ്സൺമാർക്കും (ഡിഎംസി മുഖാന്തിരം)
5. എല്ലാ മെമ്പർ സെക്രട്ടറിമാർക്കും

2201/എഫ്/2016/കെഎസ്എച്ച്ഒ 11.07.2018

# പരിപത്രം

**വിഷയം: കുടുംബശ്രീ – ദേശീയ നഗര ഉപജീവന ദൗത്യം – പുതിയ അയൽക്കൂട്ടങ്ങളുടെ രൂപീകരണം – സംബന്ധിച്ച്.**

എൻ.യു.എൽ.എം പദ്ധതിയുടെ പ്രധാന ഘടകങ്ങളിൽ ഒന്നാണ് സാമൂഹ്യ സംഘ ാടനവും സ്ഥാപന വികസനവും. ഈ പദ്ധതി ഘടകത്തിന്റെ ഈ വർഷത്തെ പ്രധാന വിഷയങ്ങളിൽ ഒന്നാണ് പുതിയ അയൽക്കൂട്ടങ്ങളുടെ രൂപീകരണം. ആയതിലേയ്ക്ക് നഗരസഭകളിൽ നടത്തിയ സ്പർശം ക്യാമ്പയിനിൽ നിന്നും ലഭിച്ച വിവരങ്ങൾ വിശദമായി പരിശോധിച്ച് ഇനിയും അയൽക്കൂട്ടങ്ങളിൽ അംഗങ്ങൾ ആയിട്ടില്ലാത്ത നഗരദരിദ്രരുടെ വിവരങ്ങൾ ശേഖരിച്ച് അവരെ ഉൾക്കൊള്ളിച്ചുകൊണ്ട് പുതിയ അയൽക്കൂട്ടങ്ങൾ രൂപീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

പ്രസ്തുത പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതാണ്. ആയത് ഒരു മിഷൻ മോഡിൽ പ്രവർത്തിച്ച് പുതിയ അയൽക്കൂട്ടങ്ങൾ രൂപീകരിച്ച് ശാക്തീകരിച്ച് പ്രവർത്തനക്ഷമമാക്കേണ്ടതാണ്. ഈ പ്രവർത്തനങ്ങൾ നടത്തുന്നതിന് സിഡിഎസ്സുകളെ റിസോഴ്സ് ഓർഗനൈസേഷനുകളായി (ആർഒ) ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. റിസോഴ്സ് ഓർഗനൈസേഷനുമായി സഹകരിച്ച് പുതിയ അയൽക്കൂട്ടങ്ങൾ പരമാവധി ഈ വർഷം രൂപീകരിക്കാൻ വേണ്ട നടപടികൾ നഗരസഭാതലത്തിൽ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## <u>സമയക്രമം</u>

| ക്രമ നം. | പ്രവർത്തനങ്ങൾ | സമയക്രമം | ചുമതല |
|---|---|---|---|
| 1. | സ്പർശം ക്യാമ്പയിൻ മുഖേന കണ്ടെത്തിയ ഇനിയും അയൽക്കൂട്ടങ്ങളിൽ അംഗങ്ങളാകാനുള്ളവരുടെ പട്ടിക എഡിഎസ് തലത്തിൽ ക്രോഡീകരിച്ച് പ്രാഥമിക യോഗങ്ങൾ സംഘടിപ്പിക്കൽ | 30 ജൂലൈ 2018 | സി.എം.എം ആർ.ഒ. |
| 2. | സ്പർശം മുഖേന കണ്ടെത്തിയ ഗുണഭോക്താക്കളിൽ അയൽക്കൂട്ട അംഗമാകാൻ തയ്യാറുള്ളവരുടെ പട്ടിക തയ്യാറാക്കി സിഡിഎസിന് സമർപ്പിക്കൽ | 30 ജൂലൈ 2018 | സി.എം.എം ആർ.ഒ. |
| 3. | എഡിഎസ് തലത്തിൽ അയൽക്കൂട്ടങ്ങൾ രൂപീകരിക്കാൻ സാധ്യതയുള്ള പ്രദേശങ്ങൾ കണ്ടെത്തൽ | 30 ജൂലൈ 2018 | സി.എം.എം ആർ.ഒ. |

| | | | |
|---|---|---|---|
| 4. | പുതിയ അയൽക്കൂട്ടങ്ങളുടെ പ്രാഥമിക യോഗം, തിരഞ്ഞെടുപ്പ്, അക്കൗണ്ട് ആരംഭിക്കൽ, അഫിലിയേഷൻ മുതലായവ സംഘടിപ്പിക്കുക | ജുലൈ മുതൽ ഡിസംബർ 2018 വരെ | സി.എം.എം ആർ.ഒ. |
| 5. | അക്കൗണ്ട് ഇല്ലാത്ത അയൽക്കൂട്ട അംഗങ്ങൾക്ക് അക്കൗണ്ട് എടുത്തു നൽകുക | ഡിസംബർ 2018 വരെ | ആർ.ഒ. |
| 6. | മൊഡ്യൂൾ 1 പ്രകാരം ട്രെയിനിങ് നൽകുക | സെപ്റ്റംബർ മുതൽ ഡിസംബർ 2018 വരെ | ആർ.ഒ. |
| 7. | മൊഡ്യൂൾ 2 പ്രകാരം ട്രെയിനിങ് നൽകുക | സെപ്റ്റംബർ മുതൽ മാർച്ച് 2019 വരെ | ആർ.ഒ. |
| 8. | ആർ.ഒ. പ്രധിനിധി എല്ലാ മാസവും അയൽക്കൂട്ട യോഗത്തിൽ സംബന്ധിച്ച വേണ്ട സഹായങ്ങൾ നൽകുക. | എല്ലാ മാസവും | ആർ.ഒ. |
| 9. | അർഹരായ പുതുതായി രൂപീകരിച്ച എല്ലാ അയൽക്കൂട്ടങ്ങളുടേയും ഗ്രേഡിംഗ് നടത്തുക | ഫെബ്രുവരി 2019 | ആർ.ഒ. |
| 10. | ലിങ്കജ് ലോൺ എടുക്കാൻ വേണ്ട സഹായങ്ങൾ ചെയ്യുക | ഫെബ്രുവരി & മാർച്ച് 2019 | സി.എം.എം ആർ.ഒ. |

മുകളിൽ പറഞ്ഞിരിക്കുന്ന സമയക്രമം പാലിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ തങ്ങളുടെ നഗരങ്ങളിലെ മുഴുവൻ അയൽക്കൂട്ടങ്ങളെയും പ്രവർത്തനക്ഷമമാക്കേണ്ടതാണ്. ആയതിന് നഗരസഭാ നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതാണ്. നഗരസഭകളിൽ നിയമിതരായിട്ടുള്ള സി.എം.എം./എം.റ്റി.പി./സി.ഒ. എന്നിവരുടെ സേവനം ഇതിന് ഉപയോഗിക്കേണ്ടതാണ്. കുടുംബശ്രീ സിഡിഎസ്/എഡിഎസ്/അയൽക്കൂട്ട സംവിധാനത്തിന്റെ സേവനവും ആവശ്യമെങ്കിൽ പൂർണ്ണമായും ഉപയോഗപ്പെടുത്താവുന്നതാണ്.

വിശ്വസ്തതയോടെ,<br>
**(ഒപ്പ്)**<br>
**ഡയറക്ടർ (എ&എഫ്)**<br>
**കുടുംബശ്രീ**

**പകർപ്പ്**

1. എല്ലാ ജില്ലാമിഷൻ കോ-ഓർഡിനേറ്റർമാർക്കും
2. സിറ്റി പ്രോജക്ട് ഓഫീസർമാർക്കും
3. എല്ലാ സിറ്റിമിഷൻ മാനേജർമാർക്കും
4. സിഡിഎസ് ചെയർപേഴ്സൺമാർക്കും (ഡിഎംസി മുഖാന്തിരം)
5. എല്ലാ മെമ്പർ സെക്രട്ടറിമാർക്കും

1946/P/2016/KSHO

# സർക്കുലർ

**വിഷയം:കുടുംബശ്രീ സ്പർശം ക്യാമ്പെയ്നിൽ കണ്ടെത്തിയ നഗര ദരിദ്രർക്ക് നൈപുണ്യ പരിശീലനവും അനുബന്ധ സേവനങ്ങളും നൽകുന്നത് സംബന്ധിച്ച്**

**സൂചന: എൻ.യു.എൽ.എം. പ്രവർത്തന മാർഗ്ഗരേഖ**

നഗരങ്ങളിലെ ദരിദ്രരായ തൊഴിൽ രഹിതർക്ക് നൈപുണ്യപരിശീലനം നൽകി, വേതനാടിസ്ഥാനത്തിലുള്ള തൊഴിൽ നേടുന്നതിനോ സ്വയംതൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനോ പ്രാപ്തരാക്കുക എന്നുള്ളതാണ് ദേശീയ നഗരഉപജീവന മിഷനു കീഴിലുള്ള എംപ്ലോയ്മെന്റ് ത്രൂ സ്കിൽ ട്രെയിനിംഗ് ആന്റ് പ്ലേസ്മെന്റ് (EST&P) എന്ന ഘടകം കൊണ്ടുദ്ദേശിക്കുന്നത്. ഏറ്റവും അർഹരും യഥാർത്ഥ ആവശ്യക്കാരുമായ ഗുണഭോക്താക്കളിലേയ്ക്ക് എത്തിച്ചേരുക എന്നതാണ് കാര്യക്ഷമമായ പദ്ധതി നിർവ്വഹണത്തിന്റെ ആദ്യപടി.

ഇതിനായി സ്പർശം ക്യാമ്പയിനിന്റെ ഭാഗമായി എല്ലാ നഗരപ്രദേശങ്ങളിലുമുള്ള കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ പരിധിയിലുള്ള നഗരദരിദ്രരായ തൊഴിൽ രഹിതരുടെ സ്ഥിതിവിവരകണക്കുകൾ ശേഖരിച്ചിരുന്നു. ഇങ്ങനെ ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ അർഹരായ മുഴുവൻ ആളുകളിലേയ്ക്കും പദ്ധതിയുടെ ഗുണഫലങ്ങൾ എത്തിക്കുന്നതിനായി നഗരസഭകൾ ഒരു കർമ്മപദ്ധതി തയ്യാറാക്കി കാര്യക്ഷമമായി നടപ്പാക്കേണ്ടതാണ്. കർമ്മ പദ്ധതി തയ്യാറാക്കുമ്പോൾ താഴെപറയുന്ന പ്രവൃത്തികൾ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്.

| പ്രവൃത്തി | ഉത്തരവാദിത്തം | കാലയളവ് |
|---|---|---|
| സ്പർശം ക്യാമ്പയിനിന്റെ ഭാഗമായി കണ്ടെത്തിയ തൊഴിൽരഹിതരുടെ വയസ്സ്, വിദ്യാഭ്യാസ യോഗ്യത, കോൺട്രാക്ട് നമ്പർ, താത്പര്യം പ്രകടിപ്പിച്ച മേഖല (ലഭ്യമെങ്കിൽ) എന്നീ വിവരങ്ങൾ ഉൾപ്പെടുത്തി പട്ടിക തയ്യാറാക്കുക. (സോഫ്റ്റ് കോപ്പി) | എം.ടി.പി | ജൂലൈ 30 |
| മേൽ പട്ടിക സി.ഒ മാരുടെ സജീവ പങ്കാളിത്തത്തോടെ അവലോകനം ചെയ്ത് അപൂർണമോ ന്യൂനതയുള്ളതോ ആയ വിവരങ്ങൾ ലഭിച്ച ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കി അവരുടെ വിവരങ്ങൾ ചേർത്ത് പട്ടിക പൂർത്തിയാക്കുക. ആവശ്യമാകുന്ന പക്ഷം പുതിയ ഗുണഭോക്താക്കളെ ഉൾപ്പെടുത്തുക. | മാനേജർ, സി.ഒ എം.ടി.പി. | ഓഗസ്റ്റ് 10 |

| | | |
|---|---|---|
| കണ്ടെത്തിയ ഗുണഭോക്താക്കൾക്കായി മൊബിലൈസേഷൻ ക്യാമ്പുകളും ആവശ്യമാകുന്ന പക്ഷം ബോധവൽക്കരണവും നടത്തുക. | മാനേജർ | ഓഗസ്റ്റ് 20 |
| ബോധവൽക്കരണം നടത്തിയതിന് ശേഷം തുടരാൻ ആഗ്രഹിക്കുന്നവർക്കായി സ്ക്രീനിംഗ് , കൗൺസിലിംഗ് എന്നിവ നടത്തുക. | മാനേജർ | ഓഗസ്റ്റ് 30 |
| കൗൺസിലിംഗ് പൂർത്തിയാക്കിയവർക്ക് അവരുടെ അഭിരുചിക്കനുസരിച്ച് കോഴ്സുകൾ തിരഞ്ഞെടുത്ത് അഡ്മിഷൻ നടത്തുക. | മാനേജർ | സെപ്റ്റംബർ 30 |
| പിഎംഎവൈ ഗുണഭോക്തൃ കുടുംബങ്ങളിലെ തൊഴിൽരഹിതർക്കായി പ്രത്യേക മൊബിലൈസേഷൻ ക്യാമ്പും സ്ക്രീനിംഗും നടത്തുക | മാനേജർ | ഓഗസ്റ്റ് 15 |

മുകളിൽ സൂചിപ്പിച്ചിരിക്കുന്ന രീതിയിൽ പ്രവർത്തനം നടത്തി സ്പർശം ക്യാമ്പെയ്നിൽ കണ്ടെത്തിയ മുഴുവൻ യോഗ്യരായ / താൽപര്യമുള്ള ഗുണഭോക്താക്കൾക്ക് തൊഴിൽ പരിശീലനം നൽകി ഉചിതമായ തൊഴിൽ നൽകേണ്ടതാണ്. ആയത് സമയബന്ധിതമായി നടപ്പിലാക്കുന്നതിന് നഗരസഭകളുടെ സജീവ പിന്തുണയും പങ്കാളിത്തവും ഉറപ്പുവരുത്തേണ്ടതാണ്.

വിശ്വസ്തതയോടെ,

**ഒപ്പ്**

**ഡയറക്ടർ (എ&എഫ്)**

കുടുംബശ്രീ

# പ്രവർത്തന
# കലണ്ടർ

## അയൽക്കൂട്ടങ്ങളുടെ 100% ലിങ്കേജ്

**നഗരസഭ..........................................**

**നഗരസഭയിലെ ഗ്രേഡിംഗ് പൂർത്തിയാക്കാത്ത അയൽക്കൂട്ടങ്ങളുടെ എണ്ണം:**

**നഗരസഭയിലെ ലിങ്കേജ് വായ്പ എടുക്കാത്ത അയൽക്കൂട്ടങ്ങളുടെ എണ്ണം:**

| ഘടകം | പ്രവർത്തനങ്ങൾ | പൂർ ക്കേ |
|---|---|---|
| | വാർഡ് തലത്തിൽ ഗ്രേഡിംഗ് പൂർത്തിയാക്കാത്ത അയൽക്കൂട്ടങ്ങളുടെയും ലിങ്കേജ് വായ്പ ലഭ്യമാക്കാത്ത അയൽക്കൂട്ടങ്ങളുടെയും പട്ടിക തയ്യാറാക്കൽ | ജൂ |
| | പ്രത്യേക അയൽക്കൂട്ട യോഗം (ഗ്രേഡിംഗ് സമയമായിട്ടും അർഹതയില്ലാത്ത അയൽക്കൂട്ടങ്ങളുടെ) | ജൂൺ |
| | ഗ്രേഡിംഗ്, ലിങ്കേജ് വായ്പ ലഭ്യമാക്കുന്നതിന് അർഹതയുള്ള അയൽക്കൂട്ടങ്ങളുടെ പട്ടിക തയ്യാറാക്കൽ (ആവശ്യമായ രേഖകൾ പരിശോധിച്ച് തിട്ടപ്പെടുത്തേണ്ടതാണ്) | ജൂൺ |
| | ഗ്രേഡിംഗ് പൂർത്തിയാക്കിയിട്ടും ലിങ്കേജ് വായ്പ ലഭ്യമാക്കാത്ത അയൽക്കൂട്ടങ്ങളുടെ | ജൂ |
| | ഗ്രേഡിംഗ്/ലിങ്കേജ് വായ്പ ലഭ്യമാക്കുന്നതിനുള്ള തുടർ നടപടി സ്വീകരിക്കൽ | ജൂൺ ജൂ |
| | • അപേക്ഷ സ്വീകരിക്കൽ | |
| | • ബാങ്കിന് അപേക്ഷ സിഡിഎസ് ശുപാർശയോടെ നൽകൽ | |
| | • മൈക്രോ പ്ലാൻ തയ്യാറാക്കൽ | |
| **അയൽക്കൂട്ടങ്ങളുടെ 100% ലിങ്കേജ്** | • മോണിറ്ററിംഗ് | |

| ത്തീകരി തീയതി | സമയക്രമം (ഗ്രേഡിംഗ്/ലിങ്കേജ് ലഭ്യമാകാത്ത അയൽക്കൂട്ടങ്ങൾക്ക് ഗ്രേഡിംഗ് / ലിങ്കേജ് വായ്പ ലഭ്യമാക്കി 100% ലിങ്കേജ് പൂർത്തീകരിക്കുന്ന സമയം) | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | ജൂൺ | ജൂലൈ | ആഗസ്റ്റ് | സെപ്തം | ഒക്ടോ | നവം | ഡിസം | ജനു | ഫെബ്രു |
| ൺ 15 | | | | | | | | | |
| ൽ 15 – 19 | | | | | | | | | |
| ൽ 15 – 19 | | | | | | | | | |
| ൺ 15 | | | | | | | | | |
| 20 മുതൽ ലൈ 10 | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |

## സെൽഫ് എംപ്ലോയ്മെന്റ് പ്രോഗ്രാം

നഗരസഭ..........................................

നഗരസഭയിലെ സംരംഭം ആരംഭിക്കാൻ താൽപ്പര്യം പ്രകടിപ്പിച്ച വ്യക്തികളുടെ എണ്ണം

നഗരസഭയിൽ സംരംഭം ആരംഭിച്ചവരുടെ എണ്ണം (2019 ഫെബ്രുവരി 28 നകം)

| ഘടകം | പ്രവർത്തനങ്ങൾ | പൂർത്തീകരിക്കേ തീയതി | സമയക്രമം (നഗരസഭയിലെ സംരംഭം ആരംഭിക്കാൻ താൽപ്പര്യം പ്രകടിപ്പിച്ച മുഴുവൻ വ്യക്തികളെയും സംരംഭത്തിലേയ്ക്കെത്തിച്ച സമയം) | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | ജൂൺ | ജൂലൈ | ആഗസ്റ്റ് | സെപ്തം | ഒക്ടോ | നവം | ഡിസം | ജനു | ഫെബ്രു |
| സെൽഫ് എംപ്ലോയ്മെന്റ് പ്രോഗ്രാം | വാർഡ് തലത്തിൽ സംരംഭം ആരംഭിക്കാൻ താല്പര്യമുള്ള വ്യക്തികളുടെ പട്ടിക തയ്യാറാക്കൽ | 8/6/2018 | | | | | | | | | |
| | വാർഡുതലത്തിൽ യോഗം | 20/06/18 | | | | | | | | | |
| | സി.ഡി.എസ് തലത്തിൽ പൊതു അവബോധ പരിപാടി | 30/06/18 | | | | | | | | | |
| | ഇ.ഡി.പി പരിശീലനം സംഘടിപ്പിക്കൽ | 30/07/18 | | | | | | | | | |
| | പ്രോജക്ട് ക്ലിനിക്ക് സംഘടിപ്പിക്കൽ | 15/08/18 | | | | | | | | | |
| | ടാക്സ് ഫോഴ്സ് കമ്മിറ്റി യോഗം | 30/08/18 | | | | | | | | | |
| | ഫോളോ അപ് | 15/09/18 | | | | | | | | | |

## അയൽക്കൂട്ടങ്ങളുടെ പുനരുജ്ജീവനം

നഗരസഭ...........................................

നഗരസഭയിലെ പ്രവർത്തന രഹിതമായ അയൽക്കൂട്ടങ്ങളുടെ എണ്ണം

നഗരസഭയിലെ പ്രവർത്തന ക്ഷമമാക്കിയ അയൽക്കൂട്ടങ്ങളുടെ എണ്ണം (2019 ഫെബ്രുവരി 28 നകം)

| ഘടകം | പ്രവർത്തനങ്ങൾ | പൂർത്തീകരിക്കേ തീയതി | സമയക്രമം (നഗരസഭയിലെ സംരംഭം ആരംഭിക്കാൻ താൽപ്പര്യം പ്രകടിപ്പിച്ച മുഴുവൻ വ്യക്തികളെയും സംരംഭത്തിലേയ്ക്കെത്തിച്ച സമയം) | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | ജൂൺ | ജൂലൈ | ആഗസ്റ്റ് | സെപ്തം | ഒക്ടോ | നവം | ഡിസം | ജനു | ഫെബ്രു |
| | പ്രവർത്തനരഹിതമായ അയൽക്കൂട്ടങ്ങളെയും, സ്ഥിരമായി മീറ്റിംഗ് കൂടാത്ത അയൽക്കൂട്ടങ്ങളെയും വേർതിരിച്ചു സ്പർശം കാമ്പയിൻ വഴി ശേഖരിച്ച വിവരങ്ങൾ ശരിയാണ് എന്നുറപ്പുവരുത്തുക (എഡിഎസ് തലത്തിൽ) | 18 ജൂൺ 2018 | | | | | | | | | |
| | എഡിഎസ് യോഗം കൂടി അയൽക്കൂട്ടങ്ങൾ പ്രവർത്തന രഹിതമാകാനുള്ള കാരണങ്ങൾ കണ്ടെത്തുക | 18 ജൂൺ 2018 | | | | | | | | | |
| | ഈ അയൽകൂട്ടങ്ങളുടെ പ്രാഥമിക മീറ്റിംഗുകൾ കൂടുക അതിൽ അയൽക്കൂട്ട അംഗങ്ങളെ ഉൾപെടുത്തുക. പ്രവർത്തന രഹിതമായ കാരണങ്ങൾക്ക് പരിഹാരം കാണുക | 20 ജൂൺ 2018 | | | | | | | | | |

## പുതിയ അയൽക്കൂട്ടങ്ങളുടെ രൂപീകരണം

നഗരസഭ...........................................

നഗരസഭയിലെ സിഡിഎസ്സുകളിലെ കുടുംബശ്രീ അയൽക്കൂട്ടങ്ങളിൽ ഉൾപ്പെടാത്ത ബി.പി.എൽ. കുടുംബങ്ങളുടെ എണ്ണം

ബി.പി.എൽ. കുടുംബങ്ങളെ ഉൾപ്പെടുത്തി പുതുതായി രുപീകരിച്ച അയൽക്കൂട്ടങ്ങളുടെ എണ്ണം (2019 ഫെബ്രുവരി 28 നകം)

| | ഘടകം | പ്രവർത്തനങ്ങൾ | പൂർത്തീകരിക്കേ തീയതി | സമയക്രമം (നഗരസഭയിലെ സംരംഭം ആരംഭിക്കാൻ താൽപ്പര്യം പ്രകടിപ്പിച്ച മുഴുവൻ വ്യക്തികളെയും സംരംഭത്തിലേയ്ക്കെത്തിച്ച സമയം) | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | ജൂൺ | ജൂലൈ | ആഗസ്റ്റ് | സെപ്തം | ഒക്ടോ | നവം | ഡിസം | ജനു | ഫെബ്രു |
| 1 | | സ്പർശം ക്യാമ്പയിൻ മുഖേന കണ്ടെത്തിയ ഇനിയും അയൽക്കൂട്ടങ്ങളിൽ അംഗങ്ങളാകാനുള്ളവരുടെ പട്ടിക എഡിഎസ് തലത്തിൽ ക്രോഡീകരിച്ച് പ്രാഥമിക യോഗങ്ങൾ സംഘടിപ്പിക്കൽ | 30 ജൂലൈ 2018 | | | | | | | | | |
| 2 | | സ്പർശം മുഖേന കണ്ടെത്തിയ ഗുണഭോക്താക്കളിൽ അയൽക്കൂട്ട അംഗമാകാൻ തയ്യാറുള്ളവരുടെ പട്ടിക തയ്യാറാക്കി സിഡിഎസിന് സമർപ്പിക്കൽ | 30 ജൂലൈ 2018 | | | | | | | | | |

# നഗര ദരിദ്രർക്ക് നൈപുണ്യ പരിശീലനവും അനുബന്ധ സേവനങ്ങളും

**നഗരസഭ...........................................**

**നഗരസഭയിൽ വൈദഗ്ദ്ധ്യ പരിശീലനം പൂർത്തിയാക്കി വേതനാധിഷ്ഠിത തൊഴിൽ ആരംഭിക്കാൻ താൽപ്പര്യം പ്രകടിപ്പിച്ചവരുടെ എണ്ണം :**

**നഗരസഭയിൽ വൈദഗ്ദ്ധ്യ പരിശീലനം പൂർത്തിയാക്കി വേതനാധിഷ്ഠിത തൊഴിൽ ലഭ്യമാക്കിയ വ്യക്തികളുടെ എണ്ണം:**

| | ഘടകം | പ്രവർത്തനങ്ങൾ | പൂർത്തീകരിക്കേ തീയതി | സമയക്രമം (നഗരസഭയിലെ സംരംഭം ആരംഭിക്കാൻ താൽപ്പര്യം പ്രകടിപ്പിച്ച മുഴുവൻ വ്യക്തികളെയും സംരംഭത്തിലേയ്ക്കെത്തിച്ച സമയം) | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | ജൂൺ | ജൂലൈ | ആഗസ്റ്റ് | സെപ്തം | ഒക്ടോ | നവം | ഡിസം | ജനുവ | ഫ്രെബ്രു |
| 1 | | സി.ഒ മാരുടെ സജീവ പങ്കാളിത്തത്തോടെ അവലോകനം ചെയ്ത് അപൂർണമോ ന്യൂനതയുള്ളതോ ആയ വിവരങ്ങൾ ലഭിച്ച ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കി അവരുടെ വിവരങ്ങൾ ചേർത്ത് പട്ടിക പൂർത്തിയാക്കുക. ആവശ്യമാകുന്ന പക്ഷം പുതിയ ഗുണഭോക്താക്കളെ ഉൾപ്പെടുത്തുക. | ഓഗസ്റ്റ് 10 | | | | | | | | | |
| 2 | | കണ്ടെത്തിയ ഗുണഭോക്താക്കൾക്കായി മൊബിലൈസേഷൻ ക്യാമ്പുകളും ആവശ്യമാകുന്ന പക്ഷം ബോധവൽക്കരണവും നടത്തുക. | ഓഗസ്റ്റ് 20 | | | | | | | | | |
| 3 | | ബോധവൽക്കരണം നടത്തിയതിന് ശേഷം തുടരാൻ ആഗ്രഹിക്കുന്നവർക്കായി സ്ക്രീനിംഗ് , കൗൺസിലിംഗ് എന്നിവ നടത്തുക. | ഓഗസ്റ്റ് 30 | | | | | | | | | |

**കുടുംബശ്രീ സംസ്ഥാന ദാരിദ്ര്യ നിർമാർജ്ജന മിഷൻ**
**നഗരസഭ പ്രവർത്തന റിവ്യൂ ഫോർമാറ്റ് - ഏറ്റവും മികച്ച നഗരസഭകളെ**
**തെരഞ്ഞെടുക്കുന്നതിനുള്ള മാതൃകാ ഫോറം**

**................................ നഗരസഭ ........................................ ജില്ല**

## PART A

**നഗരസഭ/എൻ.യു.എൽ.എം. പദ്ധതികൾ**

| 1.സംയോജന പദ്ധതികൾ | | |
|---|---|---|
| a) | നഗരസഭയുടെ പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി അടിസ്ഥാന സൗകര്യ വികസനത്തിന് 2018-19 സാമ്പത്തിക വർഷത്തിൽ കുടുംബശ്രീ ഗുണഭോക്താക്കൾക്കായി വകയിരുത്തിയിട്ടുള്ള പ്രോജക്ടുകൾ? (ലിസ്റ്റ് അനുബന്ധമായി ചേർക്കുക) | |
| | പദ്ധതികളുടെ എണ്ണം | |
| | വകയിരുത്തിയ തുക | |
| b) | 2018-19 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയ പ്രോജക്ടുകളിൽ നാളിതുവരെ വരെ കുടുംബശ്രീ ഗുണഭോക്താക്കൾക്കായി നടപ്പിലാക്കിയ പദ്ധതികൾ? (ലിസ്റ്റ് അനുബന്ധമായി ചേർക്കുക) | |
| | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | |
| | ചിലവഴിച്ച തുക | |
| | എത്ര ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ പ്രയോജനം ലഭ്യമായി | |
| c) | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 2018-19 സാമ്പത്തിക വർഷം ലഭ്യമാക്കിയ ആകെ തൊഴിൽ ദിനങ്ങൾ? | |
| | ലഭ്യമാക്കിയ ആകെ തൊഴിൽ ദിനങ്ങളുടെ എണ്ണം? | |
| | ചിലവഴിച്ച തുക | |
| | എത്ര ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ പ്രയോജനം ലഭ്യമായി | |
| d) | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബശ്രീ വനിതകൾ/കുടുംബാംഗങ്ങൾക്ക് ലഭ്യമാക്കിയ ആകെ തൊഴിൽ ദിനങ്ങൾ? | |
| | ലഭ്യമാക്കിയ ആകെ തൊഴിൽ ദിനങ്ങളുടെ എണ്ണം | |
| | ചിലവഴിച്ച തുക | |
| | എത്ര കുടുംബശ്രീ വനിതകൾ/കുടുംബാംഗങ്ങൾക്ക് പദ്ധതിയുടെ പ്രയോജനം ലഭ്യമായി | |
| | മൊത്തം ചെലവഴിച്ചതിൽ എത്ര ശതമാനം തുകയാണ് കുടുംബശ്രീ കുടുംബാംഗങ്ങൾക്കായി ലഭ്യമാക്കിയത് | |

| | | |
|---|---|---|
| e) | വനിതാ ഘടക പദ്ധതി, നഗരസഭയുടെ തനത് പദ്ധതികൾ എന്നിവയിലുൾപ്പെടുത്തി 2018-19 ൽ കുടുംബശ്രീ ഗുണഭോക്താക്കൾക്ക് നടപ്പിലാക്കിയ പ്രോജക്ടുകൾ? (ലിസ്റ്റ് അനുബന്ധമായി ചേർക്കുക) | |
| | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | |
| | ചിലവഴിച്ച തുക | |
| | ഗുണഭോക്താക്കളുടെ എണ്ണം | |

| 2.സംഘടന | | |
|---|---|---|
| a) | 2018-19 സാമ്പത്തിക വർഷം നഗരസഭയിൽ ചേർന്ന കുടുംബശ്രീ വിലയിരുത്തൽ സമിതികളുടെ എണ്ണം? | |
| b) | 2018-19 ൽ കുടുംബശ്രീ എഡിഎസ് മോണിറ്ററിംഗ് & അഡ്വൈസറി കമ്മിറ്റി എത്ര തവണ കൂടിയിട്ടു്? | |
| c) | 2018 മാർച്ച് 31 വരെ നഗരസഭയിലെ ആകെ കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ എണ്ണം ? | |
| d) | 2018 മാർച്ച് 31 വരെ നഗരസഭയിലെ ആകെ കുടുംബശ്രീ അയൽക്കൂട്ട അംഗങ്ങളുടെ എണ്ണം ? | |
| e) | 2018 മാർച്ച്-31 വരെ നഗരസഭയിൽ പ്രവർത്തിക്കുന്ന ആകെ കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ എണ്ണം ? | |
| f) | 2018 മാർച്ച്-31 വരെ നഗരസഭയിലെ ആകെ അയൽക്കൂട്ട അംഗങ്ങൾ? (പ്രവർത്തിക്കുന്ന അയൽക്കൂട്ടങ്ങളിലെ) | |
| g) | 2018 മാർച്ച്-31 പ്രകാരം നഗരസഭയിലെ ആകെ ബി.പി.എൽ. കുടുംബങ്ങളുടെ എണ്ണം? | |
| h) | നഗരസഭയിലെ ആകെ ബി.പി.എൽ. കുടുംബങ്ങളിൽ കുടുംബശ്രീ അയൽക്കൂട്ടത്തിൽ അംഗത്വമുള്ള കുടുംബങ്ങളുടെ എണ്ണം? | |
| i) | കുടുംബശ്രീ അയൽക്കൂട്ടത്തിൽ ഉൾപ്പെടാത്ത ബി.പി.എൽ. കുടുംബങ്ങളുടെ എണ്ണം? | |
| j) | 2018-19 ൽ എത്ര ബി.പി.എൽ. കുടുംബങ്ങളെ കുടുംബശ്രീ അയൽക്കൂട്ട സംവിധാനത്തിൽ ഉൾപ്പെടുത്തി? | |
| k) | 2018 മാർച്ച്-31 വരെ നഗരസഭയിൽ പ്രവർത്തിക്കാത്ത എത്ര അയൽക്കൂട്ടങ്ങൾ ഉായിരുന്നു ? | |
| l) | 2018-19 ൽ ഇത്തരം പ്രവർത്തിക്കാത്ത എത്ര അയൽക്കൂട്ടങ്ങളെ പ്രവർത്തന സജ്ജമാക്കി ? | |
| m) | 2018-19 ൽ പുതിയതായി രൂപീകരിച്ച അയൽക്കൂട്ടങ്ങളുടെ എണ്ണം | |
| n) | 2018-19 ൽ പുതിയതായി കുടുംബശ്രീ അയൽക്കൂട്ടങ്ങളിൽ അംഗമായവരുടെ എണ്ണം | |

| | | |
|---|---|---|
| o) | 2018 മാർച്ച്-31 വരെ സി.ഡി.എസ്സിലെ  ആകെ പ്രത്യേക അയൽക്കൂട്ടങ്ങളുടെ എണ്ണം ? | |
| | വയോജന അയൽക്കൂട്ടങ്ങൾ | |
| | അംഗങ്ങൾ | |
| | പി.ഡബ്ല്യൂ.ഡി. അയൽക്കൂട്ടങ്ങൾ | |
| | അംഗങ്ങൾ | |
| | ട്രാൻസ് ജൻഡർ അയൽക്കൂട്ടങ്ങൾ | |
| | അംഗങ്ങൾ | |
| p) | 2018-19 ൽ പുതിയതായി രൂപീകരിച്ച പ്രത്യേക അയൽക്കൂട്ടങ്ങളുടെ എണ്ണം ? | |
| | വയോജന അയൽക്കൂട്ടങ്ങൾ | |
| | അംഗങ്ങൾ | |
| | പി.ഡബ്ല്യൂ.ഡി. അയൽക്കൂട്ടങ്ങൾ | |
| | അംഗങ്ങൾ | |
| | ട്രാൻസ് ജൻഡർ അയൽക്കൂട്ടങ്ങൾ | |
| | അംഗങ്ങൾ | |

| | | |
|---|---|---|
| 3. | ബാങ്ക് ലിങ്കേജ് വായ്പ | |
| a) | 2018 മാർച്ച്-31 പ്രകാരം നഗരസഭയിൽ ആദ്യ ഗ്രേഡിംഗ് പൂർത്തിയാക്കാത്ത ആകെ അയൽക്കൂട്ടങ്ങളുടെ എണ്ണം? | |
| b) | ഇവയിൽ 2019 മാർച്ച് 31 പ്രകാരം നഗരസഭയിൽ ആദ്യ ഗ്രേഡിംഗ് പൂർത്തിയാക്കിയ അയൽക്കൂട്ടങ്ങളുടെ എണ്ണം? | |
| c) | 2018 മാർച്ച്-31 പ്രകാരം നഗരസഭയിൽ ആദ്യ ലിങ്കേജ് വായ്പ എടുക്കാത്ത അയൽക്കൂട്ടങ്ങളുടെ എണ്ണം? | |
| d) | 2018 മാർച്ച്-31 വരെ ലൈവ് ലിങ്കേജ് വായ്പയുള്ള അയൽക്കൂട്ടങ്ങൾ ? | |
| e) | 2018-19 ൽ ബാങ്ക് ലിങ്കേജ് വായ്പ ആവശ്യമുള്ള അയൽക്കൂട്ടങ്ങളുടെ എണ്ണം ? | |
| f) | 2018-2019 ൽ ബാങ്ക് ലിങ്കേജ് വായ്പക്കായി ഗ്രേഡിംഗ് പൂർത്തീകരിച്ച അയൽക്കൂട്ടങ്ങൾ ? | |
| g) | 2018-2019 ൽ ബാങ്ക് ലിങ്കേജ് വായ്പ നേടിയ അയൽക്കൂട്ടങ്ങൾ ? | |
| h) | നഗരസഭയിലെ ആകെ അയൽക്കൂട്ടങ്ങളിൽ ലിങ്കേജ് വായ്പ ആവശ്യമില്ലാത്ത അയൽക്കൂട്ടങ്ങളുടെ എണ്ണം ? | |

| 4.നഗരഉപജീവന മിഷൻ (സ്വയംതൊഴിൽ പദ്ധതി) | | |
|---|---|---|
| a) | 2018-19 വർഷത്തെ എൻ.യു.എൽ.എം. സ്വയംതൊഴിൽ പദ്ധതി പ്രകാരം നഗരസഭയുടെ ടാർഗറ്റ് | |
| | വ്യക്തിഗതം | |
| | ഗ്രൂപ്പ് | |
| b) | 2018-19 വർഷത്തിൽ സ്വയംതൊഴിൽ പദ്ധതി പ്രകാരം ആരംഭിച്ച സംരംഭങ്ങളുടെ എണ്ണം | |
| | വ്യക്തിഗതം | |
| | ഗ്രൂപ്പ് | |
| c) | 2018-19 ൽ സ്വയംതൊഴിൽ സംരംഭ വായ്പകൾ ശുപാർശ ചെയ്യുന്നതിന് കൂടിയ ടാസ്ക് ഫോഴ്സ് കമ്മിറ്റി യോഗങ്ങൾ സംബന്ധിച്ച് | |
| | കമ്മിറ്റി യോഗങ്ങളുടെ എണ്ണം | |
| | ശുപാർശ ചെയ്ത അപേക്ഷകളുടെ എണ്ണം | |
| d) | അപേക്ഷകൾ തീർപ്പാക്കുന്നതിന് നഗരസഭ അധ്യക്ഷന്റെ നേതൃത്വത്തിൽ ബാങ്കുകളുടെ യോഗം വിളിച്ചു ചേർത്തിട്ടുണ്ടോ ? | |
| | ഉണ്ട്/ഇല്ല | |
| | എത്ര തവണ | |
| | പരിശോധിച്ച അപേക്ഷകളുടെ എണ്ണം | |
| e) | നഗരസഭയുടെ അധീനതയിലുള്ള കെട്ടിടങ്ങൾ/സ്ഥലം എന്നിവ കുടുംബശ്രീ ഗുണഭോക്താക്കൾക്ക് സംരംഭത്തിനോ/ഇതര ആവശ്യങ്ങൾക്കോ ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ഇതു സംബന്ധിച്ച വിവരം | |
| | എന്തു സംവിധാനമാണ് ലഭ്യമാക്കിയിട്ടുള്ളത്? എത്ര സംരംഭങ്ങൾക്ക് | |
| | കെട്ടിടം | |
| | വാഹനം | |
| | സ്ഥലം | |
| f) | സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നഗരസഭ സംരംഭങ്ങളുടെ വരുമാന വർദ്ധനവിനായി ലഭ്യമാക്കിയ വർക്ക് ഓർഡറുകൾ (പട്ടിക അനുബന്ധമായി ചേർക്കുക) | |
| | സംരംഭം | |
| | ലഭ്യമാക്കിയ വർക്ക് ഓർഡറുകളുടെ എണ്ണം | |
| | തുക | |

| | | |
|---|---|---|
| g) | നിലവിൽ (2018 മാർച്ച് 31 വരെ) നഗരസഭയിൽ ഉള്ള ആകെ സംരംഭങ്ങളുടെ എണ്ണം | |
| h) | നിലവിൽ (2018 മാർച്ച് 31 വരെ) പ്രവർത്തനക്ഷമമല്ലാത്തതോ നഷ്ടത്തിലോ ആയി പ്രവർത്തിക്കുന്ന സംരംഭങ്ങളുടെ വിവരങ്ങൾ (സംരംഭങ്ങളുടെ പട്ടിക അനുബന്ധമായി ചേർക്കുക) | |
| | എണ്ണം | |
| | നിലവിലെ വരുമാനം | |
| i) | പ്രവർത്തനക്ഷമമല്ലാത്തതോ നഷ്ടത്തിലോ ആയി പ്രവർത്തിക്കുന്ന സംരംഭങ്ങളെ മെച്ചപ്പെടുത്തുന്നതിന് നഗരസഭ ലഭ്യമാക്കിയ സേവനം/എത്ര സംരംഭങ്ങൾക്ക്? | |
| | സാമ്പത്തിക സഹായം | |
| | അടിസ്ഥാന സൗകര്യം | |
| | വിപണന സഹായം | |
| | പരിശീലനം | |
| j) | ഇവയുടെ നിലവിലെ വാർഷിക വരുമാനം (2018-19) എത്രയെന്ന് അനുബന്ധമായി ചേർക്കുക | |
| k) | നഗരസഭയിൽ ആരംഭിച്ച നൂതന പദ്ധതികൾ (എണ്ണം) | |
| | ഹെൽത്ത് ക്ലബ്ബ്/യോഗ പാർലർ | |
| | ഡേ കെയർ | |
| | പിങ്ക് ടാക്സി | |
| | ആർ.ഒ. പ്ലാന്റ് | |
| | ഹൗസ് കീപ്പിംഗ് | |
| | അർബൻ സർവ്വീസ് ടീം | |
| | ലാൺഡ്രി/ഡ്രൈ ക്ലീനിംഗ് | |
| | സുംബ ഡാൻസ് | |
| | ടേക്ക് എവേ കൗണ്ടർ | |
| | പെയിന്റിംഗ് ടീം | |
| | കെട്ടിട നിർമ്മാണ യൂണിറ്റ് | |
| | കട്ട നിർമ്മാണം (ഹോളോ ബ്രിക്സ്, സിമന്റ് ബ്രിക്സ് തുടങ്ങിയവ) | |
| | സാന്ത്വനം | |
| | ജീറിയാട്രിക് കെയർ (വയോജന പരിപാലനം) | |
| | ഹരിത കർമ്മസേന | |
| | നാനോ മാർക്കറ്റ് | |

| | | |
|---|---|---|
| l) | സ്പർശം ക്യാമ്പെയിൻ പ്രകാരം സംരംഭം ആരംഭിക്കാൻ താൽപ്പര്യപ്പെടുന്നവരുടെ എണ്ണം | |
| m) | 2018-19 ൽ സംരംഭം ആരംഭിക്കാൻ താൽപ്പര്യപ്പെട്ടവരെ ഉൾപ്പെടുത്തി (സ്പർശം തീയതി പ്രകാരം) ആരംഭിച്ച സംരംഭങ്ങളുടെ എണ്ണം | |

| **5.EST&P** | | |
|---|---|---|
| a) | നഗരസഭയിലെ നൈപുണ്യ വിടവ് കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?<br>സ്വീകരിച്ച സമീപനം | |
| | ഉണ്ട്/ഇല്ല | |
| | എഫ്.ജി.ഡി. | |
| | സർവ്വേ | |
| b) | നൈപുണ്യ വിടവ് വിലയിരുത്തി<br>നൈപുണ്യ വികസനത്തിനായി നഗരസഭ ശുപാർശ ചെയ്ത കോഴ്സുകൾ<br>(പട്ടിക അനുബന്ധമായി ചേർക്കുക) | |
| | എണ്ണം | |
| | മേഖല | |
| c) | EST&P യുടെ 2018-19 ടാർഗറ്റ് | |
| d) | നഗരസഭയിൽ നിന്ന് 2018-19 വർഷം എൻ.യു.എൽ.എം. ഋടഠ&ജ പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തിയ പരിശീലനങ്ങളുടെ വിവരങ്ങൾ | |
| | പരിശീലനം ലഭ്യമാക്കിയ വ്യക്തികളുടെ എണ്ണം | |
| | തൊഴിൽ ലഭ്യമാക്കിയ വ്യക്തികളുടെ എണ്ണം | |
| e) | നൈപുണ്യ വികസന പരിശീലനം പൂർത്തിയാക്കി സ്വയംതൊഴിൽ ആരംഭിച്ച വ്യക്തികളുടെ എണ്ണം | |
| f) | നഗരസഭയിലെ ബി.പി.എൽ. കുടുംബങ്ങളിൽ നിന്ന് വേതനാധിഷ്ഠിത തൊഴിൽ മേഖലയിലേയ്ക്ക് വന്ന വ്യക്തികളുടെ എണ്ണം | |
| g) | സ്പർശം ക്യാമ്പെയിനിൽ വേതനാധിഷ്ഠിത തൊഴിൽ ആവശ്യപ്പെട്ടവരുടെ എണ്ണം | |
| h) | 2018-19 ൽ വേതനാധിഷ്ഠിത തൊഴിൽ ആവശ്യപ്പെട്ടതിൽ എത്രപേർക്ക് നൈപുണ്യ വികസന പരിശീലനം ലഭ്യമാക്കി ? | |
| i) | 2018-19 ൽ പി.എം.എ.വൈ. ഗുണഭോക്താക്കൾ/കുടുംബങ്ങളിലെ എത്രപേർക്ക് നൈപുണ്യ വികസന പരിശീലനം ലഭ്യമാക്കി? | |

| 6.മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം (എം.ഐ.എസ്) | | |
|---|---|---|
| a) | നഗരസഭയുടെ പി.എഫ്.എം.എസ്. രജിസ്ട്രേഷൻ പൂർത്തീകരിച്ചിട്ടുണ്ടോ? | |
| | ഉണ്ട്/ഇല്ല | |
| b) | സിഡിഎസ്സിന്റെ പി.എഫ്.എം.എസ്. രജിസ്ട്രേഷൻ പൂർത്തീകരിച്ചിട്ടുണ്ടോ? | |
| | ഉണ്ട്/ഇല്ല. | |

| 7.തെരുവോര കച്ചവട സംരക്ഷണ പദ്ധതി | | |
|---|---|---|
| a) | തെരുവ് കച്ചവടക്കാരുടെ സർവ്വേയിൽ കണ്ടെത്തിയവരുടെ എണ്ണം? | |
| b) | ആയതിൽ 2018 മാർച്ച് 31 മുമ്പ് നഗരസഭ എത്ര പേർക്ക് തിരിച്ചറിയൽ കാർഡ് വിതരണം ചെയ്തു? | |
| | ആയതിൽ 2018 മാർച്ച് 31 മുമ്പ് നഗരസഭ എത്ര പേർക്ക് ലൈസൻസ് നൽകി ? | |
| c) | തെരുവ് കച്ചവടക്കാർക്കായി ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചിട്ടുണ്ടോ? | |
| | ഉണ്ട്/ഇല്ല | |
| | ഉണ്ടെങ്കിൽ എത്ര എണ്ണം? | |
| | ആകെ എത്ര ഗുണഭോക്താക്ക് പരിശീലനം നടത്തി? | |
| d) | നഗര തെരുവ് കച്ചവട പ്ലാൻ (സിറ്റി സ്ട്രീറ്റ് വെന്റിംഗ് പ്ലാൻ) നഗരസഭ തയ്യാറാക്കിയിട്ടുണ്ടോ? | |
| | ഉണ്ട്/ഇല്ല | |
| e) | തെരുവ് കച്ചവട മാർക്കറ്റ് (വെൻഡർ മാർക്കറ്റ്) തയ്യാറാക്കുന്നതിലേയ്ക്ക് ഉജ്ഞ തയ്യാറാക്കിയിട്ടുണ്ടോ? | |
| | ഉണ്ട്/ഇല്ല | |
| | ഉണ്ടെങ്കിൽ എത്ര ആളുകളെ ടി പദ്ധതിയിൽ പുനരധിവസിപ്പിക്കാൻ സാധിക്കും? | |
| f) | കണ്ടെത്തിയ തെരുവ് കച്ചവടക്കാരിൽ ബാക്ക് അക്കൗണ്ട് ഇല്ലാത്തവർ എത്ര? | |
| | ഇതിൽ എത്ര ആളുകൾക്ക് പുതുതായി അക്കൗണ്ട് ആരംഭിച്ചു? | |
| g) | കണ്ടെത്തിയവരിൽ ആധാർ കാർഡ് ഇല്ലാത്തവർ എത്ര? | |
| | ആയതിൽ എത്ര ആളുകൾക്ക് പുതുതായി ആധാർ കാർഡ് വിതരണം ചെയ്തിട്ടുണ്ട്? | |
| h) | തെരുവ് കച്ചവടക്കാരുടെ ഉന്നമനത്തിനായി പ്രത്യേക പദ്ധതി ഉണ്ടാക്കിയിട്ടുണ്ടോ? ഇതിന്റെ പട്ടിക അനുബന്ധമായി ചേർക്കുക | |
| | ഉണ്ട്/ഇല്ല | |

| 8. തെരുവിൽ അന്തിയുറങ്ങുന്നവരുടെ സഹായ പദ്ധതി | | |
|---|---|---|
| a) | 2018-19 ൽ എത്ര പുതിയ അഭയ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതിയ്ക്ക് അംഗീകാരം നേടി? | |
| | അഭയ കേന്ദ്രത്തിൽ ഉൾക്കൊള്ളാവുന്ന അന്തേവാസികളുടെ എണ്ണം? | |
| b) | നിലവിൽ നഗരസഭാ പരിധിയിൽ എത്ര സർക്കാർ/ നഗരസഭ ഉടമസ്ഥതയിലുള്ള അഭയകേന്ദ്രങ്ങളുണ്ട്? | |
| | ആയതിൽ എത്ര എണ്ണം പുനരുദ്ധാരണത്തിനുള്ള അംഗീകാരം നേടി? | |
| c) | അഭയ കേന്ദ്ര നിർമ്മാണത്തിനും പുതുക്കി പണിയുന്നതിനുമായി എത്ര ഡിപിആർ സംസ്ഥാനമിഷനിൽ അംഗീകാരത്തിനു സമർപ്പിച്ചിട്ടുണ്ട്? (അംഗീകാരം കിട്ടിയത് ഒഴികെ) | |
| d) | തെരുവിൽ അന്തിയുറങ്ങുന്നവർക്കായി കണ്ടെത്താൻ നടത്തിയ സർവ്വേയിൽ കണ്ടെത്തിയവരുടെ ആകെ എണ്ണം? | |
| e) | ആയതിൽ എത്ര ആളുകളെ പുനരധിവസിപ്പിച്ചു? | |
| f) | അംഗീകാരം ലഭിച്ച അഭയ കേന്ദ്രങ്ങൾക്കായി ഷെൽട്ടർ മാനേജ്മെന്റ് കമ്മിറ്റി രുപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ? | |
| | ഉണ്ടെങ്കിൽ നാളിതുവരെ എത്ര യോഗങ്ങൾ ചേർന്നു? | |
| g) | അഭയകേന്ദ്രങ്ങളിലെ വിവിധ അഭയകേന്ദ്രങ്ങളിലെ അന്തേവാസികളുടെ എണ്ണം. | |
| | അന്തേവാസികളിൽ ആധാർ കാർഡ്/ബാങ്ക് അക്കൗണ്ട് മുതലായവ ഇല്ലാത്തവരിൽ എത്ര ആളുകൾക്ക് ആയത് ലഭ്യമാക്കിയിട്ടുണ്ട്? | |
| h) | അഭയ കേന്ദ്രങ്ങളിലെ അന്തേവാസികളിൽ സാമുഹ്യ സുരക്ഷാ പെൻഷനുകൾക്ക് അർഹതയുള്ളവർ എത്ര? | |
| | ആയതിൽ എത്ര പേർക്ക് പെൻഷൻ ലഭ്യമാക്കിയിട്ടുണ്ട്? | |

| 9.നഗര ഉപജീവന കേന്ദ്രങ്ങൾ (സി.എൽ.സി.) | | |
|---|---|---|
| a) | 2018-19 സിഎൽസി പദ്ധതി സമർപ്പിച്ചോ? | |
| | എത്ര എണ്ണം? | |
| | എത്ര എണ്ണത്തിന് അംഗീകാരം ലഭിച്ചു? | |
| b) | പ്രവർത്തിക്കുന്ന സിഎൽസികളുടെ എണ്ണം ? | |
| c) | ഓരോ സിഎൽസിയുടെയും 2018-19 ലെ വാർഷിക വിറ്റുവരവ് എത്ര? | |
| d) | 2018-19 വർഷത്തിൽ സിഎൽസിയുടെ സേവനം ലഭ്യമായ ഗുണഭോക്താക്കളുടെ എണ്ണം? | |

# PART B
## കുടുംബശ്രീ പദ്ധതികൾ

| | | |
|---|---|---|
| **(1)സാമൂഹ്യസുരക്ഷാ പദ്ധതി** | | |
| a) | 2018–19 ൽ നഗരസഭയിലെ എത്ര അയൽക്കൂട്ട അംഗങ്ങൾ ഇൻഷുറൻസ് പദ്ധതിയിൽ അംഗങ്ങളായി ? | |
| | നഗരസഭയിലെ ആകെ അയൽക്കൂട്ട അംഗങ്ങൾ | |
| | നാളിതുവരെ ഇൻഷുറൻസ് പദ്ധതിയിൽ ചേർന്ന അംഗങ്ങൾ | |
| **(2)അഗതി രഹിത കേരളം** | | |
| a) | നഗരസഭയിലെ ആകെ അഗതി രഹിത കേരളം ഗുണഭോക്താക്കളുടെ എണ്ണം ? | |
| b) | അഗതി രഹിത കേരളം പദ്ധതിയ്ക്കായി നഗരസഭ 2018–19 സാമ്പത്തിക വർഷം വകയിരുത്തിയ തുക? | |
| c) | ആനുകൂല്യങ്ങൾ കൃത്യമായി ലഭിക്കുന്ന അഗതി രഹിത കേരളം ഗുണഭോക്താക്കളുടെ എണ്ണം ? | |
| d) | നിലവിലുള്ള ഗുണഭോക്താക്കളിൽ അഗതി രഹിത കേരളം പദ്ധതിയുടെ ആനുകൂല്യം തുടർന്ന് ആവശ്യമില്ലാത്ത ഗുണഭോക്താക്കളുണ്ടെങ്കിൽ എണ്ണം (എത്ര പേരെ അഗതിത്വത്തിൽ നിന്നും കരകയറ്റാൻ സാധിച്ചു) ? | |
| e) | അഗതി രഹിത കേരളം കുടുംബങ്ങളിൽ 18 വയസിനു താഴെയുള്ള ആകെ കുട്ടികളുടെ എണ്ണം ? | |
| f) | അഗതി രഹിത കേരളം കുടുംബങ്ങളിലെ എത്ര കുട്ടികളെ ബാലസഭകളിൽ അംഗങ്ങളാക്കി ? | |
| g) | അഗതി രഹിത കേരളം പദ്ധതിയ്ക്കായി നഗരസഭ പാലിയേറ്റീവ് കെയർ/ രോഗിപരിചരണത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ? | |
| | പദ്ധതിയുടെ പേര് | |
| | ചിലവഴിച്ച തുക | |
| h) | 2018 മാർച്ച്–31 വരെ നഗരസഭയിൽ തൊഴിലുറപ്പ് കാർഡ് ലഭ്യമാകാത്ത എത്ര അഗതി രഹിത കേരളം ഗുണഭോക്താക്കൾ ഉണ്ടായിരുന്നു ? | |
| i) | 2018–19 സാമ്പത്തിക വർഷം അഗതി രഹിത കേരളം ഗുണഭോക്താക്കളിൽ എത്രപേർക്ക് തൊഴിലുറപ്പ് കാർഡ് നൽകാൻ സാധിച്ചു ? | |

| | | |
|---|---|---|
| **(3)ബഡ്സ് സ്കൂൾ** | | |
| a) | നഗരസഭയിൽ ബഡ്സ് സ്കൂൾ ആരംഭിച്ചിട്ടുണ്ടോ ? | |
| | ഉണ്ട്/ഇല്ല | |
| b) | ഉണ്ട് എങ്കിൽ എത്ര കുട്ടികൾ ചേർന്നിട്ടുണ്ട് ? | |
| c) | ബഡ്സ് സ്കൂളിൽ ചേരാൻ മാനസിക വെല്ലുവിളികൾ നേരിടുന്ന എത്ര കുട്ടികൾ നഗരസഭയിൽ ബാക്കിയുണ്ട് ? | |
| **(4)ബഡ്സ് സ്കൂളിലെ കുട്ടികളുടെ മാതാപിതാക്കൾക്കായുള്ള പ്രത്യേക പ്രവർത്തനങ്ങൾ** | | |
| a) | തൊഴിൽ പരിശീലനം ആവശ്യമുള്ള മാതാപിതാക്കളുടെ എണ്ണം ? | |
| b) | എത്രപേർക്ക് തൊഴിൽ പരിശീലനം നൽകാൻ സാധിച്ചു ? | |
| c) | കൗൺസിലിംഗ് ആവശ്യമുള്ളവരുടെ എണ്ണം ? | |
| d) | കൗൺസിലിംഗ് എത്രപേർക്ക് നൽകാൻ സാധിച്ചു ? | |
| e) | ബഡ്സ്/ബിആർസിയിലുള്ള കുട്ടികൾ/മാതാപിതാക്കൾ ഉണ്ടാക്കുന്ന ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് നഗരസഭ സ്വീകരിച്ചിട്ടുള്ള നടപടി? (പട്ടിക അനുബന്ധമായി ചേർക്കുക) | |
| | മാസചന്തകൾ വഴി വിപണനം | |
| | പ്രത്യേക ബ്രാൻഡിൽ വിപണനം | |
| | സ്ഥാപനങ്ങളുമായുള്ള സംയോജനം | |
| **(5)ബാലസഭ** | | |
| a) | 2018 മാർച്ച്-31 വരെ നഗരസഭയിലെ ആകെ ബാലസഭകളുടെ എണ്ണം ? | |
| b) | 2018 മാർച്ച്-31 വരെ ആകെ ബാലസഭാ അംഗങ്ങളുടെ എണ്ണം ? | |
| c) | കൃത്യമായി യോഗം ചേരുന്ന ബാലസഭകളുടെ എണ്ണം ? | |
| d) | 2018-19 സാമ്പത്തിക വർഷം പുതിയതായി ആരംഭിച്ച ബാലസഭകളുടെ എണ്ണം ? | |
| e) | 2018-19 സാമ്പത്തിക വർഷം പുതിയതായി അംഗമായ കുട്ടികളുടെ എണ്ണം ? | |
| f) | ബാലസഭ/ശിശുസൗഹൃദ പ്രവർത്തനങ്ങൾക്കായി നഗരസഭ എത്ര പദ്ധതികൾ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട് ? (പട്ടിക അനുബന്ധമായി ചേർക്കുക) | |

| | | |
|---|---|---|
| g) | പ്രവർത്തനങ്ങൾക്കായി പ്ലാനിൽ വകയിരുത്തിയിട്ടുള്ള തുക ? | |
| h) | പ്ലാനിൽ ഉൾപ്പെടുത്തിയ എത്ര പദ്ധതികൾ നടപ്പിലാക്കി ? | |
| i) | നടപ്പിലാക്കിയ പദ്ധതികൾക്കായി ചെലവഴിച്ച തുക ? | |
| **(6)ജെ.എൽ.ജി.** | | |
| a) | 2018 മാർച്ച്-31 വരെ നഗരസഭയിൽ രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന ജെ.എൽ.ജി.കളുടെ എണ്ണം ? | |
| b) | 2018 മാർച്ച്-31 വരെയുള്ള ജെ.എൽ.ജി.കളിലെ. അംഗങ്ങളുടെ എണ്ണം ? | |
| c) | നഗരസഭയിൽ 2018-2019 സാമ്പത്തിക വർഷം രൂപീകരിച്ച് രജിസ്റ്റർ ചെയ്ത ജെ.എൽ.ജി. കളുടെ എണ്ണം ? | |
| d) | 2018-2019 സാമ്പത്തിക വർഷം രൂപീകരിച്ച ജെ.എൽ.ജി.കളിലെ അംഗങ്ങളുടെ എണ്ണം ? | |
| e) | ജെ.എൽ.ജി. പ്രോത്സാഹിപ്പിക്കുന്നതിന് നഗരസഭ സ്വീകരിച്ച നടപടി | |
| 1) | വകുപ്പ്/വ്യക്തികളുടെ തരിശ് ഭൂമി കൃഷിയ്ക്കായി ലഭ്യമാക്കി | |
| | അതെ /അല്ല | |
| | ലഭ്യമാക്കിയ സ്ഥലത്തിന്റെ വിസ്തീർണ്ണം ............................ സെന്റ്/ഹെക്ടർ | |
| | എത്ര ജെ.എൽ.ജി.കൾക്ക് ഈ സ്ഥലം ലഭ്യമാക്കിയിട്ടുണ്ട്? | |
| 2) | വിത്ത്, വളം തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങൾ ലഭ്യമാക്കി | |
| | ഉണ്ട് / ഇല്ല | |
| | ലഭ്യമാക്കിയ ജെ.എൽ.ജി.കളുടെ എണ്ണം | |
| 3) | കാർഷിക ഉപകരണങ്ങൾ ലഭ്യമാക്കി | |
| | ഉണ്ട് / ഇല്ല | |
| | ലഭ്യമാക്കിയ ജെ.എൽ.ജി.കളുടെ എണ്ണം | |
| 4) | മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിന് പരിശീലനം നൽകി | |
| | ഉണ്ട് / ഇല്ല | |
| | പരിശീലനം ലഭ്യമാക്കിയ ഗ്രൂപ്പുകളുടെ എണ്ണം | |
| | പരിശീലനം ലഭ്യമാക്കിയ ഏജൻസികളുടെ പട്ടിക അനുബന്ധമായി ചേർക്കുക | |

| | | |
|---|---|---|
| i) | 2018–2019 ൽ പുതിയതായി വാഴപ്പഴം, നാളികേരം എന്നിവയിൽ എത്ര മൂല്യ വർദ്ധന ഉത്പന്നങ്ങൾ ആരംഭിച്ചു? | |
| **(7) മാർക്കറ്റിംഗ്** | | |
| **കുടുംബശ്രീ ഉല്പന്നങ്ങളുടെ വിപണനത്തിനായി നഗരസഭ ലഭ്യമാക്കുന്ന സേവനങ്ങൾ** | | |
| a) | മാസ ചന്ത/ആഴ്ച ചന്തകൾക്കുള്ള സ്ഥലം ലഭ്യമാക്കൽ | |
| b) | വിപണന കേന്ദ്രം സ്ഥാപിച്ച് നൽകിയ സ്ഥലങ്ങളുടെ എണ്ണം | |
| | എത്ര കുടുംബശ്രീ ഗ്രൂപ്പുകൾ ഇതിലൂടെ വിപണനം നടത്തുന്നുണ്ട്? | |
| c) | നാനോ മാർക്കറ്റ് സ്ഥാപിക്കൽ | |
| | എത്ര നാനോ മാർക്കറ്റ് സ്ഥാപിച്ചിട്ടുണ്ട്? | |
| | എത്ര കുടുംബശ്രീ ഗ്രൂപ്പുകൾ ഇതിലൂടെ വിപണനം നടത്തുന്നുണ്ട്? | |

# PART C
## പ്രധാനമന്ത്രി ആവാസ് യോജന (നഗരം) – ലൈഫ് പദ്ധതി

| പ്രധാനമന്ത്രി ആവാസ് യോജന (നഗരം) – ലൈഫ് പദ്ധതി | | |
|---|---|---|
| a) | താങ്കളുടെ നഗരസഭയിൽ പി.എം.എ.വൈ./ലൈഫ് സർവ്വേകളിലൂടെ/ സ്പർശം ക്യാമ്പെയിനിലൂടെ കണ്ടെത്തിയിട്ടുള്ള സ്വന്തമായി സ്ഥലമുള്ള ഭവന രഹിതരുടെ എണ്ണം | |
| b) | താങ്കളുടെ നഗരസഭയിൽ ഗുണഭോക്തൃ കേന്ദ്രാ കൃത നിർമ്മാണം ഘടകത്തിന്റെ ഡിപിആർ പ്രകാരം അംഗീകാരം ലഭിച്ചിട്ടുള്ള ഗുണഭോക്താക്കളുടെ എണ്ണം | |
| c) | അംഗീകാരം ലഭിച്ച ഡിപിആറിൽ നിന്ന് ഒഴിവാക്കിയ അനർഹരായ ഗുണഭോക്താക്കളുടെ എണ്ണം | |
| d) | നഗരസഭയുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ള ഗുണഭോ ക്താക്കളുടെ എണ്ണം | |
| e) | പൂർത്തീകരിച്ച വീടുകളുടെ എണ്ണം | |
| f) | പണി പുരോഗമിക്കുന്ന വീടുകളുടെ എണ്ണം ? | |
| g) | ജിയോ ടാഗിംഗ് ആരംഭിച്ച വീടുകളുടെ എണ്ണം ? | |
| h) | നഗരസഭയിൽ ഏകദിന കെട്ടിട നിർമ്മാണ പെർമിറ്റ് നൽകുന്നതിനായി ക്യാമ്പ് സംഘടിപ്പിച്ചിട്ടുണ്ടോ? | |
| | എങ്കിൽ എത്ര, എത്ര പേർക്ക് ഇത്തരത്തിൽ പെർമിറ്റ് നൽകി? | |
| i) | കെട്ടിട നിർമ്മാണ ലൈസൻസികളുടെ മീറ്റിംഗ് സംഘടിപ്പിച്ചിട്ടുണ്ടോ? | |
| | എങ്കിൽ എത്ര? | |
| j) | ഗുണഭോക്തൃ ക്യാമ്പെയിനുകൾ സംഘടിപ്പിച്ചി ട്ടുണ്ടോ? | |
| | എങ്കിൽ എത്ര? | |
| k) | പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ബിൽഡർമാ രുടെ യോഗം വിളിച്ചു ചേർത്തിട്ടുണ്ടോ? | |
| | എങ്കിൽ എത്ര തവണ? | |
| l) | നഗരസഭയിൽ ആരംഭിച്ച കുടുംബശ്രീ കെട്ടിട ന ിർമ്മാണ യൂണിറ്റുകളുടെ എണ്ണം | |

| | | |
|---|---|---|
| m) | കുടുംബശ്രീ കെട്ടിട നിർമ്മാണ യൂണിറ്റുകൾ മുഖേന നിർമ്മണം പൂർത്തീകരിച്ച/ആരംഭിച്ച വീടുകളുടെ എണ്ണം | |
| n) | നഗരസഭയിലെ മുഴുവൻ ഗുണഭോക്താക്കളെയും അയ്യങ്കാളി പദ്ധതിയിൽ എൻറോൾ ചെയ്തിട്ടുണ്ടോ? | |
| o) | പി.എം.എ.വൈ. വീടുകളുടെ നിർമ്മാണത്തിന് അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി പ്രകാരം ലഭ്യമാക്കിയ തൊഴിൽ ദിനങ്ങളുടെ എണ്ണം | |
| p) | നഗരസഭയിൽ കെട്ടിട നിർമ്മാണ സാമഗ്രികൾ നിർമ്മിക്കുന്ന യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ടോ? | |
| q) | പ്രീഫാബ് ഉൾപ്പടെയുള്ള നൂതന സാങ്കേതികവിദ്യ ഉപയോഗിച്ച് നിർമ്മാണം പൂർത്തീകരിച്ച/ ആരംഭിച്ച വീടുകളുടെ എണ്ണം | |
| r) | പ്രധാനമന്ത്രി ആവാസ് യോജന (നഗരം) ȇ-ലൈഫ് പദ്ധതിയുടെ ഭാഗമായി നഗരസഭയിൽ നവീന പ്രവർത്തനങ്ങൾ / സംയോജന മാതൃകകൾ നടപ്പിലാക്കിയിട്ടുണ്ടോ? | |
| | ഉണ്ടെങ്കിൽ വിശദമാക്കുക | |
| s) | പി.എം.എ.വൈ. പ്രത്യേക സഹായം നൽകിയിട്ടുണ്ടോ? | |
| | ഉണ്ടെങ്കിൽ വിശദമാക്കുക | |
| t) | ഭൂരഹിത-ഭവനരഹിതർക്ക് ഭവന സമുച്ചയം നിർമ്മിക്കുന്നതിന് സ്ഥലം കണ്ടെത്തിയിട്ടുണ്ടോ? | |
| u) | പ്രസ്തുത സ്ഥലം വിട്ടു നൽകുന്നതിന് കൗൺസിൽ അംഗീകാരം ലഭിച്ചിട്ടുണ്ടോ? | |
| v) | ഉണ്ടെങ്കിൽ ഭവനസമുച്ചയം നിർമ്മിക്കുന്നതിനായി കണ്ടെത്തിയിട്ടുള്ള സ്ഥലത്തിന്റെ വിസ്തീർണ്ണം (സെന്റിൽ) | |
| w) | ഭവനം നിർമ്മിക്കുന്നതിന്/വാങ്ങുന്നതിന് പലിശയിളവോടെ വായ്പ അനുവദിക്കുന്ന ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി ഘടകത്തിൽ ഉൾപ്പെടുത്തി അനുവദിച്ചിട്ടുള്ള വായ്പകളുടെ എണ്ണം | |
| | വായ്പ തുക | |
| | സബ്സിഡി | |
| | അപ്പോയ്ൻമെന്റ് ചെയ്ത ഫെസിലിറ്റേറ്റർമാരുടെ എണ്ണം | |

| | | |
|---|---|---|
| x) | 2018-19 കാലയളവിൽ കുടുംബശ്രീയിൽ നിന്നും ലഭിച്ചിട്ടുള്ള കേന്ദ്ര-സംസ്ഥാന വിഹിതത്തിന്റെ ഏത്ര ശതമാനം വിനിയോഗിച്ചിട്ടുണ്ട്?. | |

**(ഒപ്പ്)**
നഗരസഭാ സെക്രട്ടറി
............................................നഗരസഭ

സ്ഥലം:

തിയതി: